RNI Reg. No. KERMAL/2010/32222
Registered KL/TLY/ 01/19-21
Anl. Sub. Rs. 120


# മാനന്തവാടി

## രൂപതാ ബുള്ളററിൻ



*Vol. 12* *2021 May* *No. 05*

# ബഹു. ജോസഫ് തുരുത്തേൽ അച്ചന്
# ആദരാഞ്ജലികൾ



സേവനസന്നദ്ധവും ലളിതസുന്ദരവുമായ അജപാലന ജീവിതത്തിലൂടെ വിശ്വാസികൾക്ക് പ്രിയങ്കരനായി മാറിയ ബഹു. ജോസഫ് തുരുത്തേൽ അച്ചൻ 2021 ഏപ്രിൽ 5-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. 2012 മുതൽ ദ്വാരക വിയാനി ഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു അദ്ദേഹം.

1937 മെയ് 28 ന് കോതമംഗലം രൂപതയിലെ മൈലക്കൊമ്പ് ഇടവകയിലാണ് ബഹു. ജോസഫച്ചൻ ജനിച്ചത്. പരേതരായ ചാക്കോയും ത്രേസ്യയുമാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ. മൂന്ന് സഹോദരന്മാരും നാല് സഹോദരിമാരുമാണ് ജോസഫച്ചന് ഉള്ളത്. തൊടുപുഴ ഗവൺമെന്റ് സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം മാനന്തവാടിയിലെ ജില്ലാ ബോർഡ് സ്കൂളിൽ നിന്നും തന്റെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം തുടർന്ന് തൃശൂർ മൈനർ സെമിനാരിയിൽ വൈദികപഠനത്തിനായി പ്രവേശിക്കുകയും കാർമൽഗിരി സെമിനാരിയിൽ നിന്ന് തത്വശാസ്ത്രത്തിലും മംഗലപ്പുഴ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രത്തിലും ബിരുദങ്ങൾ നേടുകയും ചെയ്തു. 1966 മാർച്ച് 10 ന് തലശ്ശേരി അതിരൂപതയുടെ പ്രഥമാദ്ധ്യക്ഷൻ ദിവംഗതനായ അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് തലശ്ശേരി അതിരൂപതയ്ക്കു വേണ്ടി ജോസഫച്ചൻ തിരുപ്പട്ടം സ്വീകരിച്ചു.

അവിഭക്ത തലശ്ശേരി അതിരൂപതക്കുവേണ്ടിയാണ് ജോസഫച്ചൻ വൈദികപട്ടം സ്വീകരിച്ചതെങ്കിലും അച്ചന്റെ കർമ്മ മേഖല മാനന്തവാടി രൂപതയിലുള്ള വിവിധ ഇടവകകളിൽ ആയിരുന്നു. 1966-ൽ കല്ലോടിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു അച്ചന്റെ പൗരോഹിത്യ ജീവിതം ആരംഭിച്ചത്. തുടർന്ന് വഞ്ഞോട്, വെള്ളമുണ്ട, കുറുമ്പാല, പുതുശ്ശേരിക്കടവ്, കാപ്പിമല, കൽപ്ര, കുപ്പാടിത്തറ, വിളമ്പുകണ്ടം, മംഗളം, കുറ്റിയാംവയൽ, അമ്പായത്തോട്, കോട്ടത്തറ, കാവുംമന്ദം, ഒണ്ടയങ്ങാടി, മരക്കടവ്, കണിയാമ്പറ്റ, അരിഞ്ചേർമല,

കുറുമണി, കല്ലുവയൽ, കരിമ്പിൽ, എടപ്പെട്ടി, പറളിക്കുന്ന് എന്നീ ഇടവക കളിൽ അച്ചൻ തന്റെ സുദീർഘമായ അജപാലനജീവിതം ചിലവഴിച്ചു.

തന്റെ സ്വതസിദ്ധമായ പുഞ്ചിരിയിലൂടെയും ആത്മീയജീവിതത്തി ലൂടെയും അജപാലനവൈഭവത്തിലൂടെയും തന്റെ ആത്മീയ ശുശ്രൂഷകളെ ഫലസമൃദ്ധമാക്കാൻ കഴിഞ്ഞ ഇടയനായിരുന്നു ഫാ. ജോസഫ് തുരുത്തേൽ. സൗമ്യനായ ഒരു അജപാലകനെന്നതിനോടൊപ്പം തന്നെ അനേകരെ ആത്മീയ മായി വഴി നടത്തുന്നതിലും ക്രൈസ്തവ സംഗീത മേഖലയിൽ സർഗ്ഗാത്മക മായ ഇടപെടലുകൾ നടത്തികൊണ്ട് ക്രിയാത്മകമായി തന്റെ പൗരോഹിത്യ ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകുവാനും അച്ചന് സാധിച്ചു. രോഗവും തീരാവേദനയും നിരന്തരം അലട്ടുമ്പോഴും എല്ലാം തമ്പുരാന്റെ ഹിതത്തിന് വിട്ടു കൊടുത്ത് വേദനകളെ സന്തോഷപൂർവ്വം സ്വീകരിക്കാൻ അച്ചൻ വൈമനസ്യം കാണിച്ചില്ല.

2021 ഏപ്രിൽ 5-ാം തീയതി തിങ്കളാഴ്ച രണ്ട് മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ വച്ച് അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വൈദികരുടെയും സന്യസ്തരുടെയും, കുടുംബാംഗ ങ്ങളുടെയും സാന്നിദ്ധ്യത്തിൽ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം നടന്നു. തുടർന്ന് മൃതശരീരം സീയോൻ ധ്യാനകേന്ദ്രത്തിന്റെ ഹാളിലേയ്ക്ക് സംവഹിക്കപ്പെട്ടു. രണ്ട് മണി മുതൽ മൂന്ന് മണിവരെ പൊതുദർശനത്തിനുള്ള സമയമായിരുന്നു. അച്ചൻ സേവനം ചെയ്ത ഇടവകകളിൽ നിന്നുള്ള ദൈവ ജനവും സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ളവരും കോവിഡ് പ്രോട്ടോ കോൾ കൃത്യമായി പാലിച്ച് അന്തിമോപചാരം അർപ്പിക്കാൻ കടന്നുവന്നു. മൂന്ന് മണിക്ക് അഭിവന്ദ്യ മാർ ജോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി യർപ്പിച്ചു. രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കലും വിയാനി ഭവൻ ഡയറക്ടർ ഫാ. ജോസഫ് കളമ്പുകാട്ടും സഹകാർമ്മികരായിരുന്നു.

വി.കുർബാനയ്ക്ക് ശേഷം മൃതശരീരം ദ്വാരകയിലുള്ള വൈദിക സിമി ത്തേരിയിലേയ്ക്ക് സംവഹിക്കപ്പെട്ടു. കോവിഡ് പ്രോട്ടോകോൾ നില നിൽക്കുന്നതുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമായിരുന്നു സംസ്കാര ചടങ്ങുകളിൽ പങ്കെടുക്കാൻ സാധിച്ചത്. മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്തിന് മാർ ജോസ് പൊരുന്നേടം പിതാവ് നേതൃത്വം നൽകി. തുടർന്ന് തുരുത്തേലച്ചന്റെ ആഗ്രഹപ്രകാരം ദ്വാരകയിലുള്ള വൈദികരുടെ സിമിത്തേരിയിൽ അദ്ദേഹത്തെ സംസ്കരിച്ചു.

നന്മയുടെയും സേവനത്തിന്റെയും എളിമയുടെയും ദീപം അനേകർക്ക് കൈമാറി നിത്യതയിലേയ്ക്ക് യാത്രയായ തുരുത്തേലച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ മാനന്തവാടി രൂപതാ കുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 12** **മെയ് - 2021** **ലക്കം 05**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

സർക്കുലർ ........................................................ 07
മാർപാപ്പയുടെ ദൈവവിളിദിന സന്ദേശം .................. 12
മെയ്ദിന സന്ദേശം ............................................ 19
വിളിയിലും വിശ്വാസത്തിലും സ്ഥിരത ......................... 26
രൂപതാകച്ചേരി വാർത്തകൾ .................................. 33
വൈദികരുടെ മാസധ്യാനം........................................ 35
മതബോധനരംഗം ................................................ 37
ചെറുപുഷ്പ മിഷൻലീഗ് ........................................ 39
*Department of Youth Ministry* ...................................... 46
കെ.സി.വൈ.എം ................................................... 53
കുടുംബപ്രേഷിതത്വം ............................................. 61
വിൻസന്റ് ഡി പോൾ സൊസൈറ്റി.............................. 67
സീയോൻ വാർത്തകൾ ............................................ 70
സാമൂഹ്യ സേവനരംഗം (WSSS).................................. 71
ബയോവിൻ അഗ്രോ റിസർച്ച്....................................... 76
റേഡിയോ മാറ്റൊലി ................................................ 78
നീലഗിരി ഡവലപ്മെന്റ്സൊസൈറ്റി............................ 80
ജയിൽ മിനിസ്ട്രി ................................................... 84
കത്തോലിക്കാ കോൺഗ്രസ്സ് ....................................... 85
*Mary Matha Arts & Science College* ........................... 89
വിദ്യാഭ്യാസ മേഖല ................................................... 92

# സർക്കുലർ

***Circular Letter No. 7/2021***
***Prot. No. 24755/2021***

കർത്താവിനാൽ സ്നേഹിക്കപ്പെടുന്നവരേ,

കേരള ക്രൈസ്തവരുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പഠിക്കുന്നതിനായി കേരള സർക്കാർ ഒരു കമ്മീഷനെ നിയമിച്ച വിവരം ഇതിനകം നിങ്ങൾ മാധ്യമങ്ങളിൽ നിന്ന് അറിഞ്ഞു കാണുമല്ലോ. അതിന്റെ പശ്ചാത്തലത്തിൽ വിവരശേഖരണാർത്ഥം മാനന്തവാടി രൂപതയ്ക്കുള്ളിൽ നടത്തിയ "കമ്മ്യൂണിറ്റി സർവ്വേ 2021" വിജയകരമായി നാം പൂർത്തിയാക്കി. അതിൽ സഹകരിച്ച എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി പറയുന്നു. സർവ്വേയിൽ ശേഖരിച്ച വിവരങ്ങളുടെ ഒരു പ്രാഥമിക വിശകലനത്തിൽ തന്നെ നമ്മുടെ സമുദായം അഭിമുഖീകരിക്കുന്ന പിന്നോക്കാവസ്ഥയുടെ ബഹുമുഖമായ സൂചനകൾ ലഭ്യമാകുന്നുണ്ട്. ഇനി ചെയ്യേണ്ടത് ശാസ്ത്രീയമായ വിവരവിശകലനത്തിലേക്കും പഠനത്തിലേക്കും പ്രായോഗികമായ പ്രവർത്തന പദ്ധതികളിലേക്കും പ്രവേശിക്കുക എന്നതാണ്. അതിന്റെ പ്രാരംഭം എന്ന നിലയിൽ പിന്നോക്കാവസ്ഥയെ പരിഹരിക്കുന്നതിന് ഏറ്റവും സുപ്രധാനമായ വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും അതുവഴിയുണ്ടാകേണ്ട സാമ്പത്തിക സുരക്ഷിതത്വത്തിന്റെയും തലങ്ങളിലേക്ക് ശ്രദ്ധയൂന്നികൊണ്ട് മാനന്തവാടി രൂപതാ നേതൃത്വം നൽകുന്ന ഒരു പുതിയ സംരംഭത്തിന് തുടക്കം കുറിക്കുകയാണ്. Futuristic Education and Research Foundation അഥവാ FEDAR Foundation എന്നറിയപ്പെടുന്ന ഈ സംരംഭത്തിന്റെ ഓഫീസ് വെഞ്ചരിപ്പും വെബ്സൈറ്റ് ലോഞ്ചിംഗും 2021 മാർച്ച് മാസം 29 ന് നിർവ്വഹിക്കപ്പെട്ടു.

സാമൂഹികവും സാമ്പത്തികവുമായ പരിവർത്തനത്തിനുവേണ്ട ഏറ്റവും പ്രധാനപ്പെട്ട മാധ്യമമാണ് വിദ്യാഭ്യാസം. മികച്ച രീതിയിൽ വിദ്യാഭ്യാസം നേടിയവരും പര്യാപ്തമായ വിധത്തിൽ അറിവും വൈദഗ്ധ്യവും ഉള്ളവരും സ്വയം മെച്ചപ്പെട്ട ജീവിതത്തി

ലേക്ക് പ്രവേശിക്കുന്നതോടൊപ്പം തന്നെ അവരുടെ സമുദായത്തെയും സമൂഹത്തെയും അവരുടെ ജീവിതനിലവാരത്തിലേക്ക് ആകർഷിക്കാൻ ശേഷിയുള്ളവരുമായിരിക്കും. അവരിലൂടെ ഒരു നാടിന്റെ സാമ്പത്തികമായ വളർച്ച മാത്രമല്ല, ആകമാനമുള്ള വളർച്ച തന്നെ നിർണ്ണയിക്കപ്പെടും. ഉന്നതവിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും മേഖലകളിൽ അതിശീഘ്രം സംഭവിക്കുന്ന മാറ്റങ്ങൾ അതിസൂക്ഷ്മമായി പഠിക്കുകയും ആഗോളതലത്തിലുണ്ടാകുന്ന ചലനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നതിലൂടെ വിദ്യാഭ്യാസവും അതോടൊപ്പം ആവശ്യമായ വൈദഗ്ധ്യവും കരസ്ഥമാക്കുന്നവർക്ക് മാത്രമേ അവർക്ക് ലഭിക്കുന്ന തൊഴിലവസരങ്ങളിൽ നിന്ന് നേട്ടമുണ്ടാക്കാൻ കഴിയുകയുള്ളൂ എന്ന് മനസിലാക്കാനാകും.

ഇന്ത്യൻ എഞ്ചിനിയറിംഗ് കോളേജുകളിൽ നിന്നും പുറത്തിറങ്ങുന്ന ബിരുദ ദാരികളുടെ പ്രകടനത്തിൽ തൊഴിലുടമകൾ അത്ര കണ്ട് തൃപ്തരല്ല എന്ന് ചില സർവ്വേ ഫലങ്ങളുണ്ട്. ഡിഗ്രികൾ സ്വന്തമാക്കുമ്പോഴും പലരും തൊഴിലിനാവശ്യമുള്ള വൈദഗ്ധ്യം നേടുന്നില്ല എന്ന് ചുരുക്കം. തൊഴിലിനാവശ്യമായ വൈദഗ്ധ്യം ജോലിയിൽ പ്രവേശിച്ച ശേഷം സമ്പാദിക്കാമെന്ന് ചിന്തിക്കുന്നത് തീവ്രമത്സരത്തിന്റെ ഇക്കാലത്ത് വലിയ മണ്ടത്തരമായിരിക്കും. കാരണം വൈദഗ്ധ്യമില്ലാത്തവർ പിൻതള്ളപ്പെട്ടു പോകും. അവർക്ക് ജോലിയിൽ പ്രവേശിക്കാനേ കഴിയില്ല. ദ്രുതഗതിയിൽ വിദ്യാഭ്യാസമേഖലയിലും തൊഴിൽമേഖലയിലും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ കണക്കിലെടുക്കാത്ത വിദ്യാഭ്യാസപദ്ധതികളെ മാത്രം ആശ്രയിക്കുന്നത് മോഹഭംഗം സംഭവിച്ച തൊഴിൽ രഹിതരുടെ എണ്ണം നമ്മുടെ സമുദായത്തിൽ വർദ്ധിക്കുന്നതിന് ഇടയാക്കും.

ആസൂത്രിതമായ വിദ്യാഭ്യാസപദ്ധതി, മത്സരപരീക്ഷകൾക്കുള്ള വിദൂരമായ തയ്യാറെടുപ്പുകൾ, തൊഴിലിനനുയോജ്യമായ നൈപുണ്യവികസനം, തൊഴിലുടമകളെ ആകർഷിക്കുന്ന വ്യക്തിവിവരങ്ങളുടെ രൂപപ്പെടുത്തൽ, എല്ലാവർക്കും അനുയോജ്യമായ തൊഴിലുകളുടെ കണ്ടെത്തൽ, സാമ്പത്തിക പരിമിതികൾ മറികടക്കാനുള്ള ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികൾ എന്നിങ്ങനെ വിവിധങ്ങളായ മേഖലകളിൽ ശ്രദ്ധയൂന്നി

കൊണ്ടാണ് ഫെഡാർ ഫൗണ്ടേഷൻ പ്രവർത്തനമാരംഭിക്കുന്നത്. പദ്ധതിയുടെ ഭാഗമാകുന്ന രൂപതാംഗങ്ങളായ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ ഏതൊരു അന്വേഷണത്തിനും ആധികാരികമായ മറുപടിയും സഹായവും നൽകാൻ കഴിയുന്ന ഒരു വഴികാട്ടി എന്ന നിലയിലും ഫെഡാർ ഫൗണ്ടേഷൻ പ്രവർത്തിക്കുന്നതായിരിക്കും.

പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോം അഥവാ ഇന്റർനെറ്റ് അധിഷ്ഠിതമായ രീതികൾ ഉപയോഗപ്പെടുത്തിയായിരിക്കും ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇപ്പോൾ പദ്ധതിയിട്ടിരിക്കുന്നത് പ്രകാരം 2021-22 അദ്ധ്യയനവർഷത്തിൽ പത്ത്, പതിനൊന്ന് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെയാണ് ഫെഡാറിന്റെ വിദ്യാഭ്യാസ പദ്ധതിയിൽ അംഗങ്ങളായി ചേർക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ക്ലാസ്സുകളിൽ പഠിക്കുന്ന രൂപതയിലെ മുഴുവൻ കുട്ടികളും ഇടവകാടിസ്ഥാനത്തിൽ ഈ പ്രക്രിയയുടെ ഭാഗമാകേണ്ടതുണ്ട്. ഇടവക, ഫൊറോനാ തലങ്ങളിൽ ഈ വിദ്യാർത്ഥികളുടെ നേതൃത്വം വഹിക്കുന്ന അധ്യാപകരും വൈദികരും ഉണ്ടായിരിക്കുന്നതാണ്. ഓരോ വർഷവും പദ്ധതിയിൽ അംഗങ്ങളാകുന്നവർ ഓരോ സ്റ്റുഡന്റ് സർക്കിൾ (Student Circle) ആയിരിക്കും. ഇടവകതലത്തിലും അപ്രകാരം തന്നെയായിരിക്കും ഓരോ ബാച്ചും അറിയപ്പെടുന്നത്. പന്ത്രണ്ടാം ക്ലാസ്സ് പഠനത്തിന് ശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കായി വിദ്യാർത്ഥികൾ പഠനത്തിനും തൊഴിലിനുമായി പോയാലും അവർ അതാത് സ്റ്റുഡന്റ് സർക്കിളിലെ അംഗം തന്നെയായിരിക്കും. ഇപ്രകാരം ഓരോ വിദ്യാർത്ഥിയുടെയും ജീവിതം സുരക്ഷിതമായി എന്നുറപ്പാക്കുന്നതുവരെയുള്ള അനുധാവനമാണ് ഫെഡാർ ഫൗണ്ടേഷന്റെ ലക്ഷ്യം.

നമ്മുടെ യുവജനങ്ങൾ മാതാപിതാക്കളുടെയും അധ്യാപകരുടെയും നിയന്ത്രണത്തിലല്ലാതെ വിദൂരനാടുകളിൽ ദീർഘകാലം ജീവിക്കുകയും ആത്മീയവും ധാർമ്മികവുമായി ദുർബലരാവുകയും ചെയ്യുന്ന സാഹചര്യങ്ങളും ഇടവകയോട് തികച്ചും അപരിചിതത്വം പുലർത്തുന്ന ശൈലിയും വ്യാപകമായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പലപ്പോഴും വ്യത്യസ്തങ്ങളായ ദുരന്തങ്ങളിലേക്ക് കുട്ടികൾ നിപതി


ക്കുന്നതിനും ഇത്തരം ഒറ്റപ്പെട്ടുള്ള ജീവിതശൈലികൾ കാരണമാകുന്നുണ്ട്. വിദൂരങ്ങളിൽ ആയിരിക്കുമ്പോഴും രൂപതാംഗങ്ങളായ വിദ്യാർത്ഥികൾ തമ്മിൽ പരസ്പരബന്ധവും കൂട്ടായ്മയും കാത്തുസൂക്ഷിക്കാനും ഫെഡാറിന്റെ പ്ലാറ്റ്ഫോം ഉപയോഗപ്പെടുന്നതാണ്.

മാതൃകകളില്ലാത്ത ഏതൊരു പ്രസ്ഥാനവും ആരംഭിക്കുമ്പോൾ ബാലാരിഷ്ടതകൾ ഉണ്ടാകുന്നത് സാധാരണമാണ്. പ്രത്യേകിച്ച് ഇന്റർനെറ്റ് മേഖല പ്രവർത്തിക്കുന്നത് നമുക്ക് കാണാൻ പറ്റാത്ത കോടിക്കണക്കിനുള്ള പ്രോഗ്രാം കോഡുകളുടെ ശൃംഖലയാലാണ്. അവയെല്ലാം ദിവസങ്ങളും മാസങ്ങളും വർഷങ്ങളും ചെലവഴിച്ച് എഴുതുന്നത് മനുഷ്യർ തന്നെയാണ്. അതുകൊണ്ട് തെറ്റുകൾ വരാനുള്ള സാധ്യത എപ്പോഴും ഉണ്ട്. അവയിൽ വരുന്ന ചെറിയൊരു അക്ഷരതെറ്റ് പോലും ശൃംഖല മുഴുവൻ നിശ്ചലമാകാൻ കാരണമാകും. സർവ്വേ എടുത്തപ്പോൾ നമ്മൾ അതനുഭവിച്ചതാണ്. പക്ഷെ വിദഗ്ധരായ ആളുകൾ അവ തിരുത്താൻ എപ്പോഴും നമ്മുടെ കൂടെയുണ്ടാകും. അതുകൊണ്ട് തുടക്കത്തിലുണ്ടാകുന്ന പരാജയങ്ങൾ കണ്ട് ആരും പേടിച്ച് അല്ലെങ്കിൽ നിരാശപ്പെട്ട് ഇട്ടിട്ട് പോകരുത്. അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് അത്തരം അവസരങ്ങളിൽ പദ്ധതിയേയും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരെയും കുറ്റം പറയാതെയും നിഷേധാത്മകമായ വാർത്തകൾ പരത്താതെയും ഇരിക്കുക എന്നതും. ഏതൊരു പുതിയ പ്രസ്ഥാനവും ഫലപ്രാപ്തിയിലെത്താൻ സമയമെടുക്കും എന്നത് സ്വാഭാവികമാണ്. അതുകൊണ്ട് പെട്ടെന്നുള്ള ഫലം ആരും പ്രതീക്ഷിക്കരുത്.

ഫെഡാർ ഫൗണ്ടേഷനിൽ രജിസ്റ്റർ ചെയ്തു എന്നതുകൊണ്ട് മാത്രം അതിന്റെ പ്രയോജനം കിട്ടണമെന്നില്ല. അതിലൂടെ ലഭിക്കുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ച് അവയനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥിരോത്സാഹികളും കഠിനാധ്വാനം ചെയ്യാൻ മനസുള്ള കുട്ടികൾക്കു മാത്രമേ നേട്ടമുണ്ടാകുകയുള്ളൂ. അവരവരുടെ സാധാരണ സ്കൂൾ, കോളേജ് പഠനത്തിനു പുറമേ ആയിരിക്കും ഈ പ്രവർത്തനങ്ങൾ. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയുള്ള വിദ്യാഭ്യാസവും പരിശീലനവും ഉള്ളവർ എല്ലാ കുടുംബങ്ങളിലും ഉണ്ടാകണമെന്നില്ലല്ലോ. അതുകൊണ്ട് അങ്ങനെയുള്ള കുടുംബങ്ങളിൽ നിന്നുള്ളവർ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടി വരും.

നമ്മുടെ കുട്ടികളുടെ സർവ്വോന്മുഖമായ വളർച്ചയും നന്മയും സാമ്പത്തിക സ്ഥിരതയുള്ള ജീവിതവും മുൻനിർത്തി മാനന്തവാടി രൂപതയുടെ സുവർണ്ണജൂബിലി പദ്ധതിയെന്ന നിലയിൽ കൂടിയാണ് ഫെഡാറിന്റെ പ്രവർത്തനങ്ങൾക്ക് നാം തുടക്കം കുറിക്കുന്നത്. എല്ലാവരുടെയും പ്രത്യേകിച്ച് ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാർ, മറ്റ് വൈദികർ, സമർപ്പിതർ, സമുദായ നേതാക്കൾ എന്നിവരുടെ സഹായസഹകരണങ്ങളും ആവശ്യമായ മേഖലകളിൽ നിസ്വാർത്ഥമായ പിന്തുണയും പ്രതീക്ഷിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2021 ഏപ്രിൽ മാസം 20 ന് നൽകപ്പെട്ടത്.



**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

***NB: ഈ സർക്കുലർ 2021 മെയ് മാസം 2 ന് എല്ലാ പള്ളികളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.***

## വിശുദ്ധ യൗസേപ്പ്: ദൈവവിളിയുടെ സ്വപ്നം

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ യൗസേപ്പിനെ സാർവ്വത്രികസഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ നൂറ്റിയമ്പതാം വർഷം ആചരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഡിസംബർ 8–ന് യൗസേപ്പിതാവിന്റെ വർഷം ആരംഭിച്ചുവല്ലോ. അതിനായി ഞാൻ 'പിതൃഹൃദയത്തോടെ' (Patris Corde) എന്ന അപ്പസ്തോലിക ലേഖനം എഴുതുകയുണ്ടായി. അതിന്റെ ലക്ഷ്യം ഈ മഹാവിശുദ്ധനോട് നമുക്കുള്ള സ്നേഹം വർദ്ധിപ്പിക്കുക എന്നതായിരുന്നു. അദ്ദേഹം ഒരു അസാധാരണ വ്യക്തിയായിരുന്നു. അതേസമയം തന്നെ "മാനുഷികമായ നമ്മുടെ അനുഭവങ്ങളോട് വളരെ അടുത്തു നില്ക്കുന്ന"യാളുമാണ്. അത്ഭുതകരമായതൊന്നും അദ്ദേഹം ചെയ്തിട്ടില്ല. അദ്ദേഹത്തിന് പ്രത്യേകതരം സിദ്ധികളൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ കണ്ടവർക്കാർക്കും പ്രത്യേകതയൊന്നും തോന്നിയതുമില്ല. അദ്ദേഹം പ്രശസ്തനോ ശ്രദ്ധേയനോ ആയിരുന്നില്ല. അദ്ദേഹത്തിന്റെ ഒരു വാക്കുപോലും സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ സാധാരണ ജീവിതത്തിലൂടെ അദ്ദേഹം ദൈവദൃഷ്ടിയിൽ അസാധാരണമായതു ചെയ്തു തീർത്തു.

ദൈവം ഹൃദയങ്ങൾ പരിശോധിക്കുന്നു (1 സാമു 16,7). ദൈനംദിനകാര്യങ്ങളുടെ നടുവിലും ജീവൻ നല്കാനും ഉത്പാദിപ്പിക്കാനും കഴിവുള്ള ഒരു പിതൃഹൃദയം ദൈവം വിശുദ്ധ യൗസേപ്പിൽ തിരിച്ചറിഞ്ഞു. ദൈവവിളികൾക്കും ഇതേ ലക്ഷ്യമാണുള്ളത് – ദൈനംദിനമുള്ള ജീവോത്പാദനവും നവീകരണവും. പിതാക്കന്മാരുടെയും മാതാക്കളുടെയും ഹൃദയം രൂപപ്പെടുത്താനാണ് ദൈവം ആഗ്രഹിക്കുന്നത്: തുറവുള്ളതും മഹത്തായ തുടക്കങ്ങൾക്ക് ത്രാണിയുള്ളതും ജീവദാനത്തിന് ഔദാര്യമുള്ളതും ഉത്കണ്ഠകളെ ആശ്വസിപ്പിക്കാൻ ആർദ്രതയുള്ളതും പ്രത്യാശകളെ ശക്തിപ്പെടുത്തുവാൻ ആർജവമുള്ളതുമായ ഒരു ഹൃദയം. പൗരോഹിത്യത്തിലും സമർപ്പിത ജീവിതത്തിലും ഈ ഗുണഗണങ്ങൾ വളരെ ആവശ്യമായിരിക്കുന്ന നാളുകളാണിത്. ദുർബലതയാലും പകർച്ചവ്യാധി മൂലമുള്ള സഹനങ്ങളാലും അടയാളപ്പെടുത്തപ്പെട്ട ഈ സമയം ഭാവിയെക്കുറിച്ചും ജീവിതത്തിന്റെതന്നെ അർത്ഥത്തെക്കുറിച്ചും അനിശ്ചിതത്വങ്ങളും ഭയങ്ങളും വിതച്ചുകഴിഞ്ഞു. വിശുദ്ധ യൗസേപ്പിതാവ് തന്റെ സഹജമായ മാന്യതയിൽ നമ്മെ സ്പർശിക്കുന്നത് "തൊട്ടടുത്ത വിശുദ്ധ"രിൽ ഒരാൾ എന്ന നിലയിലാണ്. അതേസമയം തന്നെ, അദ്ദേഹത്തിന്റെ ശക്തമായ സാക്ഷ്യം നമ്മുടെ യാത്രയിൽ മാർഗദർശകവുമാണ്.

ഓരോ വ്യക്തിയുടെയും ദൈവവിളിയിൽ മൂന്ന് പ്രധാന വാക്കുകൾ വിശുദ്ധ യൗസേപ്പ് നിർദ്ദേശിക്കുന്നുണ്ട്. അതിൽ ഒന്നാമത്തേത് 'സ്വപ്ന'മാണ്. ഓരോരുത്തരും ജീവിതത്തിന്റെ പൂർത്തീകരണം സ്വപ്നം കാണുന്നവരാണ്. വിജയം, ധനം, വിനോദം മുതലായ ക്ഷണികമായ ലക്ഷ്യങ്ങൾകൊണ്ട് തൃപ്തിപ്പെടുത്താൻ സാധ്യമല്ലാത്ത വലിയ പ്രതീക്ഷകളും ഉന്നതമായ അഭിലാഷങ്ങളും പരിപോഷിപ്പിക്കുന്നവരാണ് നമ്മൾ. ആളുകളുടെ ജീവിതസ്വപ്നങ്ങളെ ഒറ്റവാക്കിൽ പ്രകടിപ്പിക്കാൻ പറഞ്ഞാൽ, അതിനുത്തരം ഊഹിച്ചെടുക്കാൻ ഒട്ടും പ്രയാസമുണ്ടാകില്ല. 'സ്നേഹിക്കപ്പെടുക' എന്നതായിരിക്കും അതിന്റെ ഉത്തരം. സ്നേഹമാണ് ജീവിതത്തിന് അർത്ഥം നല്കുന്നത്. കാരണം, അത് ജീവിതത്തിന്റെ രഹസ്യത്തെ വെളിപ്പെടുത്തുന്നതാണ്. തീർച്ചയായും, നൽകുന്നതിലൂടെയാണ് നമുക്ക് ജീവൻ ഉണ്ടാകുന്നത്; ഉദാരമായി നൽകുന്നതിലൂടെയാണ് അത് നാം കൈവശപ്പെടുത്തുന്നതും. ഇക്കാര്യത്തിൽ വിശുദ്ധ യൗസേപ്പിന് നമ്മോട് വളരെയേറെ പറയാനുണ്ട്. കാരണം, ദൈവംതന്നെ പ്രചോദിപ്പിച്ച സ്വപ്നങ്ങളിലൂടെ അദ്ദേഹം തന്റെ ജീവിതത്തെ ഒരു ദാനമാക്കി മാറ്റി.

സുവിശേഷങ്ങൾ നമ്മോട് നാലു സ്വപ്നങ്ങളെക്കുറിച്ച് പറയുന്നു (മത്താ 1,20; 2,13.19.22). അതാകട്ടെ ദൈവത്തിൽ നിന്നുള്ള വിളിയാണ്. എന്നാൽ അവ എളുപ്പത്തിൽ സ്വീകരിക്കാവുന്നവയായിരുന്നില്ല. ഓരോ സ്വപ്നത്തിനുംശേഷം യൗസേപ്പിന് താൻ സമ്പൂർണ്ണമായും വിശ്വാസം അർപ്പിച്ച ദൈവത്തിന്റെ നിഗൂഢമായ രൂപകല്പനകളെ പിൻതുടരുന്നതിനുവേണ്ടി സ്വന്തം പദ്ധതികൾ മാറ്റിവച്ച് അപകടകരമായത് ഏറ്റെടുക്കേണ്ടിവന്നു. എന്തിനാണ് രാത്രിയിൽ കണ്ട ഒരു സ്വപ്നത്തെ ഇത്രമാത്രം വിശ്വസിക്കുന്നതെന്ന് നമ്മൾ ചോദിച്ചേക്കാം. പുരാതനകാലങ്ങളിൽ സ്വപ്നങ്ങളെ വളരെ പ്രാധാന്യത്തോടെ കണ്ടിരുന്നെങ്കിലും ജീവിതത്തിന്റെ മൂർത്തമായ യാഥാർത്ഥ്യത്തിന്റെ മുമ്പിൽ അതു ചെറിയ കാര്യം മാത്രമായിരുന്നു. എങ്കിലും, തന്നെ നയിക്കാൻ തന്റെ സ്വപ്നങ്ങളെ ഒരു വിഷമവും കൂടാതെ വിശുദ്ധ യൗസേപ്പ് അനുവദിച്ചു. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന്റെ ഹൃദയം ദൈവത്തിങ്കലേക്ക് തിരിഞ്ഞിരുന്നതും അവിടുന്നിലേക്ക് ചേർന്നിരുന്നതുമായിരുന്നു. ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ അദ്ദേഹത്തിന്റെ ആന്തരിക കർണ്ണങ്ങൾക്ക് ഒരു ചെറിയ സൂചനമാത്രം മതിയാകുമായിരുന്നു. ഇത് നമ്മുടെ ദൈവവിളിയുടെ കാര്യത്തിലും ബാധകമാണ്. കാരണം, നമ്മുടെ സ്വാതന്ത്ര്യത്തെ സമ്മർദ്ദത്തിലാക്കിക്കൊണ്ട് അതിശയകരമായ രീതിയിൽ സ്വയം വെളിപ്പെടുത്താൻ ദൈവം ഇഷ്ടപ്പെടുന്നില്ല. അവിടുന്ന് തന്റെ പദ്ധതികൾ വളരെ മാന്യമായാണ് അവതരിപ്പിക്കുന്നത്.

മാസ്മരിക ദർശനങ്ങൾകൊണ്ട് നമ്മെ കീഴ്പ്പെടുത്തുകയല്ല, മറിച്ച് നിശ്ശബ്ദമായി നമ്മുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ സംസാരിക്കുകയാണ് അവിടുന്ന് ചെയ്യുന്നത്. അവിടുന്ന് നമ്മോട് അടുക്കുകയും നമ്മുടെ ചിന്തകളിലൂടെയും വികാരങ്ങളിലൂടെയും നമ്മോട് സംസാരിക്കുകയും ചെയ്യുന്നു. ഇങ്ങനെ, വിശുദ്ധ യൗസേപ്പിനോടു ചെയ്തതുപോലെ അഗാധവും അപ്രതീക്ഷിതവുമായ ചക്രവാളങ്ങൾ അവിടുന്ന് നമ്മുടെ മുമ്പിലും വയ്ക്കുന്നു.

വാസ്തവത്തിൽ, യൗസേപ്പിന്റെ സ്വപ്നങ്ങൾ അദ്ദേഹം ഒരിക്കലും ചിന്തിച്ചിട്ടില്ലാത്ത അനുഭവങ്ങളിലേക്കാണ് നയിച്ചത്. ആദ്യത്തേത് അദ്ദേഹത്തിന്റെ വിവാഹനിശ്ചയത്തെ ഉയർത്തി അദ്ദേഹത്തെ മിശിഹായുടെ പിതാവാക്കി. രണ്ടാമത്തേതാകട്ടെ, ഈജിപ്തിലേക്ക് പലായനം ചെയ്യാൻ കാരണമായെങ്കിലും അദ്ദേഹത്തിന്റെ കുടുംബത്തെ രക്ഷിക്കാനിടയാക്കി. മൂന്നാമത്തെ സ്വപ്നം സ്വന്തം നാട്ടിലേക്കുള്ള തിരിച്ചുവരവിനെ മുൻകൂട്ടി അറിയിക്കുന്നതായിരുന്നുവെങ്കിൽ നാലാമത്തേത് അദ്ദേഹത്തിന്റെ പദ്ധതികളെ പുനഃക്രമീകരിച്ച് യേശുവിനെ അവിടുത്തെ ദൈവരാജ്യപ്രഘോഷണം ആരംഭിക്കുന്നിടമായ നസ്രത്തിലേക്ക് കൊണ്ടുവന്നു. ഈ സംഘർഷങ്ങൾക്കിടയിലും അദ്ദേഹം ദൈവഹിതം അനുധാവനം ചെയ്യുന്നതിനുള്ള ധൈര്യം കണ്ടെത്തി. ഇങ്ങനെതന്നെയാണ് ഓരോ ദൈവവിളിയിലും: ദൈവത്തിന്റെ വിളി നമ്മെ ആദ്യചുവടുവയ്ക്കാൻ – നമ്മെത്തന്നെ നൽകാനും മുന്നോട്ടായാനും – നിർബന്ധിക്കുന്നു. ചേതമില്ലാതെ വിശ്വാസമില്ല. നമ്മുടെ പദ്ധതികളും സുഖസൗകര്യങ്ങളും മാറ്റിവച്ച്, ആത്മവിശ്വാസത്തോടെ നമ്മെത്തന്നെ ദൈവകൃപയ്ക്കു വിട്ടുകൊടുത്തുകൊണ്ടു മാത്രമേ ദൈവത്തോട് 'അതെ' എന്നു പറയാൻ നമുക്കു കഴിയുകയുള്ളൂ.

ഓരോ 'അതെ'കളും ഫലം പുറപ്പെടുവിക്കുന്നു. കാരണം, അത് വിശാലമായ ഒരു രൂപകല്പനയുടെ ഭാഗമായിത്തീരുന്നു. നാം കാണുന്നതിനുമപ്പുറത്ത് എല്ലാം അറിയുകയും പൂർത്തിയാക്കുകയും ചെയ്യുന്ന ദിവ്യകലാകാരൻ ഓരോ ജീവിതത്തെയും ഉത്തമ കലാസൃഷ്ടിയായി മാറ്റുന്നുവല്ലോ. ഇപ്രകാരം ദൈവഹിതം സ്വീകരിച്ചതിന്റെ ഉത്തമ ഉദാഹരണമാണ് വിശുദ്ധ യൗസേപ്പ്. അദ്ദേഹത്തിന്റേത് സജീവവും ഒരിക്കലും വിമുഖത കാട്ടാത്തതും പിൻവലിക്കാത്തതുമായ സമ്മതമായിരുന്നു. യൗസേപ്പ് "ഒരിക്കലും നിഷ്ക്രിയനായിരുന്നില്ല, മറിച്ച് ധൈര്യത്തോടും ഉറപ്പോടുംകൂടി പ്രവർത്തനനിരതനായിരുന്നു" (Patris Corde,4). അദ്ദേഹം എല്ലാവരെയും സഹായിക്കട്ടെ, പ്രത്യേകിച്ച് തങ്ങളെക്കുറിച്ചുള്ള ദൈവഹിതം നിവർത്തിതമാകാൻ തങ്ങളുടെ സ്വപ്നങ്ങളെ വിവേചിക്കുന്ന ചെറുപ്പക്കാരെ. അദ്ദേഹം അവരെ സദാ

പ്രചോദിപ്പിച്ച്, ഒരിക്കലും നിരാശപ്പെടുത്താതെ എപ്പോഴും ആശ്ചര്യപ്പെടുത്തുന്ന ദൈവത്തോട്, 'അതെ' എന്നു പറയാനാവും വിധം ധൈര്യശാലികളാക്കട്ടെ.

വിശുദ്ധ യൗസേപ്പിന്റെ യാത്രയെയും ദൈവവിളിയെയും അടയാളപ്പെടുത്തുന്ന രണ്ടാമത്തെ വാക്ക് സേവനമാണ്. യൗസേപ്പ് എങ്ങനെ തനിക്കുവേണ്ടിയല്ലാതെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നുവെന്നു സുവിശേഷങ്ങൾ കാണിച്ചുതരുന്നു. കലവറയില്ലാതെ സ്നേഹിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവിനെ അധികരിച്ച് ദൈവജനം അദ്ദേഹത്തെ 'അത്യന്തം വിരക്തനായ ഭർത്താവ്' എന്ന് വിശേഷിപ്പിക്കുന്നു. തന്റേതുമാത്രമായി സ്നേഹിക്കുന്നതിൽ നിന്നും തന്നെത്തന്നെ സ്വതന്ത്രനാക്കിയതുവഴി ഫലദായകമായ സേവനത്തിൽ മുഴുകാൻ അദ്ദേഹത്തിനായി. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ സംരക്ഷണം തലമുറകളിലേക്ക് എത്തിനില്ക്കുന്നു. അതുപോലെതന്നെ അദ്ദേഹത്തിന്റെ അതീവ ജാഗ്രതയോടെയുള്ള രക്ഷാകർതൃത്വം സഭയുടെ സംരക്ഷകനായി അദ്ദേഹത്തെ മാറ്റി. ജീവിതത്തിൽ സ്വയംദാനം ചെയ്യുന്നതിന്റെ അർത്ഥം ഉൾക്കൊള്ളുന്നയാളെന്ന നിലയിൽ അദ്ദേഹം സന്തോഷകരമായ മരണത്തിന്റെ മധ്യസ്ഥനായി. വലിയ സ്നേഹത്തിലധിഷ്ഠിതമായതിനാലാണ് അദ്ദേഹത്തിന്റെ സേവനവും സഹനവും യാഥാർത്ഥ്യമായത്. "ശരിയായ ഓരോ ദൈവവിളിയും സ്വയംദാനത്തിലൂടെയാണ് ജന്മം കൊള്ളുന്നത്; അതാകട്ടെ, പരിപക്വമായ ബലിയുടെ ഫലമാണ്. പൗരോഹിത്യത്തിനും സമർപ്പിത സന്ന്യാസത്തിനും ഇത്തരത്തിലുള്ള പക്വത ആവശ്യമാണ്. ഏതു തരം ദൈവവിളിയുമായിക്കൊള്ളട്ടെ - വിവാഹമോ, ബ്രഹ്മചര്യമോ/കന്യാത്വമോ - സഹനത്തിന്റെ മുന്നിൽ നിന്നുപോയാൽ, നമ്മുടെ സ്വയംദാനം പൂർണ്ണമാകില്ല. അങ്ങനെ വരുമ്പോൾ സൗന്ദര്യത്തിന്റെ അടയാളവും സ്നേഹത്തിന്റെ ആനന്ദവും ആകുന്നതിനുപകരം നിരാശയുടെയും ദുഃഖത്തിന്റെയും സന്തോഷമില്ലായ്മയുടെയും അടയാളമായി മാറും സ്വയംദാനം" (Patris Corde, 7).

വിശുദ്ധ യൗസേപ്പിന് കേവലം ഉയർന്ന ആദർശം മാത്രമായിരുന്നില്ല സേവനം; മറിച്ച്, ദൈനംദിന ജീവിതത്തിന്റെ നിയമമായിരുന്നു. അദ്ദേഹം യേശുവിന് ജനിക്കാനുള്ള സ്ഥലം കഠിനാധ്വാനത്തിലൂടെ കണ്ടെത്തുകയും വേണ്ട ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. ഹേറോദേസിന്റെ ക്രോധത്തിൽ നിന്ന് യേശുവിനെ രക്ഷിക്കാൻ വേണ്ടി ഈജിപ്തിലേക്ക് തിടുക്കത്തിൽ ഒരു യാത്ര ഒരുക്കി. ജറുസലേമിൽ വച്ച് യേശുവിനെ നഷ്ടപ്പെട്ടപ്പോൾ അദ്ദേഹം തിടുക്കത്തിൽ അവിടേക്കു തിരിച്ചുപോയി. കുടുംബത്തെ സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം

വിദേശത്തുപോലും കഠിനാധ്വാനം ചെയ്തു. ചുരുക്കത്തിൽ, ജീവിതം തങ്ങൾ ആഗ്രഹിക്കുന്നതുപോലെയല്ലെങ്കിലും നിരാശപ്പെടാത്തവരുടെ മനോഭാവത്തോടെ അദ്ദേഹം വ്യത്യസ്ത സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ട് സന്നദ്ധസേവകരുടെ മനോഭാവം പ്രകടിപ്പിച്ചു. ഇത്തരത്തിൽ, ജീവിതത്തിലെ അപ്രതീക്ഷിതവും എന്നാൽ ഇടയ്ക്കിടയ്ക്ക് കടന്നുവരുന്നതുമായ യാത്രകളെ – ജനസംഖ്യാ കണക്കെടുപ്പിനുവേണ്ടി നസ്രത്തിൽ നിന്നും ബത്‌ലഹേമിലേക്കും അവിടെനിന്ന് ഈജിപ്തിലേക്കും അവിടെനിന്ന് തിരിച്ച് നസ്രത്തിലേക്കും പിന്നെ എല്ലാവർഷവും ജറുസലേമിലേക്കും – അദ്ദേഹം സ്വാഗതം ചെയ്തു. പരാതിപ്പെടാതെ ഓരോ തവണയും പുതിയ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാനും പരിഹൃതമാകേണ്ട സാഹചര്യങ്ങളെ പരിഹരിക്കുന്നതിന് സഹായഹസ്തം നല്കാനും അദ്ദേഹം സന്നദ്ധനായിരുന്നു. അതാകട്ടെ, ഭൂമിയിലുള്ള തന്റെ പുത്രനിലേക്ക് നീട്ടപ്പെട്ട സ്വർഗീയപിതാവിന്റെ കരങ്ങളായിരുന്നുവെന്ന് നമുക്ക് പറയാൻ കഴിയും. തന്റെ മക്കളിലേക്ക് നീട്ടപ്പെട്ട, പിതാവിന്റെ സദാപ്രവർത്തനനിരതമായ കരങ്ങളാകാനുള്ള വിളിയാണല്ലോ ദൈവവിളികൾ. അവയ്ക്കെല്ലാം തികഞ്ഞ മാതൃകയാണ് യൗസേപ്പ്.

യേശുവിന്റെയും സഭയുടെയും സംരക്ഷകനായ വിശുദ്ധ യൗസേപ്പിനെക്കുറിച്ച് ദൈവവിളിയുടെയും സംരക്ഷകനാണ് അദ്ദേഹം എന്നു ചിന്തിക്കാനാണ് എനിക്കിഷ്ടം. സേവനം ചെയ്യാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയിൽ നിന്നുതന്നെ സംരക്ഷിക്കുവാനുള്ള കരുതലും വരുന്നുണ്ട്. യൗസേപ്പ് ആ രാത്രിയിൽത്തന്നെ എഴുന്നേറ്റ് കുട്ടിയെയും അമ്മയെയും കൂട്ടി പുറപ്പെട്ടു (മത്താ 2,14) എന്ന് സുവിശേഷത്തിൽ പറയുന്നതുതന്നെ അദ്ദേഹത്തിന് തന്റെ കുടുംബത്തെക്കുറിച്ചുള്ള കരുതലാണ് കാണിക്കുന്നത്. തനിക്ക് നിയന്ത്രിക്കാൻ കഴിയാത്ത കാര്യങ്ങളെക്കുറിച്ചു വ്യാകുലപ്പെട്ട് സമയം കളയാതെ തന്റെ കരുതലിൽ ഏല്പിക്കപ്പെട്ടവരെ സംരക്ഷിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ഇത്തരം ചിന്താഭരിതമായ ശ്രദ്ധയാണ് ശരിയായ ദൈവവിളിയുടെ അടയാളം. അതാകട്ടെ, ദൈവസ്നേഹസ്പർശനത്തിന്റെ സാക്ഷ്യജീവിതവുമാണ്. നമ്മുടെ അഭിലാഷങ്ങളെ പിന്തുടരുന്നതിൽ നിന്നും മിഥ്യാധാരണകളിൽ മുഴുകുന്നതിൽനിന്നും നാം വിട്ടുനില്ക്കുന്നതും കർത്താവ് സഭയിലൂടെ നമ്മെ ഭരമേല്പിച്ചവയെ ശ്രദ്ധയോടെ കരുതുന്നതും എത്രയോ മനോഹരമായ ക്രൈസ്തവ സാക്ഷ്യമായിരിക്കും! അപ്പോൾ അവിടുന്ന് യൗസേപ്പിൽ ചെയ്തതുപോലെ അവിടുത്തെ ആത്മാവിനെയും സൃഷ്ടി വൈഭവത്തെയും നമ്മിൽ വർഷിക്കുകയും നമ്മിൽ അവിടുന്ന് അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യും.

നമ്മുടെ മഹത്തായ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുന്ന ദൈവത്തിന്റെ വിളിയോടും ഉദാരമായ സേവനവും ശ്രദ്ധാപൂർവകമായ കരുതലുംകൊണ്ട് രൂപപ്പെടുന്ന നമ്മുടെ പ്രതികരണത്തോടുമൊപ്പം, വിശുദ്ധ യൗസേപ്പിതാവിന്റെ അനുദിന ജീവിതത്തിലും നമ്മുടെ ക്രൈസ്തവവിളിയിലും തെളിഞ്ഞുനില്ക്കുന്ന മൂന്നാമത്തെ സവിശേഷ സ്വഭാവമാണ് വിശ്വസ്തത. ദൈവത്തെയും അവിടുത്തെ പദ്ധതി കളെയും നിശ്ശബ്ദമായി സേവിക്കുന്നതിൽ ദിനംപ്രതി പരിശ്രമിച്ച നീതിമാൻ (മത്താ 1,19) ആയിരുന്നു ജോസഫ്. തന്റെ ജീവിതത്തിന്റെ വിഷമകരമായ ഒരു നിമിഷത്തിൽ, എന്തുചെയ്യണമെന്ന് അദ്ദേഹം പര്യാലോചിച്ചു. തന്നെത്തന്നെ സമ്മർദ്ദത്തിലാക്കാൻ അദ്ദേഹം അനുവദിച്ചില്ല. മോശമായി പ്രവർത്തിക്കാനുള്ള പ്രലോഭനത്തിന് – സഹജാവബോധം പിന്തുടരുന്നതിനോ ആ നിമിഷത്തിലേക്കു മാത്രം ഒതുങ്ങുന്നതിനോ – അദ്ദേഹം വശപ്പെട്ടില്ല. പകരം, അവധാനതയോടെ കാര്യങ്ങൾ ധ്യാനിച്ചു. പ്രധാനപ്പെട്ട തീരുമാനങ്ങളോടുള്ള നിരന്തരമായ വിശ്വസ്തതയിലാണ് ജീവിതത്തിലെ വിജയം കെട്ടിപ്പടുക്കുന്നതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. എളിയ ഒരു തച്ചനായി വ്യാപരിക്കുന്ന തിലെ സ്ഥിരോത്സാഹത്തിൽ ഇത് പ്രതിഫലിച്ചു (മത്താ 13,55). നിശ്ശബ്ദ മായ ആ സ്ഥിരോത്സാഹം, പക്ഷേ, ഒരു വാർത്തയും അക്കാലത്ത് സൃഷ്ടിച്ചില്ലായെങ്കിലും എണ്ണമറ്റ പിതാക്കന്മാരുടെയും തൊഴിലാളികളു ടെയും ക്രിസ്ത്യാനികളുടെയും ജീവിതങ്ങൾക്ക് അത് പ്രചോദനമായി. ദൈവവിളി – ജീവിതംപോലെതന്നെ – പരിപക്വമാകുന്നത് ദൈനംദിന വിശ്വസ്തതയിലൂടെ മാത്രമാണ്.

അത്തരം വിശ്വസ്തത എങ്ങനെയാണ് പരിപോഷിപ്പിക്കപ്പെടു ന്നത്? ദൈവത്തിന്റെ വിശ്വസ്തതയുടെ വെളിച്ചത്തിൽ. വിശുദ്ധ യൗസേപ്പ് സ്വപ്നത്തിൽ കേട്ട ആദ്യത്തെ വാക്കുകൾ, ഭയപ്പെടാതിരി ക്കാനുള്ള ഒരു ക്ഷണമായിരുന്നു, കാരണം, ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. "ദാവീദിന്റെ പുത്രനായ ജോസഫ്, ഭയപ്പെടേണ്ടാ" (മത്താ 1,20).

ഭയപ്പെടേണ്ടയെന്ന വചനം, പ്രിയ സഹോദരീ/സഹോദരാ, നിങ്ങ ളെയാണ് അഭിസംബോധന ചെയ്യുന്നത്. അനിശ്ചിതത്വത്തിനും ശങ്കയ്ക്കും ഇടയിൽപ്പോലും, നിങ്ങളുടെ ജീവിതം അവിടുത്തേക്കു നൽകാനുള്ള നിങ്ങളുടെ ആഗ്രഹത്തിന് കാലതാമസം വരുത്തുവാൻ നിങ്ങൾക്കാവില്ല. പരീക്ഷണങ്ങൾക്കും തെറ്റിദ്ധാരണകൾക്കുമിടയിൽ അവിടുത്തെ ഇഷ്ടം നിറവേറ്റാൻ നിങ്ങൾ ശ്രമിക്കുമ്പോൾ അവിടുന്ന്

ഈ വാക്കുകൾ വീണ്ടും പറയുന്നു. ദൈവവിളിയുടെ ആദ്യ സ്നേഹത്തിലേക്ക് നിങ്ങൾ മടങ്ങുമ്പോൾ, നിങ്ങളുടെ ഓരോ ചുവടടിയിലും നിങ്ങൾ കേൾക്കുന്നത് നവീകൃതമാകുന്ന ഈ വാക്കുകൾ തന്നെയാണ്. അനുദിന വിശ്വസ്തതയിലൂടെ ജീവിതംകൊണ്ട് ദൈവത്തോട് 'അതെ'യെന്ന് വിശുദ്ധ യൗസേപ്പിനെപ്പോലെ പറയുന്നവരോട്, ഇതേ വാക്കുകൾ അവിടുന്നുതന്നെയാണ് പറയുന്നത്.

ഈ വിശ്വസ്തതയാണ് സന്തോഷത്തിന്റെ രഹസ്യം. ആരാധനക്രമത്തിലെ ഒരു ഗാനം നസ്രത്തിലെ കുടുംബത്തിൽ നിറഞ്ഞുനിന്ന സുതാര്യമായ സന്തോഷത്തെക്കുറിച്ച് പറയുന്നു. സത്യമായവയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകവഴി ദൈവത്തോടും അയൽക്കാരോടും കൂടുതൽ വിശ്വസ്തമായ അടുപ്പം ദൈനംദിന ജീവിതത്തിൽ പുലർത്തുന്നവരിൽ ലാളിത്യത്തിന്റെ ഈ സന്തോഷം കാണാം. നമ്മുടെ സെമിനാരികൾ, സമർപ്പിത ഭവനങ്ങൾ, വൈദികമന്ദിരങ്ങൾ എന്നിവയിൽ ലളിതവും പ്രസരിപ്പുള്ളതും ശാന്തവും പ്രത്യാശയുള്ളതുമായ ഒരന്തരീക്ഷം നിറഞ്ഞിരുന്നാൽ എത്രയോ നന്നായിരിക്കും!

പ്രിയ സഹോദരീസഹോദരന്മാരേ, ദൈവത്തെ നിങ്ങളുടെ ജീവിതത്തിന്റെ സ്വപ്നമാക്കി മാറ്റിയ നിങ്ങൾ ഈ സന്തോഷം അനുഭവിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. നീണ്ടുനില്ക്കുന്ന സന്തോഷം നൽകാത്തതെരഞ്ഞെടുപ്പുകളുടെയും വികാരങ്ങളുടെയും യുഗത്തിൽ അവിടുത്തെ സഹോദരീ സഹോദരങ്ങളെ വിശ്വസ്തതയോടെ സേവിക്കുകയെന്നത് വളരെ ശക്തമായ സാക്ഷ്യമാണ്. ദൈവവിളിയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പ് പിതൃഹൃദയത്തോടെ നിങ്ങളെ അനുധാവനം ചെയ്യട്ടെ!

**ഫ്രാൻസിസ് പാപ്പാ**

# മെയ്ദിന സന്ദേശം 2021

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്നത്

*''വിശുദ്ധ യൗസേപ്പ്: നീതിയോടെ അദ്ധ്വാനിച്ച മരപ്പണിക്കാരൻ''*
*(ഫ്രാൻസിസ് പാപ്പ, പാത്രിസ് കോർദെ 6)*

ഈശോയിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റേയും തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിന്റേയും മംഗളാശംസകൾ നേരുന്നു. കോവിഡ് മഹാമാരിയുടെ കരിനിഴലിൽ നിന്നും ലോകം മുഴുവൻ മോചനം പ്രാപിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

1. തൊഴിലാളികളുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനു സമർപ്പിക്കപ്പെട്ട വർഷത്തിലെ മെയ്ദിനം സവിശേഷമാണ്. തിരുസ്സഭയുടെ 'പരിപാലകവിശുദ്ധനായി' വി.യൗസേപ്പിതാവിനെ 1870-ൽ ഭാഗ്യസ്മരണാർഹനായ പിയൂസ് ഒൻപതാമൻ പാപ്പ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ നൂറ്റിയൻപതാം വാർഷികം പ്രമാണിച്ചാണു പരിശുദ്ധ ഫ്രാൻസിസ് പാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള ഒരു വർഷക്കാലം വിശുദ്ധ യൗസേപ്പിതാവിന്റെ ധന്യസ്മരണയ്ക്ക് മുന്നിൽ സമർപ്പിച്ചു കൊണ്ട് പ്രഖ്യാപനം നടത്തിയത്. തിരുക്കുടുംബത്തിന്റെ നാഥനായ വിശുദ്ധ യൗസേപ്പിന്റെ വർഷം കുടുംബവർഷമായി കൂടി തിരുസ്സഭ ആചരിക്കുകയാണ്. ആയതിനാൽ തൊഴിലിനെയും തൊഴിലാളികളെ ക്കുറിച്ചും കുടുംബങ്ങളെക്കുറിച്ചും വിശദമായ പഠനങ്ങളും ധ്യാനങ്ങളും പരിചിന്തനങ്ങളും നടത്തേണ്ടതായിട്ടുണ്ട്. അതോടൊപ്പം തൊഴിലാളി ശക്തീകരണത്തിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം.

2. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിനു തുടക്കം കുറിച്ചുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് പാപ്പ '*പാത്രിസ് കോർദേ*' (പിതാവിനോടൊപ്പം) എന്ന പേരിൽ ഒരു അപ്പസ്തോലിക ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. മരപ്പണിക്കാരനും (മത്താ.13:55) നീതിമാനുമായ (മത്താ. 1:19) യൗസേപ്പിതാവിന്റെ വ്യക്തിപ്രഭാവത്തിലെ

ഗുണഗണങ്ങളെ വിവരിക്കുന്ന ഏഴ് ഖണ്ഡികകൾ ഈ അപ്പസ്തോലിക ലേഖനത്തിലുണ്ട്. അതിൽ ആറാമത്തെ ഖണ്ഡിക 'തൊഴിലെടുക്കുന്ന പിതാവ്' എന്ന തലക്കെട്ടിലാണു എഴുതിയിരിക്കുന്നത്. തൊഴിലാളി യായ വിശുദ്ധ യൗസേപ്പിന്റെ ജീവിതാനുഭവങ്ങളിലൂടെ തൊഴിലിന്റെ വ്യക്തിപരവും സാമൂഹികവുമായ മാനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും പാപ്പ അനാവരണം ചെയ്യുകയാണ്. "തന്റെ കുടുംബത്തെ പരിപാലിക്കുന്നതിനായി സത്യസന്ധമായ ജീവിതം നയിച്ച മരപ്പണിക്കാരനാണു വിശുദ്ധ യൗസേപ്പ്. സ്വന്തം അദ്ധ്വാനത്തിന്റെ ഫലത്തിൽ നിന്നും ആഹാരം കഴിക്കണം എന്ന പ്രബോധനത്തിന്റെ മൂല്യവും അന്തസ്സും ആനന്ദവും യേശു സ്വാംശീകരിച്ചത് വിശുദ്ധ യൗസേപ്പിൽ നിന്നാണ്" (*പാത്രിസ് കോർദേ, 6*). യേശുവിന്റെ ജീവിതത്തിൽ വി. യൗസേപ്പിതാവിന്റെ തൊഴിൽ ജീവിതം ചെലുത്തിയ സ്വാധീനമാണു പാപ്പ വിശദീകരിക്കുന്നത്. തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്വത്തെ സംബന്ധിച്ചും പാപ്പ പറയുന്നത് ശ്രദ്ധിക്കുക: ''രക്ഷാകര പ്രവർത്തനത്തിൽ പങ്കെടുക്കാനുള്ള മാധ്യമമാണു തൊഴിൽ. ദൈവരാജ്യത്തിന്റെ വരവിനെ വേഗത്തിലാക്കാ നുള്ള അവസരമാണു തൊഴിൽ. കഴിവുകളും നൈപുണ്യവും വികസിപ്പിക്കാനുള്ള മാർഗ്ഗമാണു തൊഴിൽ. വ്യക്തികളുടെ മാത്രമല്ല കുടുംബത്തിന്റെയും ആത്മസഫലീകരണത്തിനായി തൊഴിൽ അനിവാര്യമാണ്''(പാ.കോ.6). തൊഴിലിന്റെ സാമൂഹിക മാനങ്ങളെക്കുറിച്ചും പാപ്പ പഠിപ്പിക്കുന്നുണ്ട്. "നമ്മുടെ കാലഘട്ട ത്തിലുള്ള സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ പ്രതിസന്ധികൾ തൊഴിലിന്റെ മൂല്യം, പ്രാധാന്യം, ആവശ്യകത എന്നിവയെ വീണ്ടും കണ്ടെത്തി ആരെയും പുറത്താക്കാത്ത ഒരു പുതിയ സാമൂഹിക ക്രമം രൂപപ്പെടുത്തുന്ന തിനുള്ള ആഹ്വാനമായി കാണണം" (പാ. കോ. 6) എന്നാണു പാപ്പ പഠിപ്പിക്കുന്നത്.

3. ലോകത്തെ പുരോഗതിയിലേക്ക് നയിക്കുന്ന ഘടകമാണ് തൊഴിൽ. മനുഷ്യൻ തൊഴിൽ ചെയ്തില്ലായിരുന്നുവെങ്കിൽ ലോകം ഇന്നും സൃഷ്ടാവസ്ഥയിൽ തന്നെ തുടരുമായിരുന്നു. സൃഷ്ടിയിൽ അന്തർലീനമായിരിക്കുന്ന ദിവ്യതയിലും സർഗാത്മകതയിലുമുള്ള പങ്കുചേരലാണ് തൊഴിലെന്ന ബോധ്യം ഉണ്ടാകുകയെന്നതാണ് ഓരോ തൊഴിലാളിയും മെയ്ദിനത്തിൽ നിന്നും സ്വാംശീകരിക്കേണ്ട സന്ദേശം.

4. വ്യവസായവിപ്ലവത്തെ തുടർന്നു തൊഴിൽമേഖലയിൽ ഉണ്ടായ ചൂഷണത്തിനെതിരെ എട്ട് മണിക്കൂർ തൊഴിൽ, എട്ട് മണിക്കൂർ

വിനോദം എട്ട് മണിക്കൂർ വിശ്രമം എന്ന ആവശ്യവുമായി തൊഴിലാളികൾ ചിക്കാഗോ നഗരത്തിൽ നടത്തിയ സമരം അധികാരികളാൽ അടിച്ചമർത്തപ്പെട്ടെങ്കിലും തങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ തൊഴിലാളി സമൂഹത്തിനു പിൽക്കാലത്ത് സാധിച്ചു. സമരമുഖത്തെ തൊഴിലാളികളുടെ സഹനത്തെയാണു മെയ്ദിനം നമ്മെ അനുസ്മരിപ്പിക്കുന്നത്.

5. "വ്യക്തി തന്റെ കായികവും ബുദ്ധിപരവും സർഗാത്മകവുമായ കഴിവുകളെ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനമാണു തൊഴിൽ" എന്നാണ് തിരുസ്സഭ നിർവചിച്ചിട്ടുള്ളത്. ഇതിൽ നിന്നു തന്നെ കുടുംബപുരോഗതിയിലും സാമൂഹിക വികസനത്തിലും തൊഴിലിന്റെയും തൊഴിലാളിയുടെയും പ്രാധാന്യം എടുത്തു കാണിക്കുന്നുണ്ട്. അതുകൊണ്ടാണ് തൊഴിലാളിക്ക് ലഭിക്കുന്ന വേതനം തൊഴിലാളിയുടെയും കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും, നാളെയ്ക്കുവേണ്ടി അല്പം കരുതി വയ്ക്കുന്നതിനുമുള്ള വിധമായിരിക്കണമെന്നുമുള്ള നിലപാട് എടുത്തുകൊണ്ട് ജീവനക്കൂലി (living wages) കുടുംബക്കൂലി (family wages) എന്നീ ആശയങ്ങൾ തിരുസ്സഭ ഒരു നൂറ്റാണ്ടുകാലമായി സാമൂഹിക പ്രബോധനങ്ങൾ വഴി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘടന ഇക്കാര്യം തങ്ങളുടെ മാർഗനിർദ്ദേശ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അദ്ധ്വാനത്തിലൂടെ സ്വകാര്യസ്വത്ത് ആർജിക്കുകയെന്നത് ഒരു വ്യക്തിയുടെ ഉത്തരവാദിത്വമാണെന്നു കൂടി അസന്നിഗ്ദ്ധമായി സഭയുടെ സാമൂഹീക ചാക്രികലേഖനങ്ങളിലൂടെ പ്രബോധിപ്പിക്കുന്നുണ്ട്.

6. തൊഴിൽ ലഭിക്കുക, തൊഴിലിനു മാന്യമായ വേതനം ലഭിക്കുക, സുരക്ഷിതമായ തൊഴിൽസാഹചര്യം ലഭിക്കുക, തൊഴിലിനു ഉറപ്പ് ലഭിക്കുക എന്നത് തൊഴിലാളികളുടെ അവകാശങ്ങളാണ്. അതോടൊപ്പം ചികിത്സാനുകൂല്യങ്ങൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ തുടങ്ങിയവയുടെ ലഭ്യതയെല്ലാം തൊഴിലാളിയുടെ അവകാശമാണ്. ഇവ ഉറപ്പുവരുത്തുക ബന്ധപ്പെട്ട സർക്കാരുകളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണു എന്നാണു തിരുസ്സഭ പഠിപ്പിക്കുന്നത് (സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ സംക്ഷേപം 301). ദൗർഭാഗ്യവശാൽ ഈ കർത്തവ്യ നിർവ്വഹണത്തിൽ നിന്നും ഏകപക്ഷീയമായി പിൻമാറുന്ന നയമാണ് സർക്കാരുകൾ പിന്തുടരുന്നത്

എന്ന ദുഃഖകരമായ സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. മൂലധന ത്തേക്കാൾ പ്രധാന്യം തൊഴിലാളികൾക്കാണു നൽകേണ്ടത് എന്നാണു സഭാ പ്രബോധനങ്ങൾ പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പ നിരന്തരം പരിദേവനം നടത്തുന്നതുപോലെ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ പ്രാധാന്യമാണു ഇക്കാലത്ത് നൽകപ്പെടുന്നത്. മൂലധന താത്പര്യങ്ങൾ സംരക്ഷിക്കാനായി പലപ്പോഴും തൊഴിലാളികളുടെ അവകാശങ്ങൾ നിഹനിക്കപ്പെടുന്നു.

7. ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽ വിഭാഗമായ കർഷകർ തങ്ങളുടെ അവകാശ സംരക്ഷണത്തിനായി സമരം തുടങ്ങിയിട്ട് ആറ് മാസങ്ങൾ കഴിഞ്ഞു. കർഷകരുമായി കൂടിയാലോചിക്കാതെ രൂപപ്പെടുത്തിയിട്ടുള്ള കർഷക നിയമങ്ങൾ തങ്ങളുടെ താത്പര്യങ്ങൾക്ക് എതിരാണെന്ന പരാതിയിലാണു കർഷകർ സമരം തുടരുന്നത്. നാലു ലേബർ കോഡുകളായി രൂപപ്പെടുത്തി പരിഷ്കരിച്ചിരിക്കുന്ന തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന നടപടി ക്രമങ്ങൾ രൂപപ്പെടുത്തുന്നത് അവസാനഘട്ടത്തിലാണ്. ഈ പരിഷ്ക്കാരങ്ങൾക്കെതിരെ തൊഴിലാളികളും പ്രതിഷേധത്തിലാണ്. വേണ്ടത്ര കൂടിയാലോചന നടത്താതെ രൂപപ്പെടുത്തിയിരിക്കുന്ന ഇവ തൊഴിലാളി താത്പര്യങ്ങൾ ക്കെതിരാണെന്നാണു അവർ ഉന്നയിക്കുന്ന പ്രധാന ആക്ഷേപം. നിലവിലുള്ള അവകാശങ്ങൾപോലും ഇല്ലാതാകുമെന്നു അവർ ഭയപ്പെടുന്നു. മാത്രമല്ല, രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികൾക്ക് ആവശ്യമായ പരിരക്ഷ ഈ നിയമത്തിൽ ഉറപ്പാക്കിയിട്ടില്ലെന്ന പരാതിയും അവർ ഉന്നയിക്കുന്നുണ്ട്.

8. പ്രകൃതിവിഭവങ്ങളിൽ ആശ്രയിച്ച് ജീവിതം കെട്ടിപ്പടുത്തു യർത്തുന്ന കർഷകരെയും-തൊഴിലാളി സമൂഹത്തെയും നിരാശ യിലേക്ക് നയിക്കുന്ന സാഹചര്യമാണു മലയോര മേഖലകളിൽ യുക്തിരഹിതവും അശാസ്ത്രീയവും ആയ വിധത്തിലുള്ള ബഫർസോൺ പ്രഖ്യാപനത്തിലൂടെയും, അന്യായമായി പട്ടയ നിഷേധത്തിലൂടെയും ഉണ്ടായിരിക്കുന്നത്. തീരപരിപാലന നിയമത്തിലെ അപാകതകൾ, ദേശീയ മത്സ്യനയം, ബ്ലൂ ഇക്കോണമി സോൺ നയം, ആഴക്കടൽ മത്സ്യബന്ധന കരാറുകൾ എന്നിവ തീരവാസികളുടെ, വിശിഷ്യാ മത്സ്യത്തൊഴിലാളികളുടെ ജീവിതം കഷ്ടത്തിലാക്കിയിരിക്കുന്നു. എന്നാൽ മലയോര മേഖലകളിലും തീരപ്രദേശങ്ങളിലും കോർപ്പറേറ്റുകൾക്കും ടൂറിസ്റ്റ് ലോബികൾക്കും എല്ലാവിധ ഒത്താശകളും ലഭിക്കുന്നു എന്നതാണു വൈരുദ്ധ്യം.

9. നിയമങ്ങൾ നിർമ്മിക്കുമ്പോഴും നയങ്ങൾ രൂപപ്പെടുത്തുമ്പോഴും ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തുവാൻ സർക്കാരുകൾ സന്നദ്ധമാകേണ്ടതുണ്ട്. മൂലധന താത്പര്യസംരക്ഷണത്തേക്കാൾ തൊഴിലാളികളുടെ സുസ്ഥിതിക്കും അവകാശങ്ങൾക്കും മുൻതൂക്കം കൊടുത്തു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കുവാൻ പാടുള്ളൂ. പുതിയ നിയമങ്ങൾ നിർമ്മിക്കുമ്പോൾ വിശദമായ ചർച്ചകൾ നിയമനിർമ്മാണ സഭകളിൽ നടക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതു മാണ്. സാധാരണക്കാരായ ഗുണഭോക്താക്കളുടെ ആശങ്കകൾ പരിഹരിച്ചുകൊണ്ടാവണം നിയമങ്ങളും നയങ്ങളും നിർമ്മിക്കേണ്ടത്. ദീർഘകാലമായി സമരം ചെയ്യുന്ന കർഷകരോട് അനുഭാവ പൂർണ്ണമായ സമീപനം സ്വീകരിക്കാനും അവരുടെ ആശങ്കകൾ പരിഹരിച്ച് സമരം സമാപിപ്പിക്കാനുമുള്ള നടപടികൾക്ക് കേന്ദ്രസർക്കാർ നേതൃത്വം നൽകേണ്ടതാണ്.

10. വിശുദ്ധ യൗസേപ്പിന്റെ ജീവിതം മാതൃകയാക്കാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കുന്നതോടൊപ്പം തങ്ങളുടെ കടമകളെകുറിച്ച് തൊഴിലാളികളെ ചിന്തിപ്പിക്കുന്നതിനുള്ള അവസരംകൂടിയാണ് മെയ്ദിനം. അവകാശങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുകയും കടമകളെ മറക്കാൻ ശ്രമിക്കുകയും ചെയ്യുന്ന തൊഴിലാളിസമൂഹം സ്വയം നാശത്തിലേക്ക് നിപതിക്കും. തദ്ഫലമായി രാഷ്ട്രത്തിന്റെ തകർച്ചയ്ക്ക് വരെ നിദാനമാകുകയും ചെയ്യും.

11. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹികമേഖലയിലും പ്രതീക്ഷയുടേയും സന്തോഷത്തിന്റേയും വെളിച്ചം പരത്താൻ തൊഴിലാളിക്ക് കടമയുണ്ട്. ഇഷ്ടമുള്ള ജോലി ചെയ്യുന്നതിലല്ല മറിച്ച് ലഭിച്ച തൊഴിൽ സന്തോഷത്തോടെ അതിന്റെ പൂർണ്ണതയിൽ ചെയ്യുമ്പോഴാണ് തൊഴിലാളിക്ക് തന്റെ ഉത്തരവാദിത്വം നിറവേറ്റാനാകുന്നത്. തൊഴിൽമേഖലയിൽ സർഗാത്മകതയോടെ ഇടപെടുക, എല്ലാ മേഖലയിലും കരുതലെടുക്കുക, ത്യാഗമനസ്സുണ്ടാകുക, സഹകരണമനോഭാവം വളർത്തിയെടുക്കുക, പങ്കുവെയ്ക്കലിന്റെ രീതിശാസ്ത്രം പ്രയോഗവൽകരിക്കുക എന്നതെല്ലാം തൊഴിലാളികൾ തങ്ങളുടെ കടമകളാണെന്ന് തിരിച്ചറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് തൊഴിൽരംഗത്ത് വികസനവും സമാധാനവും സംജാതമാകുക. കുടുംബത്തിലുള്ള തന്റെ ചുമതലകൾ കർത്തവ്യബോധത്തോടെ തൊഴിലാളികൾ നിർവ്വഹിക്കണം. സാമൂഹിക പ്രതിബദ്ധതയും തൊഴിലാളികൾക്കുണ്ടാകണം (ഫ്രത്തേലി തൂത്തി 162).

12. "*മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ*" (മത്ത. 7:12) എന്ന യേശു വചനത്തെ മലയിലെ പ്രസംഗത്തിലെ സുവർണ്ണ നിയമമെന്നാണു വിശേഷിപ്പിക്കുന്നത്. മാറ്റം തുടങ്ങേണ്ടത് നമ്മിൽ ഓരോരുത്തരിൽ നിന്നുമാണ്. അതിന് സ്വതന്ത്രചിന്ത അത്യാവശ്യമാണ്. സത്യാധിഷ്ഠിത പ്രവൃത്തികളാണു നമ്മെ സ്വതന്ത്രമാക്കുന്നത് (യോഹ 8:32). ജാതീയമായും മതപരമായും രാഷ്ട്രീയപരമായും വിഭജിതമായതും അടിമത്തപരമായ വിധേയത്വം പുലർത്തുന്നതുമായ വ്യക്തികളുടെ കൂട്ടം ഒരു പുരോഗതിയും മുന്നോട്ടു വയ്ക്കുന്നില്ല. ഈ സാഹചര്യത്തെയാണു രാഷ്ട്രീയ, ഭരണ, കോർപ്പറേറ്റ് കൂട്ടുകെട്ടുകൾ പ്രയോജനപ്പെടുത്തുന്നത് എന്ന തിരിച്ചറിവ് ഉള്ളവരായി മാറുകയെന്നതാണ് ഓരോ തൊഴിലാളിയുടേയും പരമപ്രധാനമായ കർത്തവ്യം. മാർ യൗസേപ്പിനെ പോലെ അവകാശങ്ങളെ കുറിച്ചും കടമകളെ കുറിച്ചും ബോധ്യമുള്ളവരായി തൊഴിലാളികൾ മാറണം.

13. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് ഇന്ത്യൻ മെത്രാൻ സമിതിയുടെ (CBCI) യുടെ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷനുമായി (WIF) സഹകരിച്ച് പ്രർത്തിക്കുന്നു. ഇന്ത്യയിലെ തൊഴിൽ, തൊഴിൽ ശക്തിയിലെ 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളുടെ സംഘാടനവും ഉന്നമനവുമാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമാക്കുന്നത്.

14. തൊഴിൽപരമായ സംഘാടനം, നൈപുണ്യ പരിശീലനം, സാമൂഹിക സുരക്ഷാ പദ്ധതികളിലെ പങ്കാളിത്തം, ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ, അവകാശ നിഷേധങ്ങൾക്കെതിരെയുള്ള പ്രതിരോധം, തൊഴിലിനേയും ആദരിക്കുന്ന സംസ്കാരത്തെ രൂപപ്പെടുത്തൽ, ക്രിസ്തീയവും ധാർമ്മീകവുമായ ജീവിതരീതി പ്രദാനം ചെയ്യൽ തുടങ്ങിയവയാണ് കെ.എൽ.എം. ലക്ഷ്യം വയ്ക്കുന്നത്.

15. നിർമ്മാണത്തൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, തയ്യൽത്തൊഴിലാളി ഫോറം, ഗാർഹീകത്തൊഴിലാളി ഫോറം, പീടികതൊഴിലാളി ഫോറം, കർഷകത്തൊഴിലാളി ഫോറം, ചെറുകിടതോട്ടം, തൊഴിലാളി ഫോറം, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം, വനിതാ ഫോറം എന്നിങ്ങനെ വിവിധ ഫോറങ്ങൾ വഴിയാണു കെ.എൽ.എം. പ്രവർത്തിച്ചുവരുന്നത്.

16. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിൽ തൊഴിലാളി പ്രേഷിതത്വത്തിനു മുൻഗണന നൽകേണ്ടതാണ്. തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും വളരെ ഗൗരവപൂർവ്വം ഏറ്റെടുക്കുവാൻ താത്പര്യപ്പെടുന്നു. എല്ലാ ഇടവകകളിലും കെ.എൽ.എം. ന്റെ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും സജീവമാക്കുകയും ചെയ്യണം. മെയ് ദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കു വേണ്ടി ദിവ്യബലി അർപ്പിക്കുന്നത് ഉചിതമാണ്.

17. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും വിശുദ്ധ യൗസേപ്പിന്റെ മാധ്യസ്ഥവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെ മേൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും കാത്തു സംരക്ഷിക്കട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

## വിളിയിലും വിശ്വാസത്തിലും സ്ഥിരത

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

(തിരുവചനഭാഗം: 2 പത്രോ 2,1-22)

വിശ്വാസികളെ തങ്ങളുടെ വിളിയിലും വിശ്വാസത്തിലും ഉറപ്പിക്കുന്നതിനു നൽകുന്ന ഉപദേശവും, വ്യാജപ്രബോധകർക്കെതിരെ ജാഗരൂകത പാലിക്കേണ്ടതിന്റെ ആവശ്യകതയുമാണ് ഈ അദ്ധ്യായത്തിന്റെ പ്രതിപാദനവിഷയം. അദ്ധ്യായത്തെ ഇപ്രകാരം വിഭജിക്കാം:

1. വ്യാജപ്രബോധകരെ സൂക്ഷിക്കുക (2,1-3)
2. നീതിപൂർവ്വകമായ വിധി (2,4-9)
3. തെറ്റായ പെരുമാറ്റശൈലി (2,10-14)
4. ഫലരഹിതമായ പ്രവർത്തനം (2,15-19)
5. വിശ്വാസത്യാഗികളുടെ നാശം (2,20-22)

വിശ്വാസികളുടെ സമൂഹമായ സഭയുടെ സമൂഹങ്ങൾക്ക് നേതൃത്വം നല്കുന്ന പുരോഹിതർക്ക് ഈ വചനഭാഗം നല്കുന്ന സന്ദേശങ്ങൾ ധ്യാനവിഷയമാക്കാം.

### 1. വ്യാജപ്രബോധകരെ സൂക്ഷിക്കുക

"ഇസ്രായേൽ ജനങ്ങൾക്കിടയിൽ വ്യാജപ്രവാചകന്മാരുണ്ടായിരുന്നു. അതുപോലെ, തങ്ങളുടെമേൽ ശീഘ്രനാശം വരുത്തിവയ്ക്കുന്ന വ്യാജോപദേഷ്ടാക്കൾ നിങ്ങളുടെയിടയിലും ഉണ്ടാകും. അവർ വിനാശകരമായ അഭിപ്രായങ്ങൾ രഹസ്യത്തിൽ പഠിപ്പിക്കുകയും തങ്ങളെ വിലകൊടുത്തു വാങ്ങിയ നാഥനെപ്പോലും നിഷേധിക്കുകയും ചെയ്യും. പലരും അവരുടെ ദുഷിച്ച മാർഗ്ഗത്തെ അനുഗമിക്കും. അങ്ങനെ അവർമൂലം സത്യത്തിന്റെ മാർഗ്ഗം നിന്ദിക്കപ്പെടും. അത്യാഗ്രഹം കാരണം വ്യാജം പറഞ്ഞു നിങ്ങളെ അവർ ചൂഷണം ചെയ്യും. നേരത്തെതന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്ന അവരുടെ ശിക്ഷാവിധിക്കു കാലവിളംബം വരുകയില്ല. വിനാശം കണ്ണുതുറന്ന് അവരെ കാത്തിരിക്കുകയും ചെയ്യുന്നു" (2,1-3).

പഴയനിയമദൈവജനത്തിന്റെ ചരിത്രത്തിൽ ദൈവത്തിന്റെ പ്രവാചകരോടൊപ്പം വ്യാജപ്രവാചകരുമുണ്ടായിരുന്നു (നിയ 13,1-5; ജറെ 5,31). പഴയനിയമപ്രവചനത്തിന്റെ തുടർച്ചയും പൂർത്തീകരണവും മിശിഹായിലും അവിടുന്നു ഭരമേല്പിച്ച ശ്ലീഹന്മാരിലൂടെയുമാണ് ഇന്നു സഭയ്ക്കു ലഭിക്കുക. അവ സത്യവും അവയുടെ അനുസരണം വ്യക്തികൾക്കും ലോകത്തിനു മുഴുവൻ നന്മയ്ക്കു നിദാനവുമാണ്. എന്നാൽ വ്യാജപ്രവാചകരുടെ വചന

ങ്ങൾ ശീഘ്രനാശം വരുത്തിവയ്ക്കുന്നതും, വിനാശകരമായ അഭിപ്രായങ്ങളും, തങ്ങളെ സ്വന്തം ജീവൻ വില കൊടുത്തുവാങ്ങിയ നാഥനെപ്പോലും നിഷേധിക്കുന്നതുമാണ്. വ്യാജപ്രബോധകർ തങ്ങളുടെ അഭിപ്രായങ്ങൾക്കും തങ്ങൾക്കുണ്ടായേക്കാവുന്ന നേട്ടങ്ങൾക്കും അനുസരിച്ചുള്ള പ്രബോധനമാണ് നല്കുക. അതിനാൽ അത് താല്ക്കാലികമായ നന്മ ഉളവാക്കിയാലും പിന്നീട് അവർക്കെന്നതുപോലെ ഏവർക്കും നാശകരമായി ഭവിക്കും.

ഈശോമിശിഹായെക്കുറിച്ചുള്ള പൂർണ്ണമായ അറിവു പകരുക എന്നതോ, അങ്ങനെ എല്ലാവരിലും കൃപയും സമാധാനവും വർദ്ധിക്കാനിടയാകുക എന്നതോ അല്ല അവരുടെ ലക്ഷ്യം. മറിച്ച് അത്യാഗ്രഹമാണ് അവരുടെ പ്രബോധനങ്ങളുടെ പ്രേരകശക്തി. അത്യാഗ്രഹം എന്നുവച്ചാൽ, കൂടുതൽ കൂടുതൽ സ്വന്തമാക്കാനുള്ള ആഗ്രഹം എന്നാണർത്ഥം. വിവിധ തരത്തിലുള്ള പാപകരമായ ആഗ്രഹപൂർത്തിയാണ് അവരുടെ ലക്ഷ്യം. അതായത് ദൈവിക നിയമത്തിന്റെ ഇടുങ്ങിയ വഴിയിൽനിന്നുമാറി വിശാലമായ തന്നിഷ്ടത്തിന്റെ വഴിതേടുന്ന ആകർഷത്വവും അവരുടെ പ്രബോധനത്തിനുണ്ടാകാം. അതുകൊണ്ട് അതിനെതിരെ ജാഗരൂകത പുലർത്തണം. ഇന്നു സഭയിൽ ഇപ്രകാരമുള്ള സാഹചര്യങ്ങളുണ്ടാകുന്നുണ്ട്. കത്തോലിക്കാസഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന ബൈബിൾ പ്രബോധനങ്ങൾ, സഭാസ്നേഹത്തിൽനിന്നും അകറ്റുന്ന മാനുഷികവും ലൗകികവുമായ നേട്ടങ്ങൾ തുടങ്ങിയവ പലരുടെയും വിശ്വാസജീവിതത്തിന് പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. അജപാലകരായ പുരോഹിതർ ഇതിനെതിരെ ജാഗ്രത പുലർത്തണം. സഭയുടെ ശ്ലൈഹിക ആധികാരികതയുള്ള പ്രബോധനത്തിൽ അജഗണങ്ങൾ നിലനില്ക്കുന്നു എന്നുറപ്പു വരുത്തുവാൻ തക്കവിധം വിശ്വാസപരിശീലനം നല്കുന്നതിൽ ശ്രദ്ധയുള്ളവരായിരിക്കണം.

**2. നീതിപൂർവ്വകമായ വിധി**

"പാപം ചെയ്ത ദൂതന്മാരെ ദൈവം വെറുതേ വിട്ടില്ല. വിധിദിനംവരെ സൂക്ഷിക്കുന്നതിനായി അവരെ അവിടുന്നു നരകത്തിലെ ഇരുൾക്കുഴികളിലേക്കു തള്ളിവിട്ടു.... ദൈവഭയമുള്ളവരെ പരീക്ഷകളിൽനിന്ന് എങ്ങനെ രക്ഷിക്കണമെന്നും അനീതി പ്രവർത്തിക്കുന്നവരെ വിധിദിനംവരെ എങ്ങനെ ശിക്ഷാവിധേയരാക്കി സൂക്ഷിക്കണമെന്നും കർത്താവ് അറിയുന്നു" (2,4.9).

വ്യാജപ്രവാചകരുടെ നാശത്തെക്കുറിച്ച് സംഗ്രഹമായി നല്കിയിരിക്കുന്ന മൂന്നാം വാക്യത്തിന്റെ വിശദീകരണമാണ് ഈ ഭാഗത്തു നാം കാണുന്നത്. രക്ഷയുടെയും ശിക്ഷയുടെയും മൂന്ന് ഉദാഹരണ

ങ്ങളാണ് ഈ ഭാഗം അവതരിപ്പിക്കുന്നത്. പാപം ചെയ്ത ദൂതന്മാർ (2,4), നോഹയുടെ കാലത്തെ ദുഷ്ടർ (2,5), സോദോം ഗോമോറായിലെ ശിക്ഷാവിധി (2,6-8) എന്നിവയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ദൈവത്തെ ധിക്കരിക്കുന്നവർക്ക്, അതാരുതന്നെയായാലും ശിക്ഷാവിധിയുണ്ടാകും എന്നാണ് പാപം ചെയ്ത ദൂതന്മാരുടെ സംഭവം അനുസ്മരിപ്പിക്കുന്നത്. വ്യാജപ്രബോധകരുടെ പിന്നാലെ അനേകർ പോകുമ്പോൾ, വിശ്വസ്തരായി നിലനില്ക്കുക എന്നത് വിശ്വാസികൾക്കു പരീക്ഷണഘട്ടമാണ്. എങ്കിലും നോഹയെപ്പോലെ, ഒരാളുടെ വിശ്വസ്തത അനേകർക്കു രക്ഷയ്ക്കു കാരണമായി എന്ന് നോഹയുടെ ഉദാഹരണം സൂചിപ്പിക്കുന്നു. സോദോം ഗോമോറാ പ്രദേശങ്ങളെ നശിപ്പിക്കുമ്പോഴും നന്മയുടെ കണികയെ ദൈവം അവശേഷിപ്പിക്കുന്നു എന്നത് അവിടുത്തെ കരുണയാണ്.

ശിക്ഷാവിധിയുടെ ലക്ഷ്യം നാശമല്ല, നന്മയാണ്. നന്മയുള്ളവരെ കാത്തുസൂക്ഷിക്കുന്ന ദൈവം, ഭൂമിയിൽനിന്നു നന്മ ഒഴിവാക്കുകയില്ല. നന്മയുടെ തിരഞ്ഞെടുക്കൽ ദൈവികപദ്ധതിയുടെ ഭാഗമാണ്. ഇസ്രായേൽ ചരിത്രത്തിൽ കാണുന്ന ദൈവിക തിരഞ്ഞെടുപ്പുകൾ നമ്മുടെ തിരഞ്ഞെടുപ്പുകൾക്കും മാതൃകയാണ്. നന്മയായിട്ടുള്ളതു തിരഞ്ഞെടുക്കുകയും സ്വന്തമാക്കുകയും വളർത്തുകയും ചെയ്യുക ദൈവികപദ്ധതിയോടു സഹകരിക്കുകതന്നെയാണ്. പഴയനിയമത്തിൽ തെറ്റിനെതുടർന്ന് ഉടനെതന്നെ ശിക്ഷാവിധി കാണപ്പെടുന്നുണ്ട്. ഗോതമ്പിനോടൊപ്പം കളകളെയും വളരാനനുവദിക്കുന്ന പുതിയനിയമ പ്രബോധനം (മത്താ 13,24-30) അന്ത്യാത്മകമായ ഈ ശിക്ഷാവിധിയെ സൂചിപ്പിക്കുന്നതാണ്. അതുകൊണ്ട് ഈ അന്ത്യാത്മകമായ വിധിയിൽ വിശ്വസിച്ചുകൊണ്ട് വിശ്വാസത്തിൽ വിശ്വസ്തതയോടെ നിലകൊള്ളുവാൻ നമുക്കു കഴിയണം. മിശിഹായുടെ രണ്ടാമാഗമനത്തിലും അന്ത്യവിധിയിലുമുള്ള വിശ്വാസം ക്രൈസ്തവവിശ്വാസത്തിന്റെ അന്തഃസത്തയാണല്ലോ. അതിനു കോട്ടംവരാതെ സത്യവിശ്വാസത്തിൽ നിലനില്ക്കുവാനും അജഗണങ്ങളെ നിലനിർത്തുവാനും അജപാലകർ ജാഗരൂകതയോടെ വർത്തിക്കണം.

**3. തെറ്റായ പെരുമാറ്റശൈലി**

"... പ്രത്യേകിച്ച്, മ്ലേച്ഛമായ അഭിലാഷങ്ങൾക്ക് അടിമപ്പെടുന്നവരെയും അധികാരത്തെ നിന്ദിക്കുന്നവരെയും. മഹിമയണിഞ്ഞവരെ ദുഷിക്കാൻപോലും മടിക്കാത്തവരാണ് അവർ. ബലത്തിലും ശക്തിയിലും അവരെക്കാൾ വലിയവരായ ദൂതന്മാർപോലും, കർത്താവിന്റെ സന്നിധിയിൽ അവർക്ക് എതിരായി അവമാനകര

മായ വിധി പറയുന്നില്ല. കൊല്ലപ്പെടുന്നതിനു മാത്രമായി സൃഷ്ടിക്കപ്പെട്ട, സഹജവാസനയാൽ നയിക്കപ്പെടുന്ന, വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെയാണവർ. തങ്ങൾക്കജ്ഞാതമായ കാര്യങ്ങളെക്കുറിച്ച് അവർ ദൂഷണം പറയുന്നു. മൃഗങ്ങളുടെ നാശം തന്നെ അവർക്കും വന്നുകൂടും" (2,10-12).

വ്യാജപ്രബോധകരുടെ ഹീനസ്വഭാവത്തെപ്പറ്റിയാണ് ഇവിടെ പറയുന്നത്. അഭിലഷണീയമല്ലാത്ത മോഹങ്ങളുടെ അടിമകളും മറ്റുള്ളവർക്കു പ്രലോഭനഹേതുക്കളുമായ അവരുടെ ജീവിതത്തിന്റെ വ്യർത്ഥതയെ ചിത്രീകരിച്ചുകൊണ്ട് അവരിൽനിന്ന് ഒഴിഞ്ഞുമാറാൻ വിശ്വാസികൾക്കു മുന്നറിയിപ്പു നല്കുകയാണിവിടെ. "മഹിമയണിഞ്ഞവരെ ദുഷിക്കാൻപോലും മടിക്കാത്തവരാണ് അവർ" എന്നു പറയുന്നത്, സഭയുടെ ന്യായമായ ശ്ലൈഹികാധികാരത്തെയും പ്രബോധനത്തെയും മാനിക്കാതെ അവരെ വിമർശിക്കുകയും അവരുടെ പ്രബോധനത്തിനു വിരുദ്ധമായി പഠിപ്പിക്കുകയും ചെയ്യുന്നതിനെയാണ് അർത്ഥമാക്കുന്നത്. യൂദാസിന്റെ ലേഖനത്തിൽ "അധികാരത്തെ തള്ളിപ്പറയുകയും മഹിമയണിഞ്ഞവരെ നിന്ദിക്കുകയും ചെയ്യുന്നവരാണ്" വ്യാജോപദേഷ്ടാക്കൾ എന്ന കുറ്റപ്പെടുത്തൽ കാണുന്നുണ്ട് (1,8). വ്യാജപ്രബോധകർ തെറ്റു പഠിപ്പിക്കുന്നവർ മാത്രമല്ല, ദുഷ്ടസ്വഭാവമുള്ളവരുമാണെന്ന് ഇതു വ്യക്തമാക്കുന്നു.

ദൈവത്തെയോ മനുഷ്യരെയോ മാനിക്കാത്ത തന്നിഷ്ടത്തിന്റെ വഴി (അസേൽഗെയിയാ) തേടുന്നവർ, സഹജവാസനയാൽ പോഷിപ്പിക്കപ്പെടുമ്പോൾ, മ്ലേച്ഛമായ അഭിലാഷങ്ങൾക്കു വശപ്പെടുന്നു. ജന്മവാസനയാൽ നയിക്കപ്പെടുന്നതുകൊണ്ടും, മാത്രമല്ല നാശത്തിലൊടുങ്ങുന്നതുകൊണ്ടും അവർ മൃഗങ്ങൾക്കു തുല്യരാണെന്നാണ് ലേഖനകർത്താവിന്റെ അഭിപ്രായം. ഏതു വഴി തിരഞ്ഞെടുക്കണം എന്നുള്ള വിവേചനമോ തീരുമാനമോ ഇല്ലാത്ത ദുഷ്ടർ, മൃഗങ്ങളെപ്പോലെ, ജന്മവാസനയാൽ നയിക്കപ്പെടുമ്പോൾ മൃഗങ്ങളിൽനിന്ന് അവർ വ്യത്യസ്തരായിരിക്കുന്നത് അവരുടെ ദുഷ്ടതയിൽ മാത്രമാണ്. സ്വാർത്ഥപൂർത്തീകരണത്തിനായി ഏതു ദുഷ്ടതയും ചെയ്യാൻ മടിയില്ലാത്തവരാണവർ. വ്യാജപ്രവാചകരുടെ സ്വഭാവവും അവരുടെ നാശവും വ്യക്തമാക്കുന്ന ഈ വിശദീകരണം വിശ്വാസികൾക്ക് അവരിൽനിന്നു മാറിനില്ക്കാനുള്ള അതിശക്തമായ താക്കീതാണ്. ഏതു വിധേനയും സഭാംഗങ്ങളെ അവരുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുവാനുള്ള ലവ്ജിഹാദ് പോലുള്ള ശ്രമങ്ങൾ നടക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. ഇപ്രകാരമുള്ള സാഹചര്യങ്ങൾ

തിരിച്ചറിഞ്ഞ് അവയെ വേണ്ടവിധത്തിൽ നേരിടുവാൻ സഭാംഗ ങ്ങളെ സജ്ജരാക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**4. ഫലരഹിതമായ പ്രവർത്തനം**

"അവർ വെള്ളമില്ലാത്ത അരുവികളും കൊടുങ്കാറ്റിനാൽ തുരത്തപ്പെടുന്ന മൂടൽമഞ്ഞുമാണ്. അവർക്കായി അന്ധകാര ത്തിന്റെ അധോലോകം കരുതിവയ്ക്കപ്പെട്ടിരിക്കുന്നു. എന്തെ ന്നാൽ, തെറ്റിൽ ജീവിക്കുന്നവരിൽനിന്നു കഷ്ടിച്ചു രക്ഷപ്രാപിച്ച വരെ, വ്യർത്ഥമായ വാക്ധോരണികൊണ്ടു വിഷയാസക്തമായ ദുർവിചാരങ്ങളിലേക്ക് അവർ പ്രലോഭിപ്പിക്കുന്നു. മറ്റുള്ളവർക്കു സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്ന അവർ തന്നെ നാശത്തിന്റെ അടിമകളാണ്. കാരണം, ഏതിനാൽ ഒരുവൻ തോല്പിക്ക പ്പെടുന്നുവോ അതിന്റെ അടിമയാണവൻ" (2,17-19).

ഈ ഭാഗത്ത് വ്യാജപ്രവാചകരെ സൂചിപ്പിക്കുവാൻ ഉപയോ ഗിച്ചിരിക്കുന്ന പ്രതീകങ്ങളെല്ലാം നാശത്തെ സൂചിപ്പിക്കുന്നവ യാണ്. "വെള്ളമില്ലാത്ത അരുവി", "കൊടുങ്കാറ്റിനാൽ തുരത്ത പ്പെടുന്ന മൂടൽമഞ്ഞ്", "അന്ധകാരത്തിന്റെ അധോലോകം" എന്നി വപോലെ ഇല്ലായ്മയാണ് അവരുടെ ജീവിതം. അവയെല്ലാം നിരാ ശാജനകമാണ്. അതുപോലെ നാശകാരണവും വ്യർത്ഥവുമായ വാക്ധോരണിയാണവരിൽനിന്നു വരുന്നത്. ഈ വാക്ധോരണി യിൽ മയങ്ങുന്നവർ വിശ്വാസത്തിൽ ഉറച്ചവരല്ല, മറിച്ച് തെറ്റായ ജീവിതത്തിൽനിന്നു കഷ്ടിച്ചു രക്ഷപെട്ടവരാണ്, ബലഹീനരാണ്. അതുകൊണ്ട് വ്യാജപ്രവാചകർക്ക് അവരെ എളുപ്പത്തിൽ നാശ ത്തിലേക്കു വശീകരിക്കുവാൻ കഴിയും. സ്വാതന്ത്ര്യത്തെക്കുറിച്ചും അടിമത്തത്തെക്കുറിച്ചും അവർ സംസാരിക്കുന്നു (2,19). ദുഷിച്ച മാർഗ്ഗത്തിലൂടെ നടക്കുന്ന വ്യാജപ്രവാചകർ നാശത്തിലവസാനി ക്കുമെന്നുറപ്പായിരിക്കെ, അവർ മറ്റുള്ളവർക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു എന്ന വൈരുദ്ധ്യവും ഇവിടെ കാണുന്നുണ്ട്. ശരിയായ ക്രിസ്തീയസ്വാതന്ത്ര്യം വചനാധിഷ്ഠിതജീവിതം നയി ക്കുന്നതിലാണ്. സ്വാഭീഷ്ടമനുസരിച്ചു ജീവിക്കുന്നവർ യഥാർത്ഥ ത്തിൽ അടിമത്തത്തിലാണ്: "പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്" (യോഹ 8,34).

'സ്വാതന്ത്ര്യം' (എലവുത്തേരിയ) എന്ന പദം പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ കൂടെക്കൂടെ കാണുന്ന ഒന്നാണ്. "സ്വാതന്ത്ര്യത്തിലേക്കു മിശിഹാ നമ്മെ മോചിപ്പിച്ചു" (ഗലാ 5,1) എന്നും "സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളി ക്കപ്പെട്ടിരിക്കുന്നത്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ

ദാസരെപ്പോലെ പരസ്പരം സ്നേഹിക്കുവിൻ" (ഗലാ 5,13) എന്നും ശ്ലീഹാ ഉത്ബോധിപ്പിക്കുന്നുണ്ട്. വ്യാജപ്രവാചകന്മാർ വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്ര്യം അധാർമ്മികതയ്ക്കുള്ള സ്വാതന്ത്ര്യമാണ്. വിശ്വാസികൾ സ്വന്തമാക്കേണ്ടത് പരിശുദ്ധാത്മാവു നല്കുന്ന സ്നേഹശുശ്രൂഷയുടെ സ്വാതന്ത്ര്യമാണ്. ഇന്ന് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെറ്റായ ധാരണകളും സഭാംഗങ്ങളുടെയിടയിൽ പ്രബലമായിട്ടുണ്ട്. പ്രത്യേകിച്ച് യുവതലമുറകളെ ഇക്കാര്യത്തിൽ ശരിയായി പ്രബോധിപ്പിക്കേണ്ടതുണ്ട്. അപ്രകാരം ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യം അനുഭവിക്കുന്ന സമൂഹമായി അജഗണങ്ങളെ വളർത്തുവാൻ അജപാലകർ ശ്രദ്ധിക്കണം.

**5. വിശ്വാസത്യാഗികളുടെ നാശം**

"നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായെക്കുറിച്ചുള്ള അറിവുമൂലം അവർ ലോകത്തിന്റെ മാലിന്യങ്ങളിൽനിന്നു രക്ഷപ്രാപിച്ചതിനുശേഷം, വീണ്ടും അവയിൽ കുരുങ്ങുകയും അവയാൽ തോല്പിക്കപ്പെടുകയും ചെയ്യുന്നെങ്കിൽ, അവരുടെ അന്ത്യസ്ഥിതി ആദ്യത്തേതിനെക്കാൾ മോശമായിരിക്കും. കാരണം, തങ്ങൾക്കു ലഭിച്ച വിശുദ്ധകല്പനയെക്കുറിച്ച് അറിഞ്ഞിട്ട് അതിൽനിന്നു പിന്മാറുന്നതിനെക്കാൾ അവർക്കു നല്ലത് നീതിയുടെ വഴിയെക്കുറിച്ച് അറിയാതിരിക്കുകയായിരുന്നു. നായ ഛർദ്ദിച്ചതുതന്നെ വീണ്ടും ഭക്ഷിക്കുന്നു. കുളിച്ച പന്നി ചെളിക്കുണ്ടിൽ വീണ്ടും ഉരുളുന്നു എന്ന പഴമൊഴി അവരെ സംബന്ധിച്ചു ശരിയാണ്" (2,20-22).

ലോകത്തിന്റെ മാലിന്യങ്ങളിൽനിന്നു രക്ഷപ്രാപിച്ചവർ വീണ്ടും അവയിൽ കുരുങ്ങിയാൽ രക്ഷ അസാദ്ധ്യമാണെന്നാണ് പത്രോസ്ശ്ലീഹാ ഓർമ്മിപ്പിക്കുന്നത്. അവർ കഷ്ടിച്ചു രക്ഷപെട്ടവർ (2,18) ആയതുകൊണ്ട് രണ്ടാമതൊന്നുകൂടി ലോകത്തിന്റെ മാലിന്യത്തിൽ നിപതിച്ചാൽ രക്ഷപെടുക കൂടുതൽ വിഷമകരമാണ്; ഒരുപക്ഷേ അസാദ്ധ്യവുമാകാം. "ലോകത്തിന്റെ മാലിന്യം" എന്നത് വ്യാജപ്രവാചകരെയോ അവരുടെ പ്രബോധനത്തെയോ ആകാം സൂചിപ്പിക്കുന്നത്. "തങ്ങൾക്കു ലഭിച്ച വിശുദ്ധ കല്പനയെക്കുറിച്ച് അറിഞ്ഞിട്ട്" എന്നും പറയുന്നതുകൊണ്ട്, വിശ്വാസികളാണ് വ്യാജപ്രബോധകരുടെ വചനങ്ങൾ കേട്ടു വിശ്വാസത്യാഗത്തിനു മുതിരുന്നതെന്നും, അവരുടെ കുറ്റം കൂടുതൽ ഗൗരവതരമാണെന്നും ഇവിടെ സൂചനയുണ്ട്. മിശിഹായുടെ മഹത്ത്വത്തിലേക്കും ഔന്നത്യത്തിലേക്കും വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ. മാമ്മോദീസായിലൂടെ ലഭിച്ച ക്രിസ്തീയവിശ്വാസം അതിന്റെ തനിമയിൽ ജീവിക്കുന്നവർക്കേ ഈ മഹത്ത്വത്തിൽ പങ്കുചേരാനാവൂ.

"നായ ഛർദ്ദിച്ചതുതന്നെ വീണ്ടും ഭക്ഷിക്കുന്നു" എന്നും "കുളിച്ച പന്നി ചെളിക്കുണ്ടിൽ വീണ്ടും ഉരുളുന്നു" എന്നുമുള്ള പഴമൊഴി ഉദ്ധരിച്ചുകൊണ്ടാണ് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നത്. വ്യാജപ്രബോധകരുടെ കെണിയിൽപെടുന്നവരെയാണ് ഇതു സൂചിപ്പിക്കുന്നത്. വിശ്വാസസ്വീകരണത്തിലൂടെ വിശുദ്ധമായ ജീവിതത്തിലേക്കു കടന്നുവന്നവർ, വിശ്വാസത്യാഗികളായി, വീണ്ടും അശുദ്ധിയിലേക്കു പോകുന്നതിനെയാണ് ഈ പ്രസ്താവന സൂചിപ്പിക്കുന്നത്. വ്യാജപ്രബോധകർ പ്രധാനമായും ക്രിസ്തീയ ജീവിതത്തിനു സഹജമായ വിശുദ്ധിയെയാണ് അവരുടെ പ്രബോധനംകൊണ്ട് നശിപ്പിക്കുന്നത്. വിശുദ്ധിയുടെ അരൂപിയിലുള്ള ജനനത്തിലൂടെയും ജീവിതത്തിലൂടെയും വിശുദ്ധരുടെ കൂട്ടായ്മയായിത്തീർന്ന സഭാമക്കൾ ആ വിശുദ്ധിയിൽ അഭംഗം ജീവിക്കണമെന്നാണ് ഇതിലൂടെ നല്കപ്പെടുന്ന ആഹ്വാനം. സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്നു പഠിപ്പിക്കുന്നവരും, വിശുദ്ധിയിൽ വളരാൻ വിശ്വാസികളെ കൈപിടിച്ചു നടത്തേണ്ടവരുമായ പുരോഹിതർ വിശ്വാസജീവിതത്തിലും വിശുദ്ധിയിലും ജീവിച്ച് വിശ്വാസികൾക്ക് മാതൃക നല്കുവാൻ പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

**ജീവിതസൂചിക**

1. സഭയുടെ ശ്ലൈഹികപ്രബോധനത്തിൽ വിശ്വാസികളെ ഉറപ്പിക്കുവാൻ ഞാൻ എങ്ങനെയെല്ലാം പരിശ്രമിക്കുന്നു?
2. അന്ത്യവിധിയെ മുന്നിൽ കണ്ട്, നന്മതിന്മകളെ വിവേചിച്ചറിഞ്ഞ്, നന്മ ചെയ്തുകൊണ്ടു ജീവിക്കുവാൻ ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?
3. വ്യാജപ്രബോധകരുടെ സാന്നിദ്ധ്യം തിരിച്ചറിയുവാനും അവരുടെ കെണികളിൽ പെടാതിരിക്കുവാനും ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?
4. യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ക്രിസ്തീയകാഴ്ചപ്പാടിൽ ജീവിക്കുവാനും അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പഠിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
5. ജനങ്ങളുടെ വിശ്വാസം ആഴപ്പെടുത്തുവാനും വിശുദ്ധിയിൽ അവരെ വളർത്തുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹു. ജോസഫ് തൊണ്ടിപറമ്പിലച്ചന്റെ ചരമവാർഷികം മെയ് 20 നും ബഹു. ജോസഫ് മേമന അച്ചന്റെ ചരമവാർഷികം മെയ് 27 നും ബഹു. ഫ്രാൻസിസ് ഞള്ളമ്പുഴ CMI അച്ചന്റെ ചരമവാർഷികം മെയ് 29 നും ബഹു. മാത്യു കൊല്ലിത്താനത്ത് അച്ചന്റെ ചരമവാർഷികം ജൂൺ 3 നുമാണ്. ഈ വൈദികരെ നമ്മുടെ വി. ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**ബഹു. വൈദികരുടെ സ്ഥലം മാറ്റം**

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് 15 ശനിയാഴ്ചയാണ്. മെയ് 16 ന് ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ഉത്തരവാദിത്വം ഏറ്റെടുക്കണം. വികാരിമാറ്റ റിപ്പോർട്ട് ഫോറം സ്ഥലം മാറ്റമുള്ള എല്ലാ വൈദികർക്കും ലഭിച്ചുകാണുമെന്നു കരുതുന്നു. (ആർക്കെങ്കിലും ഏതെങ്കിലും കാരണത്താൽ കിട്ടാതെ പോയാൽ രൂപതാ കേന്ദ്രത്തിൽ ലഭ്യമാണ്). അടിയന്തിര ശ്രദ്ധ ആവശ്യമുള്ള കാര്യങ്ങൾ പുതുതായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന വൈദികന് മനസ്സിലാക്കാനും കൂടുതൽ കാര്യക്ഷമമായി അജപാലന ശുശ്രൂഷ നിർവ്വഹിക്കുന്നതിനും ഈ സ്ഥലം മാറ്റ റിപ്പോർട്ട് സഹായകരമാകണം. അതിന് സ്ഥലം മാറി പോകുന്ന വികാരി അൽപം ത്യാഗപൂർവ്വം സമയം കണ്ടെത്തി അജപാലനരംഗം സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി സ്ഥലംമാറ്റ റിപ്പോർട്ട് തയ്യാറാക്കണം. പുതുതായി വരുന്ന വികാരിയും നടത്തു കൈക്കാരനും ഈ റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കുകയും ഒരു കോപ്പി രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരികയും ചെയ്യുമല്ലോ. പള്ളിയുടെ/സ്ഥാപനത്തിന്റെ പ്രധാന രേഖകൾ, ബാങ്കിടപാടുകൾ എന്നിവ കാലോചിതമായി പുതുക്കി സ്ഥലം മാറിവരുന്ന വൈദികനെ ഏൽപ്പിക്കേണ്ടതാണ്.

ദൈവമഹത്വത്തിനും ദൈവജനത്തിന്റെ നന്മയ്ക്കുമായി വിവിധ ശുശ്രൂഷാമേഖലകളിൽ പ്രവർത്തിച്ചശേഷം സ്ഥലം മാറുന്ന എല്ലാ

ബഹു. വൈദികർക്കും പുതിയ സ്ഥലങ്ങളിൽ ധാരാളം ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു. മാറിപോകുന്ന സ്ഥലങ്ങളിൽ അനുഷ്ഠിച്ചുകൊണ്ടിരുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. പുതിയ ചൈതന്യത്തോടും വർദ്ധിച്ച തീക്ഷ്ണതയോടും കൂടെ പുതിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ നല്ല ഇടയനായ ഈശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## കൽപ്പറ്റ ഫൊറോന

കൽപ്പറ്റ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2021 എപ്രിൽ 13 ന് വൈത്തിരി പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വൈദിക കൂട്ടായ്മയിലേക്ക് ഫാ. ജോൺ പുളിന്താനത്ത് എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. സെബാസ്റ്റ്യൻ കണ്ടത്തിൽ CSsr അച്ചൻ ധ്യാന ചിന്തകൾ പങ്കുവച്ചു. അതിനുശേഷം ദിവ്യകാരുണ്യ ആരാധനയും കുമ്പസാരവും നടത്തി. മാസധ്യാനത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ ഫൊറോന വികാരി ബഹു. സോമി വടയാപറമ്പിൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. എപ്രിൽ മാസം ജന്മദിനവും നാമഹേതുക തിരുനാളും ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ നേർന്നു. ഫൊറോന വികാരിയച്ചൻ പൊതുവായ കാര്യങ്ങൾ യോഗത്തെ അറിയിച്ചു. ഫൊറോനയിലെ വൈദികരുടെ കൂട്ടായ്മയുടെ ഭാഗമായി കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഒരു ദിവസത്തെ ഔട്ടിംഗ് നടത്താൻ തീരുമാനിക്കുകയും, പ്രസ്തുത ദിവസത്തെ കാര്യങ്ങൾ ക്രമീകരിക്കാൻ ബഹു. റെജി മുതുക ത്താനിയിൽ അച്ചനെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് വിവിധ മേഖല ഡയറക്ടർമാർ സംഘടനകളുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു. ബഹു. രജീഷ് കറുത്തേടത്ത് അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം മെയ് 4 ന് കൽപ്പറ്റ പള്ളിയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജോൺ പുളിന്താനത്ത്**
സെക്രട്ടറി

## ബത്തേരി ഫൊറോന

ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ഏപ്രിൽ 13 ന് ചീങ്ങവല്ലം പള്ളിയിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി ഏവർക്കും സ്വാഗതം ആശംസിച്ചു. ബഹു. ഫാ. സന്തോഷ് കരിങ്ങട OFM Cap ധ്യാന ചിന്തകൾ പങ്കു വച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും കുമ്പസാരവും നടന്നു. മാസധ്യാനത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ ഫൊറോന വികാരി ബഹു. ജയിംസ് പുത്തൻപറമ്പിൽ അച്ചൻ അദ്ധ്യക്ഷത

വഹിച്ചു. നാമഹേതുക തിരുനാളും ജന്മദിനവും ആഘോഷിക്കുന്ന ബഹു. വൈദികർക്ക് ഫൊറോന കൂട്ടായ്മയുടെ ആശംസകളും, പ്രാർത്ഥനകളും നേർന്നു. ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ബഹു. ജയിംസ് പുത്തൻപറമ്പിൽ അച്ചൻ രൂപതയിൽ നിന്നുള്ള അറിയിപ്പുകൾ പങ്കുവയ്ക്കുകയും, ചർച്ചകളിലൂടെ കൂട്ടായ്മയുടെ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. അനുരഞ്ജന സമിതിയിലേക്ക് ബഹു. വൈദികരെയും, അത്മായ പ്രതിനിധികളെയും യോഗം തിരഞ്ഞെടുത്തു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു. ബഹു. ചാക്കോ മേപ്പുറത്ത് അച്ചൻ ഏവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം അമ്പലവയൽ ഇടവകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. സന്തോഷ് ഒറവാറന്തറ**
സെക്രട്ടറി

## മതബോധനരംഗം

'സൗഖ്യദായകനായ ക്രിസ്തുവിന്റെ അനുയായികളായ നമ്മൾ ഭാവിതലമുറയ്ക്ക് പ്രത്യാശ പകരുന്ന മെച്ചപ്പെട്ട ലോകനിർമ്മിതിക്കായി യത്നിക്കണ'മെന്ന് ഫ്രാൻസിസ് പാപ്പ കൊറോണയുടെ ആതുര കാലഘട്ടത്തിൽ വിശ്വാസപരിശീലകരെ ഉദ്ബോധിപ്പിക്കുകയാണ്. പ്രതിസന്ധികളേറെയുണ്ടായിരുന്നെങ്കിലും അവയെല്ലാം അതിജീവിച്ച എല്ലാ വിശ്വാസപരിശീലകരെയും അഭിനന്ദിക്കുന്നു. ഇക്കഴിഞ്ഞ അധ്യയനവർഷത്തിൽ രൂപതാകേന്ദ്രത്തോടും വിശ്വാസപരിശീലന പ്രവർത്തനത്തോടും ആത്മാർത്ഥമായി സഹകരിച്ച രൂപതാ ടീം, മേഖലാ ഡയറക്ടേഴ്സ്, സെക്രട്ടറിമാർ, മേഖലാടീം, വികാരിയച്ചന്മാർ, ഹെഡ്മാസ്റ്റേഴ്സ്, മതാധ്യാപകർ എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. സാഹചര്യങ്ങൾ അനുകൂല മാണെങ്കിലും അല്ലെങ്കിലും സുവിശേഷം പ്രസംഗിക്കുകയെന്ന (2 തിമോ. 4,2) പൗലോസ് ശ്ലീഹായുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് നമുക്ക് പുതിയ വിശ്വാസ പരിശീലനവർഷത്തിനായി ഒരുങ്ങാം.

**വിശ്വാസപരിശീലന വർഷാരംഭം**

മതബോധന പ്രവർത്തനങ്ങളുടെ അധ്യായനവർഷത്തെ 'വിശ്വാസപരിശീലനവർഷം' എന്നായിരിക്കും സീറോമലബാർ സഭയിൽ അറിയപ്പെടുന്നത്. 2021 – 2022 വിശ്വാസപരിശീലനവർഷത്തെ ക്ലാസ്സുകൾ മെയ് 30 ന് ആരംഭിക്കുന്നതാണ്. അന്നുതന്നെ പാഠപുസ്തക വിതരണവും ഇടവകയിൽ നടത്തേണ്ടതാണ്. അതിനു മുമ്പായി പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകം മുതലായവ രൂപതാകേന്ദ്രത്തിൽ നിന്ന് ഇടവകയിലെത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. മെയ് 15 മുതൽ ദ്വാരക ബുക്കുസ്റ്റാളിൽ ഇവ ലഭ്യമായിരിക്കും.

| ഉപപാഠപുസ്തകങ്ങൾ | ടെക്സ്റ്റ് ബുക്ക് |
|---|---|
| I- IV Rs. 30/ | I - IV Rs. 30 |
| V - IX Rs. 40/ | V - XII Rs. 50 |
| X Rs. 60/ | English Text Rs. 60/ |
| XI - XII Rs. 100/ | Bible Nursery Rs. 50/ |

**ആമുഖ സെമിനാർ**

ഈ വിശ്വാസപരിശീലന വർഷത്തിൽ ആമുഖ സെമിനാറിൽ പങ്കെടുക്കുവാനുള്ളവരുടെ (കഴിഞ്ഞ 2 വർഷങ്ങളിൽ പുതിയതായി വന്നവർ) പേര് വിവരങ്ങൾ രൂപതാകേന്ദ്രത്തിൽ അറിയിച്ചിരിക്കുമല്ലോ. ഈ വർഷത്തെ ആമുഖ സെമിനാർ നടത്തുന്നത് സീറോമലബാർ സഭയുടെ മതബോധനകേന്ദ്ര കാര്യാലയമാണ്. ആഴ്ചയിൽ 3 ക്ലാസ്സുകൾ വീതം ജൂൺ മാസത്തിലാണ് ഇവ ക്രമീകരിച്ചിരിക്കുന്നത്.

## HCC Private Registration Exam

2021 മെയ് 1, 2, 3 തീയതികളിൽ നടത്താനിരുന്ന ക്യാമ്പും പരീക്ഷയും കോവിഡ് കൂടിവരുന്ന സാഹചര്യത്തിൽ cancel ചെയ്യുന്നു. പകരം Online class ഉം Online Exam ഉം നടത്തുന്നതായിരിക്കും.

## HM, PP Conference

2021 - 22 വർഷത്തെ പ്രഥമ HM, PP Conference മെയ് 22-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ഹെഡ്മാസ്റ്റേഴ്സ് കൃത്യസമയത്ത് എത്തുവാൻ ശ്രദ്ധിക്കുമല്ലോ. വിശ്വാസപരിശീലനരംഗത്ത് 25, 35, 50 വർഷം സേവനം ചെയ്ത മതാദ്ധ്യാപകരെ ആദരിക്കുന്നു.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം
**ഫാ. ഷിജോ വേനക്കുഴി**
അസി.ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

കൊറോണ വൈറസ് വ്യാപനത്തെ ചെറുക്കാനുള്ള ജാഗ്രതയുടെ കാലത്താണ് നാമിപ്പോൾ. നമ്മുടെ സാമൂഹിക സമ്പർക്കത്തെ ബോധപൂർവ്വം നമ്മൾ ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണല്ലോ. STAY AT HOME എന്ന അർത്ഥവത്തായ സന്ദേശത്തിന് നാമെല്ലാവരും പൂർണ്ണ പിന്തുണ നൽകുന്നു. നമ്മുടെ സംഘടനയും ഈ പ്രത്യേക സാഹചര്യത്തെ ക്രിയാത്മകമായി ഉപയോഗിക്കുന്നുണ്ട്. സാമൂഹികമായ ഒത്തു ചേരലുകൾ അസാധ്യമായ കാലത്ത് നവ സാങ്കേതിക വിദ്യയുടെ പിന്തുണയോടെയുള്ള ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. രൂപത നേതൃത്വം എല്ലാ മേഖലകളെയും ശാഖകളെയും കോർത്തിണക്കി ആത്മീയവും, സാമൂഹികവും, സർഗാത്മകവുമായി ധാരാളം പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. ആശങ്കകളും ആധിയും ഏറെയുണ്ടെങ്കിലും ഈ സാഹചര്യത്തെ അതിജീവിക്കും എന്ന പ്രത്യാശ നിറഞ്ഞതും ദൃഢവുമായ നിശ്ചയം നമുക്കെല്ലാവർക്കുമുണ്ട്. അവധികാലത്തിലൂടെ കടന്നു പോകുമ്പോൾ മെയ് മാസത്തിന്റെ പ്രാധാന്യം മറക്കാതിരിക്കാം. തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ മംഗളങ്ങളും മെയ്മാസ റാണിയായ പരി.അമ്മയുടെ വണക്കമാസ ദിനങ്ങളുടെ എല്ലാ നൻമകളും ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. പ്രാർത്ഥനയുടെയും ഉത്തമ ചിന്തകളുടെയും പുതിയൊരു കൂട്ടായ്മ ഒരുക്കി നമുക്ക് മുന്നേറാം. ഏതു പ്രതിസന്ധിയെയും മറികടക്കാനുള്ള ഇച്ഛാശക്തി നൽകുന്ന സർവ്വശക്തന്റെ സ്നേഹം നമുക്ക് കൂട്ടിനുണ്ടാവട്ടെ. വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥ്യം നമുക്ക് അപേക്ഷിക്കാം.

പ്രാർത്ഥനയോടെ, സ്നേഹത്തോടെ,

ഷിജു അച്ചൻ

| | | |
|---|---|---|
| 2021 – മെയ് | – | കർമ്മം സാക്ഷ്യമായ്ത്തീരട്ടെ |
| പ്രാർത്ഥനാ മലരുകൾ | – | എല്ലാ തൊഴിലാളികൾക്കും വേണ്ടി |
| മിഷൻ പ്രെയർ ബാങ്ക് | – | സത്ന രൂപത (കല്ലോടി മേഖലയിലെ ശാഖകൾ) |

**തണ്ണീർകുടം തീർത്ത്**

അന്താരാഷ്ട്ര ജല ദിനത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയിലെ കുട്ടികളും തിരുബാലസഖ്യം അംഗങ്ങളും പക്ഷിമൃഗാദികൾക്ക് കുടിവെള്ളം ഒരുക്കി സമൂഹത്തിന് മാതൃകയായി. ഈ കൊടുംവെയിലിൽ കുടിവെള്ളം കിട്ടാതെ പക്ഷികൾ ചത്തു വീഴുന്ന സാഹചര്യത്തിൽ വീടിന്റെ ടെറസിനു മുകളിലും, മുറ്റത്തും, മരച്ചുവട്ടിലും, മറ്റിടങ്ങളിലും പാത്രങ്ങളിൽ ജലം ഒഴിച്ചു കൊടുത്തു കൊണ്ടാണ് ഇവർ മാതൃകയാകുന്നത്. വേനലിൽ വലയുന്ന പക്ഷിമൃഗാദികൾക്കായി നമ്മൾ ചെയ്യുന്ന ഈ പ്രവർത്തി മിണ്ടാ പ്രാണികൾക്ക് വലിയൊരു ആശ്വാസമായി. തണ്ണീർകുടം തീർത്ത് മിണ്ടാപ്രാണികൾക്ക് കാരുണ്യത്തിന്റെ കരം നീട്ടിയ എല്ലാവർക്കും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ...

**ജീവിക്കണം ഞങ്ങളുടെ സന്യാസിനിമാർക്കും**

ഉത്തരേന്ത്യയിൽ ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്ന സന്യാസിനിമാരെ കള്ളകേസിൽ കുടുക്കുവാനുള്ള ആസൂത്രിത ശ്രമത്തിനെതിരെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ശക്തമായി പ്രതിഷേധിച്ചു. ഇന്ത്യയിലെ സാമൂഹിക സാഹചര്യങ്ങൾ തീവ്ര വർഗീയതയ്ക്ക് കീഴ്പ്പെടുന്നു എന്നുള്ളതിന് തെളിവാണ് ഇത്തരം സംഭവങ്ങൾ എന്ന് എടുത്തുപറഞ്ഞു. അറിവിന്റെ അക്ഷരദീപം തെളിച്ചും, ആരോരുമില്ലാത്തവർക്ക് അത്താണിയായും ഭാരതത്തെ പ്രകാശപൂരിതമാക്കുന്ന ഞങ്ങളുടെ പ്രിയ മിഷനറിമാർക്ക് സുരക്ഷ ഉറപ്പുവരുത്താനും അക്രമികളെ നിലക്കു നിർത്താനും ഭരണകൂടങ്ങൾ ശ്രദ്ധിക്കണമെന്ന് രൂപതാസമിതി ആവശ്യപ്പെട്ടു. രൂപതയിലെ മുഴുവൻ ശാഖ, മേഖല നേതൃത്വങ്ങൾ മതതീവ്രവാദികളുടെ അഴിഞ്ഞാട്ടത്തിന് എതിരെ പ്രതികരിക്കാൻ രംഗത്തിറങ്ങി. ആപത്ഘട്ടത്തിൽ ഒരുമയോടെ നിന്ന എല്ലാവർക്കും രൂപതാ കുടുംബത്തിന്റെ അഭിനന്ദന ങ്ങൾ.

**അരുതേ കൊല്ലരുതേ**

ഗർഭപാത്രങ്ങൾ ശവകല്ലറകളാക്കാനുള്ള. എം.ടി.പി. ആക്റ്റ് ഭേദഗതി ചെയ്തുകൊണ്ടുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പ്രതിഷേധിച്ചു. മനുഷ്യത്വം മരവിച്ചു പോകുന്ന മറ്റൊരു നിയമഭേദഗതി കൂടി കേന്ദ്രസർക്കാർ കൊണ്ടുവന്നിരിക്കുകയാണ്. 24 ആഴ്ച പ്രായമായ ഭ്രൂണത്തെയും ഗർഭചിദ്രം നടത്താമെന്ന ക്രൂര നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്. തികച്ചും കിരാതവും

അപലപനീയവും ആയ ഈ നടപടിക്കെതിരെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ശക്തമായി പ്രതിഷേധിക്കുന്നു എന്ന് പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് രൂപത പ്രസിഡണ്ട് രഞ്ജിത്ത് മുത്തുപ്ലാക്കൽ പറഞ്ഞു. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കര ക്കാനായിൽ മുഖ്യ പ്രഭാഷണം നടത്തി. രൂപത സമിതി അംഗങ്ങൾ നേതൃത്വം നൽകി.

**പ്രേഷിത സുദിനം**

ചുങ്കക്കുന്ന് മേഖലയുടെ പ്രേക്ഷിത സൗഹൃദം നടത്തി. രൂപത സമിതിയുടെ നേതൃത്വത്തിലും സാന്നിധ്യത്തിലും മാനേജിങ് കമ്മിറ്റിയും മേഖല തിരഞ്ഞെടുപ്പും നടത്തി. ഇരുപത്തിയേഴാം തീയതി ശനിയാഴ്ച രാവിലെ 9.15ന് ചുങ്കക്കുന്ന് ഫത്തിമ മാതാ ഓഡിറ്റോറിയത്തിൽ വച്ചു നടന്ന പ്രേഷിത സൗഹൃദത്തിന് രൂപത സമിതി അംഗങ്ങൾ നേതൃത്വം നൽകി. ചുങ്കക്കുന്ന് മേഖലയുടെ പ്രേഷിത സൗഹൃദം ഏറെ സജീവവും ഊഷ്മളവും ആക്കിതീർക്കാൻ സഹായിച്ച ശാഖ, മേഖല നേതൃത്വങ്ങൾക്ക് അഭിനന്ദനങ്ങൾ..

**കുരിശിൻ കീഴിൽ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെയും നടവയൽ മേഖലയുടെയും സംയുക്താഭിമുഖ്യത്തിൽ ദിവ്യകാരുണ്യ ആരാധനയും കുരിശിന്റെ വഴിയും നടവയൽ കായക്കുന്ന് ലാസലെറ്റ് ആശ്രമത്തിൽ വച്ച് നടത്തി. ഭക്തിസാന്ദ്രമായ ആരാധനയിലും കുരിശിന്റെ വഴിയിലും അനേകം വിശ്വാസികൾ പങ്കെടുത്തു. നടവയൽ ഹോളിക്രോസ് തീർത്ഥാടന കേന്ദ്രം ആർച്ച് പ്രീസ്റ്റ് റവ. ഫാ.ജോസഫ് മേച്ചേരി വചനസന്ദേശം നൽകി. ഓശാനയുടെ നിറവിലും വിശുദ്ധിയിലും ആത്മീയമായി വളരുവാൻ ലോകരക്ഷകന്റെ പുനരുത്ഥാനത്തിന് ലോക ജനതയെ സജ്ജമാക്കികൊണ്ട് ക്രൂശിക്കപ്പെടുന്ന ഇന്നിന്റെ ജനതയ്ക്കു വേണ്ടി പ്രാർത്ഥിക്കുവാൻ നമുക്ക് സാധിക്കണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ റവ. ഫാ.ജോസ് മേച്ചേരി ആഹ്വാനം ചെയ്തു. സി.എം.എൽ. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപത പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറി സജീഷ് എടത്തട്ടേൽ, ഓർഗനൈസർ തങ്കച്ചൻ മാപ്പിളകുന്നേൽ, ജോ.ഡയറക്ടർ സി. ക്രിസ്റ്റീന എഫ്.സി.സി, സി.സിനി മരിയ സി.എം.സി, ജോയിൻ സെക്രട്ടറി അലോഷിൻ കൊല്ലപ്പള്ളി, നടവയൽ മേഖലാ ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിൽ, പ്രസിഡണ്ട് ആന്റോ ചിറമ്മേൽ, സെക്രട്ടറി ടോണി ചെമ്പോട്ടിക്കൽ, ജോ.ഡയറക്ടർ സി.ആൻസ് മരിയ സി.എം.സി. എന്നിവർ നേതൃത്വം നൽകി.

**പുരോഹിത കരങ്ങളിലൂടെ**

അന്ത്യത്താഴ വേളയിൽ പരിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് 'യുഗാന്ത്യം വരെ ഞാൻ എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' എന്ന് അരുളിയ വചനത്തിന് ജീവൻ നൽകുവാൻ പൗരോഹിത്യം എന്ന വിശുദ്ധ കൂദാശ സ്ഥാപിച്ച പുണ്യദിനത്തിൽ, അനുദിനവും ബലിപീഠത്തിൽ ഇന്നും ജീവിക്കുന്നവനായ ക്രിസ്തുവിനെ വിളിച്ചിറക്കുന്ന എല്ലാ പുരോഹിത കരങ്ങളെയും പ്രത്യേകം ഓർത്തു പ്രാർത്ഥിക്കുവാൻ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ കുഞ്ഞു മിഷനറിമാർ ഒന്നുചേർന്ന പുണ്യദിനം - പെസഹ വ്യാഴം. അന്നേദിനം ഇടവകയിൽ സേവനം ചെയ്തു കടന്നു പോയവരും ഇപ്പോൾ സേവനം ചെയ്യുന്നവരുമായ വൈദികരുമായി സ്വഭവനത്തിൽ ആയിരുന്നുകൊണ്ട് സൗഹൃദ ടെലിഫോൺ സംഭാഷണം നടത്തുകയും ആശംസകൾ നേരുകയും ചെയ്തു. വിശുദ്ധ കുർബാന പരികർമ്മം ചെയ്ത് വചനത്തിന്റെ അധ്യാപകരും ദൈവരാജ്യത്തിന്റെ പ്രഘോഷകരും സാക്ഷികളും ആകുന്ന ശാഖ, മേഖല, രൂപത തലങ്ങളിലുള്ള എല്ലാ പുരോഹിതർക്കും പൗരോഹിത്യദിന സ്ഥാപനത്തിന്റെ മംഗളങ്ങൾ ആശംസിച്ചു.

**പെസഹായുടെ തിരുനാളിൽ**

ആത്മാവിന്റെ ഭോജനവും ആത്മീയ യാത്രയിൽ ക്രൈസ്തവന്റെ പാഥേയവും ആയ പരിശുദ്ധ കുർബാനയുടെ സ്ഥാപന ദിനമായ പെസഹാ തിരുനാളിൽ ശാഖ അടിസ്ഥാനത്തിൽ മിഷൻലീഗ് അംഗങ്ങൾ എല്ലാ ശാഖകളിലും അരമണിക്കൂർ ദിവ്യകാരുണ്യ നാഥന്റെ സന്നിധിയിൽ ഒത്തൊരുമിച്ച് ആരാധനയിൽ പങ്കുചേർന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തു സാന്നിധ്യം ആകുന്ന, പലവിധത്തിൽ പീഡിപ്പിക്കപ്പെടുന്ന മിഷനറിമാർക്ക് വേണ്ടി പ്രത്യേകം നിയോഗം വെച്ച് കുഞ്ഞു മിഷനറിമാർ ഇന്നേദിനം പ്രത്യേകം പ്രാർത്ഥിച്ചു. ആരാധനയുടെ അരമണിക്കൂർ അനുഭവമാക്കി മാറ്റാൻ സഹായിച്ച എല്ലാ ശാഖ നേതൃത്വങ്ങൾക്കും നന്ദി.

**ഉയിർപ്പിന്റെ പുണ്യസ്മരണയിൽ**

ഉയിർപ്പ് തിരുനാളിന് ഒരുക്കമായി ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ അഖില ജോയേൽ, മെർലിൻ ജോയി, നിമിത ദേവസ്യ, അലോഷിൻ ഷാജി എന്നിവർ പെസഹാ വ്യാഴാഴ്ച മുതൽ ഉയിർപ്പ് ഞായർ വരെ 'ഉയിർപ്പിന്റെ പുണ്യസ്മരണയിൽ' എന്ന പ്രോഗ്രാമിലൂടെ നന്മ മാത്രമായ നല്ല ദൈവം മാനവകുലത്തോട് കാണിച്ച അനന്ത സ്നേഹത്തെപ്പറ്റി

ധ്യാനിക്കുവാനും ചിന്തിക്കുവാനും ഉതകുന്ന ചിന്തോദ്ദീപകമായ ധ്യാനചിന്തകൾ സമൂഹമാധ്യമങ്ങളിലൂടെ പങ്കുവെച്ചു. ഉയിർപ്പിന്റെ പുണ്യസ്മരണയിൽ ഏറെ അഭിഷേകം ഉള്ളതാക്കാൻ സഹായിച്ച എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് നന്ദി.

**അഭിനന്ദനങ്ങൾ**

മഴവിൽ മനോരമ സൂപ്പർ 4 സംഗീത മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ചെറുപുഷ്പ മിഷൻലീഗ് അമ്പലവയൽ ശാഖ അംഗം മെബിൻ മാർട്ടിൻ തച്ചുപറമ്പിലിന് അഭിനന്ദനങ്ങളും വിജയാശംസകളും നേർന്നു.

**ഈസ്റ്റർ ബിരിയാണി കിറ്റ്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഈസ്റ്റർ ദിനത്തോടനുബന്ധിച്ച് 'ഞങ്ങളുണ്ട് കൂടെ' എന്ന പദ്ധതി പ്രകാരം വാകേരി ഇടവകയിലെ തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ഈസ്റ്റർ ബിരിയാണി കിറ്റ് നൽകി. ഭക്ഷണ കിറ്റ് നൽകുന്നതിന്റെ ഉദ്ഘാടനം രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ നിർവഹിച്ചു. ഈ കാരുണ്യ പ്രവർത്തിയിലൂടെ ഉത്ഥിതന്റെ സമാധാനവും സന്തോഷവും പാവപ്പെട്ട ഹൃദയങ്ങളിൽ രൂപപ്പെടുത്തുവാൻ സാധിച്ചു. രൂപത പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറി സജീഷ് എടതട്ടേൽ, ബിനീഷ് തുമ്പിയാകുഴി, ജോസ് മാങ്കൂട്ടം, സാബു ഊളവള്ളിക്കൽ, ഫാ.സോണി വടയാപറമ്പിൽ, ഫാ. ലാൽ പൈനുങ്കൽ എന്നിവർ നേതൃത്വം നൽകി. ഈസ്റ്റർ ബിരിയാണി കിറ്റിനാവശ്യമായ സാമ്പത്തിക സഹായം നൽകി സഹകരിച്ച എല്ലാ സുമനസ്സുകൾക്കും നന്ദി.

**ആദരാഞ്ജലികൾ**

ദ്വാരക വിയാനി ഭവനിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന ബഹുമാനപ്പെട്ട ജോസഫ് തുരുത്തേൽ അച്ചന്റെ വേർപാടിൽ രൂപതാ കുടുംബം ആദരാഞ്ജലികൾ അർപ്പിക്കുകയും അച്ചനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**ബഫർസോൺ കുട്ടികൾക്കും ഉണ്ട് പറയാൻ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത,'ബഫർസോൺ കുട്ടികൾക്കും ഉണ്ട് പറയാൻ' എന്ന പേരിൽ പരിസ്ഥിതിലോല പ്രദേശ പ്രഖ്യാപനത്തിനെതിരെ കുട്ടികളുടെ പ്രസംഗ ചങ്ങല സൃഷ്ടിച്ചു. ഏപ്രിൽ 12 മുതൽ സാമൂഹിക മാധ്യമങ്ങളിലൂടെയാണ് കുട്ടികൾ തങ്ങൾക്കു പറയാനുള്ളത് സമൂഹമധ്യത്തിൽ അവതരിപ്പിച്ചത്. 12 മുതൽ 16 വരെ യഥാക്രമം, അഞ്ജലീന റോസ് ആറാട്ടുതറ, ആൻമേരി

കേണിച്ചിറ, ജോസ്ന പി ജോസ് മൊതക്കര, അമയ റീത്ത ഷിജു കല്ലോടി, അമൽ ജോർജ് ക്രിസ്റ്റി ബത്തേരി എന്നിവർ ബഫർസോൺ പ്രഖ്യാപനത്തിന്റെ പാർശ്വഫലങ്ങളുമായി ബന്ധപ്പെട്ട വിവിധ തലങ്ങളെ സ്പർശിച്ചുകൊണ്ട് ശക്തവും ധീരവുമായ ഭാഷയിൽ തങ്ങളുടെ വികാരങ്ങൾ പങ്കുവച്ചു. പച്ചപ്പിന് നിലനിൽപ്പ് ഉണ്ടാകണം അതുപോലെ തന്നെ ഞങ്ങൾക്കും എന്ന ആശയം എല്ലാവരും ഊന്നിപ്പറഞ്ഞു. ഭാവിയുടെ വാഗ്ദാനങ്ങളായ സംഘടനയുടെ കുഞ്ഞ് മിഷണറിമാർക്ക് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

**മേഖല വാർത്തകൾ:**

**നീലഗിരി മേഖല**

'Career Clinic 2021' ചെറുപുഷ്പ മിഷൻലീഗ് നീലഗിരി മേഖല, മാനന്തവാടി രൂപത യൂത്ത് മിനിസ്ട്രിയുമായി ചേർന്ന് സംഘടിപ്പിച്ച 'Career Clinic 2021', കരിയർ ഗൈഡൻസ് സെമിനാറിൽ മേഖലയിലെ വിവിധ ശാഖകളിൽ നിന്നായി 130 പേർ പങ്കെടുത്തു. നാഷണൽ കരിയർ ഗൈഡ് ഡോ. ഐസക് തോമസ് ക്ലാസ്സ് നയിച്ചു. സി. ഡിവിന, സി. ബെൻസി ജോസ് എന്നിവർ ഉപരിപഠനത്തിന്റെ സാധ്യതകളെ എപ്രകാരം പ്രയോജനപ്പെടുത്തണം എന്നതിനെ കുറിച്ച് കുട്ടികളുമായി സംവദിച്ചു. CML മേഖല ഡയറക്ടർ ഫാ. അനീഷ് ആലുങ്കൽ, പ്രസിഡന്റ് ലിന്റോ പാട്ടശ്ശേരിയിൽ, സി. കൊച്ചുറാണി, ജീസ തെക്കേമുറിയിൽ, മിഥുൽ, ആതിര, ലിൻസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ശാഖാ വാർത്തകൾ**

**മരക്കടവ് ശാഖ**

ശാഖയിലെ കുഞ്ഞുമിഷണറിമാർ പഞ്ഞിമുക്ക് കുരിശടി എല്ലാ ആഴ്ചയിലും വൃത്തിയാക്കുന്നു. ഈസ്റ്റർ ദിനത്തോടനുബന്ധിച്ച് ശാഖയിലെ പാവപ്പെട്ട അഞ്ചു കുടുംബങ്ങൾക്ക് 2090 രൂപയുടെ ഈസ്റ്റർ കിറ്റ് വിതരണം ചെയ്തു. പെസഹാ വ്യാഴാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ 6 മണി വരെ ലോകം മുഴുവന്റെയും നിയോഗങ്ങൾക്ക് വേണ്ടി ആരാധന നടത്തി. 50 ദിവസം മുടങ്ങാതെ ദിവ്യബലിയിലും എല്ലാ ആഴ്ചയിലും ഉണ്ടായിരുന്ന കുരിശിന്റെ വഴിയിലും സജീവമായി പങ്കുകൊണ്ടു. വി.യൗസേപ്പിതാവിന്റെ വർഷവുമായി ബന്ധപ്പെട്ട് രൂപതയിലെ എല്ലാ ശാഖകൾക്കും അവസരം നൽകികൊണ്ട് സ്കിറ്റ് അവതരണ മത്സരം സംഘടിപ്പിച്ചു. വിശുദ്ധനെ കുറിച്ച് പഠിക്കുക, മനസ്സിലാക്കുക എന്ന

ഉദ്ദേശത്തോടുകൂടി ശാഖയിലെ കുഞ്ഞു മിഷനറിമാർ യൗസേപ്പ് പിതാവിനെ പറ്റി പ്രസംഗ പരമ്പര നടത്തി. തിരുക്കുടുംബ വർഷത്തിൽ ഇടവകയിലെ നാലു മക്കളുള്ള കുടുംബത്തെ ആദരിച്ചു. ഭ്രൂണഹത്യയെ പ്രോത്സാഹിപ്പിക്കുന്ന നിയമങ്ങൾക്കെതിരെ ശക്തമായി പ്രതിഷേധിക്കുകയും ചെയ്തു.

**ചുണ്ടക്കര ശാഖ**

വി.യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികളായ എല്ലാവർക്കും ആശംസകൾ നേർന്നു. നോമ്പു കാലത്ത് മിഷൻലീഗ് അംഗങ്ങകളുടെ നേതൃത്വത്തിൽ മാനന്തവാടി സമരിറ്റൻഭവൻ സന്ദർശിച്ച് ഒരു ദിവസത്തെ ഉച്ചഭക്ഷണം തയ്യാറാക്കി കൊടുത്തു. രോഗിയായി കിടക്കുന്ന ഒരു വ്യക്തിയെ സന്ദർശിച്ച് 5000 രൂപ സഹായം നൽകി.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചു കൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിക്കീഴിൽ അണിനിരക്കാം.

**സജീഷ് എടത്തട്ടേൽ**
സി. എം. എൽ. രൂപത സെക്രട്ടറി.

## Department of Youth Ministry

**ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റി ട്രെയിനിങ്ങ്**

പ്രാർത്ഥന, കൂദാശകൾ, ദൈവവചനബന്ധമായ ജീവിതം എന്നിവയിലൂടെ ക്രൈസ്തവ ആദ്ധ്യാത്മികതയിൽ ആഴപ്പെടാനുള്ള പരിശീലനവും, ജീവിതത്തിൽ വ്യക്തമായ കരിയർ വിദ്യാഭ്യാസവും നൽകി പ്രൊഫഷണൽ ലക്ഷ്യം കൈവരിക്കാൻ കുട്ടികളെയും യുവജനങ്ങളെയും സഹായിക്കുന്ന കൂട്ടായ്മയാണ് ജീസസ്സ് പ്രൊഫഷണൽ കമ്മ്യൂണിറ്റി. ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റി യുടെ 2021 വർഷത്തിലെ പ്ലസ് വൺ വിദ്യാർത്ഥികൾക്കായുള്ള ട്രെയിനിങ്ങ് പ്രോഗ്രാം കുഞ്ഞോം യൂത്ത് ട്രെയിനിങ്ങ് സെന്ററിൽ വെച്ച് 2021 മാർച്ച് ഇരുപത്തിയൊന്നാം തീയതി ഞായറാഴ്ച 4 മണി മുതൽ ഇരുപത്തിമൂന്നാം തീയതി ചൊവ്വാഴ്ച 4 മണി വരെ നടന്നു. 39 വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ഉദ്ഘാടനം ചെയ്തു. യൂത്ത് മിനിസ്ട്രി അസോസിയേറ്റ് ഡയറക്ടർ ബഹു. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ അധ്യക്ഷത വഹിച്ചു. ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റി ആനിമേറ്റർ സി.ഡിവ്ന എസ്.ഡി സ്വാഗതം പറഞ്ഞു. യൂത്ത് മിനിസ്ട്രി ആനിമേറ്റർ സി. ആൻസി തോമസ് സി.എം.സി., യുവർ നെയിബർ അസോസി യേഷൻ ജോയിൻ സെക്രട്ടറി സി. ബെൻസി എസ്.എച്ച് എന്നിവർ പ്രസംഗിച്ചു. ക്ലാസുകൾക്ക് നേതൃത്വം നൽകിയത് ദ്വാരക സേക്രട്ട് ഹാർട്ട് ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപകൻ അജീഷ് എടപ്പാട്ട്, തൃശ്ശൂർ സെന്റ് തോമസ് കോളേജ് അദ്ധ്യാപകൻ ഡോ. ഡെയ്സൻ പാണേങ്ങാടൻ, യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ഫാ.സജി കാട്ടാംകോട്ടിൽ, സി.ഡിവ്ന എസ്.ഡി എന്നിവർ ആയിരുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗമായ നീരജ് ചിറപ്പുറം, ജെ ബാന്റ് അംഗമായ ഹെബിൻ ബെന്നി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**Career Clinic 2021**

നീലഗിരി മേഖല മിഷൻലീഗും, യൂത്ത് മിനിസ്ട്രിയും സംയുക്ത മായി 2021 ഏപ്രിൽ 14 ന് വിദ്യാർത്ഥിക്കൾക്കായ് കരിയർ ഗൈയിഡൻസ് ക്ലാസ് നടത്തി. ചെറുപുഷ്പമിഷൻലീഗ് നീലഗിരി മേഖല യൂത്ത്

മിനിസ്ട്രിയുമായി ചേർന്ന് നടത്തിയ കരിയർ ഗൈയിഡൻസിന്റെ ആദ്യ ക്ലാസ് രാവിലെ 10 മണി മുതൽ 1 മണി വരെ സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്ക്കൂൾ കയ്യൂന്നിയിൽ വെച്ച് നടന്നു. 82 വിദ്യാർത്ഥികൾ പങ്കെടുത്ത പരിപാടിയിൽ നീലഗിരി ചെറുപുഷ്പമിഷൻലീഗ് മേഖല ഡയറക്ടർ ബഹു. ഫാ. അനിഷ് ആലുങ്കൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. നാഷണൽ കരിയർ ട്രെയിനർ ഐസക് തോമസ് സാർ ക്ലാസ് നയിച്ചു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ സി. ബെൻസി എസ് എച്ച്, സി.ഡിവ്ന എസ്. ഡി. എന്നിവർ സന്നിഹിതരായിരുന്നു. ക്രൈസ്തവ ആദ്ധ്യാത്മികതയിൽ ആഴപ്പെടാനുള്ള പരിശീലനവും ജീവിതത്തിൽ വ്യക്തമായ കരിയർ വിദ്യാഭ്യാസം നൽകി പ്രൊഫഷണൽ ലക്ഷ്യം കൈവരിക്കാൻ വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും സഹായിക്കുന്ന കൂട്ടായ്മയായ ജീസസ്സ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയെ പരിചയപ്പെടുത്തികൊണ്ട് ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയുടെ ആനിമേറ്റർ സി.ഡിവ്ന എസ്. ഡി സംസാരിച്ചു. ക്ലാസിനുശേഷം മെറീന നെല്ലിയാട്ടുപറമ്പിൽ നന്ദി പറഞ്ഞു.

തുടർന്ന് 2.30 മുതൽ 5 മണി വരെ ഗൂഡല്ലൂർ റീജിയണൽ സെന്ററിൽ വെച്ച് 36 വിദ്യാർത്ഥിക്കൾക്കായി കരിയർ ഗൈഡൻസ് ക്ലാസ് നടത്തി. ഐസക് തോമസ് സാർ, സി.ഡിവ്ന എസ്.ഡി എന്നിവർ ക്ലാസുകൾ നയിച്ചു. ചെറുപുഷ്പ മിഷൻലീഗ് നീലഗിരി മേഖല പ്രസിഡന്റ് ലിന്റോ പാട്ടശ്ശേരി, സെക്രട്ടറി ജീസൺ തെക്കേമുറിയിൽ, വൈസ് പ്രസിഡന്റ് ആരതി, മേഖല ജോയിന്റ് ഡയറക്ടർ സി. കൊച്ചുറാണി എം.എസ്.എം.ഐ, മീഡിയ സെൽ കോർഡിനേറ്റർ മിഥുൻ, ഓർഗ്ഗനൈസർ ലിൻസ് പീത്തുരുത്തേൽ എന്നിവർ ഈ പരിപാടികൾക്ക് നേതൃത്വം നൽകി.

## Life Training

### ഓശാന തിരുനാൾ

മാനന്തവാടി രൂപതാ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയിലെ ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഓശാന തിരുനാൾ സമുചിതമായി ആഘോഷിച്ചു. പോസ്റ്ററുകൾ, സ്റ്റാറ്റസ് വീഡിയോകൾ, ഓശാന സന്ദേശം ഉൾക്കൊള്ളുന്ന വീഡിയോകൾ, പ്രസംഗം, എന്നിവ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നിർമ്മിക്കുകയും ഫേയ്സ്ബുക്കിൽ പങ്കുവയ്ക്കുകയും ചെയ്തു. ഇവ കൂടാതെ കൃത്യമായ നിർദ്ദേശങ്ങളോടു കൂടിയ ചിത്രരചനാ മത്സരവും നടന്നു. ഓശാനയുടെ സന്ദേശം ഉൾക്കൊള്ളുന്ന ചിത്രരചനാ മത്സരത്തിൽ 45

വിദ്യാർത്ഥികൾ പങ്കുചേർന്നു. ഇവയ്ക്കെല്ലാം നേതൃത്വം കൊടുത്ത ഡാനിയേൽ, സാന്ദ്ര, ക്രിസ്റ്റി, ആൻ മരിയ മാത്യു, ആൻ മരിയ അജിൻ എന്നിവർക്ക് അഭിനന്ദനങ്ങൾ.

**പെസഹ : ഒരു കടന്നുപോകൽ അനുഭവം**

2021 ഏപ്രിൽ ഒന്നാം തീയതി പെസഹാ ആചരണത്തിന്റെ ഭാഗമായി ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സമുചിതമായി കൊണ്ടാടി. പൗരോഹിത്യ സ്ഥാപന ദിനമായ അന്നേ ദിനം മാനന്തവാടി രൂപതയിലെ മുഴുവൻ വൈദികരുടെയും ചിത്രങ്ങൾ ശേഖരിച്ച് വീഡിയോ തയ്യാറാക്കി പബ്ലിഷ് ചെയ്തു. ലൈഫ് 2019 ബാച്ചിലെ ഡയൻ ബിനോ, അലൻ ജോസഫ് ജോയി, ഡാനിയേൽ എന്നിവർ ഇതിന് നേതൃത്വം നൽകി. അന്നേദിനം സാന്ദ്ര പ്രകാശ് പെസഹായുടെ സന്ദേശം പങ്കുവെച്ചു. വിശുദ്ധ കുർബാന സ്ഥാപനം പെസഹാചരണം ഇവ ഉൾക്കൊള്ളുന്ന വീഡിയോ ടെസ്വിൻ, മരിയ ടോം, നേഹ എന്നിവർ ചേർന്ന് തയ്യാറാക്കി പബ്ലിഷ് ചെയ്തു. എളിമയുടെയും വിനയത്തിന്റെയും മാതൃകയായ ഈശോയെ അനുകരിച്ച് ലൈഫിലെ കുട്ടികളെല്ലാവരും വീട്ടിലെ മുതിർന്നവരുടെ പാദങ്ങൾ കഴുകുന്ന ഫോട്ടോകൾ എടുത്തു വീഡിയോ തയ്യാറാക്കി പബ്ലിഷ് ചെയ്തു. എളിമയുടെയും വിധേയത്വത്തിന്റെയും ഒരു നവസംസ്കാരം രൂപീകരിക്കാൻ ഇത് സഹായകമായി. ജോസ്ന മൊതക്കരയുടെ നേതൃത്വത്തിലാണ് ഇത് തയ്യാറാക്കിയത്. ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾക്ക് അനുമോദനങ്ങൾ.

**TO THE GOLGOTHA**

വിശുദ്ധ വാരത്തിലെ പീഡാനുഭവ യാത്രയുടെ മുന്നോടിയായി മാനന്തവാടി രൂപതാ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയിലെ 2018 ബാച്ചിലെ 13 ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ ഗോൾഗോത്ത യിലേക്ക് എന്ന പേരിൽ വീഡിയോകൾ നിർമ്മിച്ച് ശ്രദ്ധേയമായി. സ്വയം പ്രേരിത പ്രാർത്ഥനകളും, ഗാനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ വീഡിയോകൾ ഫേയ്സ്ബുക്ക് പേജിലൂടെ സമൂഹമധ്യത്തിൽ എത്തിച്ചു. ഈ പരിപാടിക്ക് നേതൃത്വം നൽകിയ എയ്ഞ്ചലീന ബിജുവിനും കൂട്ടുകാർക്കും അഭിനന്ദനങ്ങൾ.

**ദുഃഖവെള്ളി ആചരണം:**

ലൈഫ് ട്രെയിനിങ്ങ് 2019 ബാച്ച് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഉയിർപ്പിലേക്ക് ഒരു വിലാപയാത്ര എന്ന പേരിൽ ഒരു വീഡിയോ പ്രസന്റേഷൻ തയ്യാറാക്കി. 14 സ്ഥലങ്ങൾ കോർത്തിണക്കി സ്വയം പ്രേരിത പ്രാർത്ഥനകളും ഗാനങ്ങളും ഉൾപ്പെടുത്തിയ ഈ വീഡിയോ

തയ്യാറാക്കിയത് ജോയൽ, ആൽബിൻ, ആൽബിന, സാന്ദ്ര എന്നീ വിദ്യാർത്ഥികളാണ്. ദുഃഖ വെള്ളിയുടെ പ്രാധാന്യം വിളിച്ചോതുന്ന പോസ്റ്ററുകളും വിദ്യാർത്ഥികൾ തയ്യാറാക്കി. ഇതുകൂടാതെ 2020 ലൈഫ് ബാച്ചിന്റെ നേതൃത്വത്തിൽ ക്രിയാത്മകമായ രീതിയിൽ ക്രൂശിത യാത്രയുടെ 14 സ്ഥലങ്ങൾ ഉൾകൊള്ളുന്ന വീഡിയോ നിർമ്മിച്ചു. ആഞ്ജലീന റോസ് നേതൃത്വം നൽകിയ ഈ വീഡിയോ നിർമാണ ത്തിൽ ആൻ മരിയ എസ്, ഗിൽഡ, ആൻ മരിയ മാത്യു, ആൻമരിയ ബിനോയി എന്നിവർ പങ്കുചേർന്നു. കൂടാതെ ക്രൂശിതന്റെ മുറിവുകളോ ടൊപ്പം എന്ന പേരിൽ ഡയറി രചനാ നടന്നു. ദുഃഖ വെള്ളിയാഴ്ചത്തെ ഓരോരുത്തരുടെയും അനുഭവങ്ങൾ എഴുതിയ ഡയറികൾ തയ്യാറാക്കി അവതരിപ്പിക്കുകയാണ് ചെയ്തത്. ഇതിന് നേതൃത്വം നൽകിയത് സാന്ദ്രാ പ്രകാശ് ആയിരുന്നു. വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ യേശുവിന്റെ പീഡാനുഭവത്തിന്റെ തീവ്രത കുട്ടികൾക്ക് സ്വന്തമാക്കു വാൻ സാധിച്ചു.

**പ്രതീക്ഷയുടെ ദുഃഖശനി**

2021 ഏപ്രിൽ മാസം മൂന്നാം തിയതി ദുഃഖ ശനിയാഴ്ച ഈ പരിശുദ്ധ ദിനത്തിന്റെ പ്രാധാന്യങ്ങൾ എല്ലാം വിവരിച്ചുകൊണ്ട് മനോഹരമായ ഒരു വീഡിയോ ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾ ഹെലേന ജോൺസന്റെ നേതൃത്വത്തിൽ തയ്യാറാക്കി സാമൂഹ്യ മാധ്യമങ്ങളിൽ പബ്ലിഷ് ചെയ്തു.

**പുതു ജീവന്റെ ആഘോഷം**

പ്രതീക്ഷയുടെയും സമാധാനത്തിന്റെയും തിരുനാളായ, തിരുനാളുകളുടെ തിരുനാളായ ഈസ്റ്റർ ആഘോഷത്തിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി വിവിധങ്ങളായ മത്സര പരിപാടികൾ സംഘടിപ്പിച്ചു. 'ഈസ്റ്റർ എഗ്ഗ് ഡെക്കറേഷൻ', 'ഈസ്റ്റർ ക്യാൻഡിൽ നിർമ്മാണം', 'ഡിജിറ്റൽ പോസ്റ്റർ', 'ഈസ്റ്റർ ന്യൂസ് അവതരണം' എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് കൂടുതൽ ഉണർവിനും പങ്കുവയ്ക്കലിനും പഠനത്തിനും എല്ലാം ഇത് വഴിതെളിച്ചു. ഇതിന് നേതൃത്വം വഹിച്ചത് ടെസ്വിൻ, ജോസ്വിൻ, ജെഫ്രിനോ, അനന്യ, അമൽ, സോഫിയ, ആൻ മരിയ, അലൻ, അഞ്ചല, അൻസാ, എൽവിസ്, ഹെൽന എന്നിവരാണ്. ഈസ്റ്റർ ന്യൂസ് അവതരണം ശ്രദ്ധേയ മായിരുന്നു. രണ്ടു പേർ അടങ്ങുന്ന ഗ്രൂപ്പുകൾ തയ്യാറാക്കിയ അവതരണങ്ങൾ കുട്ടികളിലെ മികവ് തെളിയിക്കുന്നതായിരുന്നു. ന്യൂസ് അവതരണത്തിന് നേതൃത്വം നൽകിയത് ഡാനിയൽ പോൾ ആയി രുന്നു. വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ.

### സ്റ്റാറ്റസ് വീഡിയോസ്

ഈശോയുടെ പീഡാനുഭവങ്ങളെ സ്മരിക്കുന്ന ഈ നോമ്പു കാലത്ത് പീഡാനുഭവ ചിത്രങ്ങളും ഗാനങ്ങളും ഉൾപ്പെടുത്തി 50 ദിവസവും സ്റ്റാറ്റസ് വീഡിയോകൾ നിർമ്മിച്ച് ലൈഫ് വിദ്യാർത്ഥികൾ മാതൃകയാകുന്നു. ലൈഫ് 2020 ബാച്ച് ആൻമരിയ അജിൻ ആണ് ഇതിന് നേതൃത്വം കൊടുത്തത്. അഭിനന്ദനങ്ങൾ.

## Youth Ministry Office

### 13 മണിക്കൂർ ആരാധന

2021 മാർച്ച് ഇരുപത്തിയൊന്നാം തീയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ രാത്രി 10 മണി വരെ യൂത്ത് മിനിസ്ട്രി ഓഫീസ് ചാപ്പലിൽ യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടിയുള്ള 13 മണിക്കൂർ ആരാധന നടന്നു. പ്രശസ്ത ധ്യാനഗുരു ബ്രദർ മനോജിന്റെയും, ഫാ.തോമസിന്റെയും, ഫാ. സജി കാട്ടാംകോട്ടിലിന്റെയും നേതൃത്വത്തിൽ ആണ് ആരാധന നടന്നത്. മാനന്തവാടി രൂപതയിലെ യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും യുവജന ശുശ്രൂഷകർക്കും വേണ്ടി നടത്തിയ മധ്യസ്ഥ പ്രാർത്ഥന ഏറെ കൃപയുള്ളതായിരുന്നു.

## Youth Talk Series

വിശുദ്ധ വാരത്തിൽ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഫേയ്സ്ബുക്ക് പേജിലൂടെ യൂത്ത് ടോക്ക് സീരീസ് നടന്നു. 2021 മാർച്ച് 27 'ആത്മീയതയും വിശ്വാസവും യൗവനത്തിലേക്ക് കടക്കുമ്പോൾ'- അർജ്ജുൻ പോൾ, മാർച്ച് 28 ഓശാന തിരുനാൾ ദിനം ജെബിൻ തോമസ് 'ഓശാന ഒരു ഓർമ്മപ്പെടുത്തൽ', 29-ാം തീയതി തിങ്കളാഴ്ച കമ്മനയിൽ നിന്നുള്ള കിഷോർ തോമസ് 'നോമ്പും നോമ്പിന് ശേഷവും', മാർച്ച് 30 ചൊവ്വാഴ്ച 'എന്റെ ക്രിസ്തു അനുഭവം' ആൻസൺ ചാലക്കുട, മാർച്ച് 31 ബുധനാഴ്ച വിളമ്പുകണ്ടം ഇടവകയിലെ മെൽവിൻ ജെയിംസ് 'വിശ്വാസജീവിതവും യൗവ്വനവും', ഏപ്രിൽ 1 പെസഹാവ്യാഴാഴ്ച ജെയിംസ് കെ എ കൊട്ടിയൂർ 'പെസഹാവ്യാഴം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം', ഏപ്രിൽ 2 ദുഃഖ വെള്ളിയാഴ്ച 'മനുഷ്യൻ ദൈവം ആകുന്ന നല്ല വെള്ളി' കല്ലുവയൽ ഇടവകാംഗമായ സെബാസ്റ്റ്യൻ പുരയ്ക്കൻ എന്നിവർ സംസാരിച്ചു. യുവജനങ്ങൾ തന്നെ യുവജനങ്ങളോട് സുവിശേഷം പങ്കുവയ്ക്കുന്ന യൂത്ത് ടോക്ക് സീരീസ് യുവജനങ്ങളുടെ ഇടയിൽ ഏറെ ശ്രദ്ധേയമായി. ടോക്ക് സീരീസിൽ പങ്കുചേരുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ.

## Eremos

2021 ലെ വലിയ നോമ്പ് ആചരണത്തിന്റെ ഭാഗമായി 50 ദിന തുടർ ഉപവാസം 'ഏറെമോസ്' ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഈ ഉപവാസത്തിൽ 150 ഓളം യുവജനങ്ങളും കുഞ്ഞുങ്ങളും മുതിർന്നവരും പങ്കുചേർന്നു. യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി സമർപ്പിച്ച ഈ 50 ദിന തുടർ ഉപവാസം ഏറെ പ്രാർത്ഥനാ നിർഭരവും കൃപ നിറഞ്ഞതു മായിരുന്നു. ഇതിന് നേതൃത്വം നൽകിയ യൂത്ത് മിനിസ്ട്രി ടീമിനും ഇതിൽ പങ്കുചേർന്ന എല്ലാവർക്കും യുവജന ശുശ്രൂഷകളുടെ പേരിൽ ഹൃദയപൂർവ്വം നന്ദി പറയുന്നു.

**കുരിശിന്റെ കൃപ**

പീഡാനുഭവത്തിന്റെ ത്യാഗനിർഭരമായ ഓർമ്മ ആചരിക്കുന്ന വലിയനോമ്പാചരണത്തിന്റെ ഭാഗമായി അനുദിനം ചെയ്യുന്ന സുകൃത ങ്ങളും പ്രാർത്ഥനകളും കുരിശു നിർമ്മിച്ച് അതിൽ എഴുതി വിദ്യാർത്ഥികളും യുവജനങ്ങളും ഒരു ആത്മീയ സംസ്കാരം രൂപ പ്പെടുത്തി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിയ ഈ സംരംഭം കുരിശിന്റെ സംസ്കാരം സ്വന്തമാക്കുവാൻ യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും സഹായകമായി. തങ്ങളുടെ ഈ സുകൃത ജീവിതം എപ്രകാരമാണ് നയിച്ചതെന്നും അത് ഞങ്ങളെ എങ്ങനെ സ്വാധീനിച്ചു എന്നും വീഡിയോകൾ തയ്യാറാക്കി ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾ സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവെച്ചു.

**പ്രബോധന പരമ്പര**

2021 മാർച്ച് 31 ബുധനാഴ്ച വൈകുന്നേരം 7 മണിക്ക് കാത്തലിക് യൂത്ത് ചാനലിലെ ഫേയ്സ്ബുക്ക് പേജിൽ ബ്രദർ ജോർജ് ജോസഫ് 'യേശു ജീവിതവിജയത്തിന് അടിസ്ഥാനം'എന്ന വിഷയത്തെ കുറിച്ച് സ്വന്തം ജീവിതാനുഭവത്തിന്റെ വെളിച്ചത്തിൽ ഓൺലൈൻ വഴി സംസാരിച്ചു. യുവജനങ്ങൾക്കു തങ്ങളുടെ ജീവിതം ക്രൈസ്തവോ ചിതമായി എങ്ങനെ കരുപ്പിടിപ്പിക്കാം എന്ന ഉൾക്കാഴ്ച ഈ ക്ലാസ്സ് വഴി ലഭിച്ചു. ക്ലാസ്സ് നയിച്ച ബ്രദർ ജോർജ് ജോസഫിന് അഭിനന്ദനങ്ങൾ. വലിയ നോമ്പിൽ സംഘടിപ്പിച്ച ഈ പ്രബോധന പരമ്പരയ്ക്ക് നേതൃത്വം നൽകിയത് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും, സി. ബെൻസി ജോസ് എസ്.എച്ചും ആണ്.

**ദൈവകരുണയുടെ തിരുനാൾ**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയും ദ്വാരക ഇടവകയും സംയുക്തമായി ദൈവകരുണയുടെ തിരുനാൾ ആഘോഷിച്ചു. ദുഃഖവെള്ളിയാഴ്ച മുതൽ പുതു ഞായറാഴ്ച വരെ നീളുന്ന ഒൻപത്

ദിവസങ്ങളിലൂടെ ദൈവകരുണയുടെ നൊവേന ഉച്ചകഴിഞ്ഞ് 3 മണിക്ക് യൂത്ത് മിനിസ്ട്രിയുടെ ഫേയ്സ്ബുക്ക് പേജ് വഴി ലൈവായി നടത്തി. നൊവേന, കരുണക്കൊന്ത, ലുത്തിനിയ എന്നിവ ഉൾപ്പെടുത്തിയ ലൈവ് പ്രാർത്ഥനയാണ് 9 ദിവസവും നടന്നത്. ദൈവകരുണയുടെ തിരുനാളായ ഏപ്രിൽ പതിനൊന്നാം തീയതി ഞായറാഴ്ച ലൈഫ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ന്യൂസ് അവതരണം നടത്തി. ദൈവകരുണയുടെ പ്രേഷിത വി. ഫൗസ്റ്റീനയുടെ ജന്മനാടായ പോളണ്ടിലെയും, കേരളത്തിലേയും, സീറോ മലബാർ സഭയിലെയും കരുണയുടെ തിരുനാൾ ആഘോഷത്തെ കുറിച്ച് വിവരിച്ചുകൊണ്ടുള്ള ന്യൂസ് അവതരണങ്ങൾ വളരെ ശ്രദ്ധേയമായിരുന്നു. ദൈവകരുണയെക്കുറിച്ച് കൂടുതൽ പഠിക്കുവാനും ഈ ഭക്തി പ്രചരിപ്പിക്കുവാനും ഇതിലൂടെ വിദ്യാർത്ഥികൾക്ക് സാധിച്ചു.

**മിഷൻ നാട്ടിലേക്ക്**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ടീം അംഗവും മുൻപ് ദീർഘനാൾ ഓഫീസ് സെക്രട്ടറിയും, യുവ നൈബർ അസോസിയേഷൻ ട്രഷററും ആയി സേവനമനുഷ്ഠിച്ച സി. ലിൻസി എസ്.സി.വി. 2021 ഏപ്രിൽ പതിനെട്ടിന് മേഘാലയ മിഷൻ പ്രദേശത്തേക്ക് യാത്രയായി. മാനന്തവാടി രൂപതയിലെ യുവജനങ്ങൾക്കും, കുഞ്ഞുങ്ങൾക്കും, യുവജന ശുശ്രൂഷകൾക്കും വേണ്ടി രാപകലില്ലാതെ അധ്വാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത സിസ്റ്ററിന്റെ നന്മ നിറഞ്ഞ ജീവിതത്തെ നന്ദിയോടെ ഓർക്കുന്നു. പുതിയ പ്രേഷിത രംഗത്ത് സിസ്റ്ററിന് എല്ലാവിധ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

**സി.ആൻസി തോമസ് സി.എം.സി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**കരിദിനം**

ഉത്തർപ്രദേശിൽ ക്രൈസ്തവ യുവസന്യാസിനിമാർക്ക് നേരെ നടന്ന ബജ്റംഗ്ദൾ ആക്രമണത്തിനെതിരെ കെ.സി.വൈ.എം. മാനന്തവാടി രൂപത മാർച്ച് 24, ബുധനാഴ്ച്ച വൈകിട്ട് 6 മണി മുതൽ മാർച്ച് 25 വൈകിട്ട് 6 മണി വരെ കരിദിനമായി ആചരിച്ചു. കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ഷിജോ ഇടയാടിയിൽ ഫേയ്സ്ബുക്ക്, വാട്സ്ആപ്പ് പ്രൊഫൈൽ മാറ്റികൊണ്ട് കരിദിനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. വാട്സ്ആപ്പ്, ഫേയ്സ്ബുക്ക്, ഇൻസ്റ്റാ എന്നിവയുടെ പ്രൊഫൈൽ പിക്ചർ മാറ്റികൊണ്ട് ഈ പ്രതിഷേധത്തിൽ യുവജനങ്ങൾ പങ്കെടുത്തു.

**പ്രൊഫൈൽ ക്യാമ്പയിൻ**

മലയോര ജനതയുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന ബഫർ സോൺ കരട് വിഞ്ജാപനം പിൻവലിച്ച് ജനങ്ങളുടെ ആശങ്കകൾ അവസാനിപ്പിക്കാൻ മുൻകൈയ്യെടുക്കുമെന്ന് പ്രകടന പത്രികയിൽ ഉറപ്പ് നൽകുന്ന മുന്നണികൾക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും മാത്രമേ വോട്ട് നൽകുകയുള്ളു എന്ന മുറിയിപ്പുമായി കെ.സി.വൈ.എം. മാനന്തവാടി രൂപത ഫെയ്സ്ബുക്ക് പ്രൊഫൈൽ ക്യാമ്പയിൻ സംഘടിപ്പിച്ചു.

**പ്രതിഷേധ സ്വരം**

കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വയനാട് വന്യജീവി സങ്കേതത്തിന് ചുറ്റും 118.59 ചതുരശ്ര കിലോമീറ്റർ പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനത്തിനെതിരെ ജില്ലയിൽ വ്യാപക പ്രതിഷേധങ്ങൾ നടന്നിട്ടും ഇതൊന്നും കാണാതെ മുഖം തിരിച്ച് നിൽക്കുന്ന സംസ്ഥാനം സർക്കാരിന്റെ നടപടി തികച്ചും ജനദ്രോഹപരമാണ്. ജനങ്ങളുടെ ആശങ്ക അറിയിച്ചുകൊണ്ട് വിജ്ഞാപനത്തിൽ ഭേദഗതി വരുത്തണ മെന്ന് ആവശ്യപ്പെട്ട് കേരള മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചതായി അറിയിച്ചിരുന്നെങ്കിലും, ഇതുമായി ബന്ധപ്പെട്ട് യാതൊരു ആവശ്യങ്ങളും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടില്ലെന്നാണ് കേന്ദ്ര മന്ത്രി പ്രകാശ് ജാവഡേക്കർ പറഞ്ഞത്. ഈ തെരഞ്ഞെടുപ്പ് കാലത്ത്

പോലും ഇത്തരത്തിലുള്ള ജനദ്രോഹപരമായ നടപടികളാണ് സർക്കാരുകളും, രാഷ്ട്രീയ പാർട്ടികളും സ്വീകരിക്കുന്നതെങ്കിൽ പിന്നീടുള്ള കാലത്ത് എന്ത് സുരക്ഷിതത്വമാണ് ജനങ്ങൾക്ക് ഉണ്ടാകുക എന്ന് നാം ആശങ്കപ്പെടേണ്ടിയിരിക്കുന്നു. പരിസ്ഥിതി ലോല പ്രദേശങ്ങളാക്കി മാറ്റുന്നത് മൂലം നേരിടാൻ പോകുന്ന പ്രശ്നങ്ങളെപ്പറ്റി സാധാരണക്കാരനെ ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനുണ്ട്. എന്നാൽ നാളിതുവരെ അത്തരത്തിലൊരു നടപടിയും ജനങ്ങൾക്ക് വേണ്ടി സർക്കാർ കൈക്കൊണ്ടിട്ടില്ല എന്നത് അതീവ പ്രതിഷേധാർഹമാണ്. വയനാടിനെ പാടെ അവഗണിക്കുന്ന ഈ നടപടികൾ നിലനിൽക്കുമ്പോൾ പരിസ്ഥിതിലോല പ്രഖ്യാപനത്തിനെതിരെ രാഷ്ട്രീയ നേതൃത്വങ്ങളും സംസ്ഥാന സർക്കാരും ഇടപെട്ടില്ലായെങ്കിൽ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പ് വോട്ട് ബഹിഷ്ക്കരണത്തിന് വരെ ആഹ്വാനം ചെയ്യുന്നതിന് കെ.സി.വൈ.എം മാനന്തവാടി രൂപത നേതൃത്വം നൽകും. ഇത് ഒരു ജനതയുടെ നിലനിൽപ്പിന് വേണ്ടിയുള്ള പോരാട്ടമാണ്. ഞങ്ങൾക്കും ഇവിടെ ജീവിക്കണം. ജീവിക്കാൻ അനുവദിക്കാത്ത ആരും വോട്ട് ചോദിച്ചു കൊണ്ട് വരണ്ട എന്നും കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രതിഷേധ സ്വരത്തിൽ അറിയിച്ചു.

**പത്രപ്രസ്താവനകൾ**

**1.ബഫർ സോൺ പിൻവലിക്കൽ പ്രചരണ പത്രികയിൽ ഉൾപ്പെടുത്തണം**

കേരളത്തിലെ മലയോര പ്രദേശങ്ങളെ ബാധിക്കുന്ന കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച ബഫർ സോൺ കരട് വിജ്ഞാപനം ജനങ്ങളെ ദുരിതത്തിലാക്കിയിരിക്കുകയാണ്. വനപ്രദേശത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളാണ് ബഫർ സോൺ പ്രഖ്യാപനത്തിൽ ഉൾപ്പെടുന്നത്. ഈ പ്രഖ്യാപനം നിലവിൽ വരുന്ന സാഹചര്യത്തിൽ വന്യമൃഗശല്യത്താൽ വലയുന്ന വയനാടൻ ജനത കൂടുതൽ ദുരിതത്തിലേക്ക് എറിയപ്പെടുന്ന സാഹചര്യമാണ് ഉണ്ടാകുക. ഇതിനെതിരെ കെ.സി.വൈ.എം. മാനന്തവാടി രൂപത ശക്തമായ പ്രതിഷേധ പരിപാടികളാണ് നടത്തി കൊണ്ടിരിക്കുന്നത്. രാഷ്ട്രീയ പാർട്ടികൾ ബഫർ സോണിനെതിരെ ശബ്ദമുയർത്താതിരിക്കുന്നത് ആശങ്കയുളവാക്കുന്നു. ജനജീവിതം സുരക്ഷിതമാക്കുന്നതിന് മുന്നിൽ നിൽക്കേണ്ട രാഷ്ട്രീയ നേതൃത്വം സാധാരണക്കാരന്റെ ജീവിതത്തെ സാരമായി ബാധിക്കുന്ന ഈ പ്രഖ്യാപനത്തെ കൈയ്യും കെട്ടി നോക്കിയിരിക്കുന്നത് അതീവ

ഖേദകരവുമാണെന്നും, തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടാണ് നിശബ്ദത പാലിക്കുന്നതെങ്കിൽ അത് ജനങ്ങളോടുള്ള വഞ്ചന യാണെന്നും കെ.സി.വൈ.എം. മാനന്തവാടി രൂപത സമിതി അഭിപ്രായപ്പെട്ടു. രാഷ്ട്രീയ നേതൃത്വങ്ങൾ തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഇറങ്ങുമ്പോൾ പ്രവർത്തന പട്ടികയിൽ ബഫർ സോൺ പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉൾപ്പെടുത്തണമെന്നും ഇല്ലായെങ്കിൽ അത് തെരഞ്ഞെടുപ്പിനെ പ്രതികൂലമായി ബാധിക്കു മെന്നും ഇതിനെതിരെ ശക്തമായി പ്രതികരിക്കുമെന്നും രൂപതാ സമിതി അറിയിച്ചു.

**2. വയനാട് മെഡിക്കൽ കോളേജ് വിഷയത്തിൽ രാഷ്ട്രീയ കച്ചവടം അവസാനിപ്പിക്കുക**

വയനാട്ടുകാരുടെ വളരെ നാളത്തെ പ്രതീക്ഷയുടെ ഫലമായി ട്ടാണ് മാനന്തവാടി ജില്ലാ ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്തിക്കൊണ്ടുള്ള പ്രഖ്യാപനം ഉണ്ടായത്. എന്നാൽ നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തതിന്റെ പേരിൽ വയനാട് മെഡിക്കൽ കോളേജ് ഒരു രാഷ്ട്രീയ തെരഞ്ഞെടുപ്പ് കച്ചവടത്തിനുള്ള മാർഗ്ഗമായി കാണരുതെന്ന് കെ.സി.വൈ.എം. മാനന്തവാടി രൂപത ആവശ്യപ്പെട്ടു. ഭരണപക്ഷവും പ്രതിപക്ഷവും ഒറ്റക്കെട്ടായി നിന്ന് വയനാട്ടുകാരന്റെ ചിരകാല സ്വപ്നം സാധിച്ചു നൽകുന്നതിന് മുൻകൈയ്യെടുത്ത് പ്രവർത്തിക്കണമെന്നും രൂപതാ സമിതി ആവശ്യപ്പെട്ടു. മാനന്തവാടി ജില്ലാ ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്തിക്കൊണ്ട് ഉദ്ഘാടനം ചെയ്തിട്ടും യാതൊരു പുരോഗമന പ്രവർത്തനങ്ങളോ സംവിധാനങ്ങളോ ആരംഭിച്ചിട്ടില്ല. മാത്രവുമല്ല വയനാട് മെഡിക്കൽ കോളേജിനായി ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഇതിനോടകം നിറുത്തി വെച്ചതായും അറിയിക്കുകയുണ്ടായി. ഇത്തരമൊരു സാഹചര്യത്തിൽ വയനാട്ടിലെ ജനങ്ങളിൽ മെഡിക്കൽ കോളേജ് സംബന്ധിച്ച ആശങ്ക ഉയരുകയാണ്. കേവലം വോട്ട് ലാഭത്തിന് വേണ്ടി മാത്രം വയനാട്ടു കാരുടെ സ്വപ്നത്തെ ഉപയോഗിക്കുന്നത് നീതിപരമല്ലായെന്ന് സമിതി വിലയിരുത്തി. വയനാട് മെഡിക്കൽ കോളേജ് സംബന്ധിച്ചുള്ള വിഷയത്തിൽ ഭരണസംവിധാനങ്ങൾ ജനങ്ങൾക്ക് വ്യക്തത നൽകണമെന്നും രൂപതാ സമിതി ആവശ്യപ്പെട്ടു.

**3. രാഷ്ട്രീയ മുണികൾക്ക് അഭിനന്ദനങ്ങൾ**

ജനജീവിതത്തെ ബാധിക്കുന്ന ബഫർ സോൺ പ്രഖ്യാപനത്തി നെതിരെ കെ.സി.വൈ.എം. ഉന്നയിച്ച ആവശ്യം പ്രകടനപത്രികയിൽ ഉൾപെടുത്തിയ രാഷ്ട്രീയ മുന്നണികൾക്ക് അഭിനന്ദനങ്ങൾ അറിയിച്ചു.

LDF, UDF, NDA എന്നീ പ്രമുഖ രാഷ്ട്രീയ പാർട്ടികളാണ് തങ്ങളുടെ പ്രകടനപത്രികയിൽ ബഫർ സോൺ പ്രഖ്യാപനത്തിൽ നിന്ന് ജനവാസ മേഖലകളെ ഒഴിവാക്കും എന്ന വാഗ്ദാനം ഉൾപ്പെടുത്തിയിരിക്കുന്നത്. ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ നിശബ്ദത പാലിച്ചിരുന്നെങ്കിലും, ഈ വിഷയം പ്രകടനപത്രികയിൽ ഉൾപ്പെടുത്തിയ നീക്കം പ്രതീക്ഷ പകരുന്നതാണെന്ന് കെ.സി.വൈ.എം. മാനന്തവാടി രൂപത സമിതി അഭിപ്രായപ്പെട്ടു. സമൂഹത്തിന് വേണ്ടി നിലകൊള്ളുമെന്നും, തിരഞ്ഞെടുപ്പിന് ശേഷം വാഗ്ദാനങ്ങളിൽ വിശ്വസ്തത പുലർത്തുന്നില്ലെങ്കിൽ പ്രതിഷേധ ശബ്ദവുമായി മുന്നോട്ടുപോകുമെന്നും കെ.സി.വൈ.എം. രൂപത സമിതി മുന്നറിയിപ്പ് നൽകി.

**ആത്മ 2021**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ 2021 മാർച്ച് 23 ന് കോട്ടയത്ത് നടന്ന ഡയറക്ടേഴ്സ് – ആനിമേറ്റേഴ്സ് മീറ്റിംഗിൽ ഡയറക്ടർ, ആനിമേറ്റർ എന്നിവർ പങ്കെടുത്തു.

**കെ.സി.വൈ.എം. മലബാർ നേതൃത്വ യോഗം**

2021 മാർച്ച് 20 ന് കെ.സി.വൈ.എം. സംസ്ഥാന സമിതി ഡയറക്ടർ റവ.ഫാ. സ്റ്റീഫൻ തോമസ് ചാലക്കരയുടെ നേതൃത്വത്തിൽ മലബാറിലെ ബത്തേരി, മാനന്തവാടി, താമരശ്ശേരി രൂപതകളെ കോർത്തിണക്കി നേതൃത്വസംഗമവും രൂപത ഭാരവാഹികളെ പരിചയപ്പെടലും കെ.സി.വൈ.എം. മാനന്തവാടി രൂപത ഓഫീസിൽ നടത്തി.

**ത്യാഗം 2021 യൂത്ത് ക്രോസ്സ് പ്രയാണം**

യേശുവിന്റെ പീഡാനുഭവത്തിന്റെ അനുസ്മരണമായ ത്യാഗം 2021 യൂത്ത് ക്രോസ്സ് പ്രയാണം ദ്വാരക മേഖലയുടെ ആതിഥേയത്വത്തിലും കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിലും ഒന്നുചേർന്ന് ഭക്തിനിർഭരമായി നടത്തി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വിളമ്പുകണ്ടം ദേവാലയത്തിൽ നിന്ന് കുറുമ്പാലക്കോട്ട കുരിശടിയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ 120 ൽ പരം യുവജനങ്ങൾ പങ്കെടുത്തു. രൂപത സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ, ദ്വാരക മേഖല സമിതി, വിളമ്പുകണ്ടം യൂണിറ്റ് സമിതി, ഇടവക ജനങ്ങൾ എന്നിവർ നേതൃത്വം നൽകി. ത്യാഗത്തിന്റെയും, സഹനത്തിന്റെയും, സമർപ്പണത്തിന്റെയും സന്ദേശം നൽകുന്നതായിരുന്നു ത്യാഗം 2021 യൂത്ത് ക്രോസ്സ് പ്രയാണം.

**LEAD ON 2021**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ എറണാകുളം അങ്കമാലി മേജർ അതിരൂപതയുടെ ആതിഥേയത്വത്തിൽ 2021 ഏപ്രിൽ 11 ന് നടന്ന ലീഡേഴ്സ് മീറ്റിൽ രൂപതയിൽ നിന്നും 4 പേർ പങ്കെടുത്തു.

**ഭക്ഷ്യകിറ്റ് വിതരണം**

കമില്ലസ് സഭയുമായി സഹകരിച്ചുള്ള ഭക്ഷ്യകിറ്റ് വിതരണം യുവജനങ്ങളുടെ നേതൃത്വത്തിൽ വിവിധ മേഖലകൾ കേന്ദ്രീകരിച്ച് വിജയകരമായി പൂർത്തീകരിച്ചു.

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന് മേഖല**

ചുങ്കക്കുന്ന് മേഖല പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും JEHIEL 2021 എന്ന പേരിൽ ഒറ്റപ്ലാവ് യൂണിറ്റിൽ വച്ച് നടത്തി. ലോക ജലദിനത്തിൽ സാമൂഹ്യ മാധ്യമങ്ങൾ വഴി പോസ്റ്റർ പ്രചരണം നടത്തി. 24 ആഴ്ച പ്രായമായ ഭ്രൂണത്തെ ഗർഭചിത്രം നടത്താമെന്ന കേന്ദ്രസർക്കാരിന്റെ ബിൽ പ്രതിഷേധാർഹമാണെന്ന് മേഖലാസമിതി ഉന്നയിച്ചു. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് വനിതാസംഗമം ഓൺലൈനായി നടത്തി. ക്യാൻസർ രോഗികൾക്കായി ഹെയർ ഡൊണേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചു. 30 യുവതികൾ പങ്കുചേർന്നു. ഉത്തർപ്രദേശിൽ ക്രൈസ്തവ സന്യാസിനികൾക്കെതിരെ നടന്നുവരുന്ന അതിക്രമങ്ങളിൽ പത്ര പ്രസ്താവന നടത്തുകയും പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു.

**ദ്വാരക മേഖല**

ബഫർസോൺ വിജ്ഞാപനത്തിന് എതിരെ മലയോര സംരക്ഷണ യാത്രയുടെ സമാപന സമ്മേളനത്തിൽ ദ്വാരക മേഖലയിൽനിന്ന് 50 ൽപ്പരം യുവജനങ്ങൾ പങ്കെടുത്തു. വനിതാ ദിനത്തിൽ സ്ത്രീകൾക്കായി സെമിനാർ സംഘടിപ്പിച്ചു. മേഖല ഡയറക്ടറുടെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. ദ്വാരക മേഖലയുടെ ആതിഥേയത്വത്തിൽ വിളമ്പുകണ്ടം ദേവാലയത്തിൽ നിന്ന് കുറുമ്പാലക്കോട്ടയിലേക്ക് കുരിശിന്റെ വഴി സംഘടിപ്പിച്ചു.

**മാനന്തവാടി മേഖല**

മാർച്ച് മാസം യൗസേപ്പിതാവിന്റെ മാസമായി ആചരിക്കുകയും എല്ലാ ദിവസവും സന്ദേശങ്ങൾ വാട്സാപ്പ് വഴി നൽകുകയും ചെയ്തു. മാനന്തവാടി മേഖലയുടെ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി. നികുതി

വർദ്ധനവിനെതിരെ മാനന്തവാടി ടൗണിൽ പ്രതിഷേധ സമ്മേളനം സംഘടിപ്പിച്ചു. ഉത്തരേന്ത്യയിൽ ആക്രമിക്കപ്പെട്ട ക്രൈസ്തവ സന്യാസികൾക്കായി പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു.

**യൂണിറ്റ് വാർത്തകൾ**

**കണിയാരം യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ കുരിശിന്റെ വഴിയിൽ 40 ൽപ്പരം യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങൾക്കായി ക്ലാസ്സ്, കുമ്പസാരം എന്നിവ സംഘടിപ്പിച്ചു.

**കരിമാനി യൂണിറ്റ്**

മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ കരിമാനി യൂണിറ്റിൽ നടത്തിയ നോമ്പുകാല ധ്യാനത്തിൽ യുവജനങ്ങൾ പങ്കെടുത്തു. യൂണിറ്റ് മാർഗരേഖ പ്രകാശനം ചെയ്തു.

**തവിഞ്ഞാൽ യൂണിറ്റ്**

മേഖലയുടെ നേതൃത്വത്തിൽ യൂണിറ്റിൽ നടത്തിയ നോമ്പുകാല ധ്യാനത്തിൽ യുവജനങ്ങൾ പങ്കെടുത്തു. മക്കികൊല്ലി പ്രദേശത്ത് ഭീതിപരത്തിയ കടുവയുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ ജാഗ്രതയോടെ യുവജനങ്ങൾ പ്രവർത്തിച്ചു.

**പാലേമാട് യൂണിറ്റ്**

ഉത്തർപ്രദേശിൽ ആക്രമിക്കപ്പെട്ട സന്യാസികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു പോസ്റ്ററുകൾ ഇറക്കി. മേഖലയുടെ നേതൃത്വത്തിൽ നടത്തിയ കുരിശിന്റെ വഴിയിൽ യുവജനങ്ങൾ പങ്കെടുത്തു. പള്ളിമേടയുടെ വെഞ്ചിരിപ്പിന് യുവജനങ്ങളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ നടത്തി.

**പുതിയിടം യൂണിറ്റ്**

പുതിയിടം യൂണിറ്റിൽ ഏകദിന ബൈബിൾ കൺവെൻഷൻ നടത്തി. ഉയിർപ്പ് തിരുനാളിന് ഒരുക്കമായി യുവജനങ്ങളുടെ നേതൃത്വത്തിൽ കല്ലറ നിർമ്മിച്ചു.

**കുറ്റിമൂല യൂണിറ്റ്**

നോമ്പുകാലത്ത് എല്ലാ വെള്ളിയാഴ്ചകളിലും കുരിശിന്റെ വഴിയിലും വി. ബലിയിലും യുവജനങ്ങൾ സംബന്ധിച്ചു. പെസഹാ തിരുനാളിൽ ഒരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കി, ദേവാലയം അലങ്കരിച്ചു.

**മണിമൂളി യൂണിറ്റ്**

നാല്പതാം വെള്ളിയാഴ്ചയോടനുബന്ധിച്ച് കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങളുടെയും ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചു.

മേഖലയുടെ നേതൃത്വത്തിൽ നടത്തിയ കുരിശിന്റെ വഴിക്ക് യൂണിറ്റ് ആതിഥേയത്വം വഹിച്ചു. പെസഹാ ബുധനാഴ്ച യുവജനങ്ങൾക്ക് കുമ്പസാരത്തിന് ഒരുക്കമായി ക്ലാസ് സംഘടിപ്പിച്ചു.

**വാളാട് യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുകയും രോഗീ സന്ദർശനം നടത്തുകയും ചെയ്തു. ദുഃഖവെള്ളി യോടനുബന്ധിച്ച് കുരിശടിയും പരിസരവും അലങ്കരിച്ചു. മക്കിയാട് മലയിൽ കുരിശിന്റെ വഴി നടത്തി.

**അമ്പായത്തോട് യൂണിറ്റ്**

മലയോര സംരക്ഷണ യാത്രയ്ക്ക് യൂണിറ്റിൽ സ്വീകരണം നൽകി. ഡീക്കൻ പട്ടത്തിലേക്ക് ഉയർത്തപ്പെട്ട ഡീക്കൻ റോബിൻസ് കുമ്പളക്കുഴിക്ക് പ്രാർത്ഥനാശംസകൾ നേർന്നു.

**ചുങ്കക്കുന്ന് യൂണിറ്റ്**

വനിതാദിനത്തോടനുബന്ധിച്ച് ഇടവകയിലെ ശാരീരിക പരിമിതികളെ മറികടന്ന് പ്രവർത്തിക്കുന്ന കരുത്തുറ്റ വനിതയെ ആദരിച്ചു. യൂണിറ്റ് ഭാരവാഹികൾ രൂപതയിലെ വിയാനി ഭവൻ സന്ദർശിച്ചു. യൂണിറ്റിൽ ഭക്ഷ്യക്കിറ്റ് വിതരണം നടത്തി.

**ഒറ്റപ്ലാവ് യൂണിറ്റ്**

ചുങ്കക്കുന്ന് മേഖല പ്രവർത്തനവർഷ ഉദ്ഘാടനത്തിന് ഒറ്റപ്ലാവ് യൂണിറ്റ് ആതിഥേയത്വം വഹിച്ചു.

**വെള്ളൂന്നി യൂണിറ്റ്**

മേഖലയുടെ നേതൃത്വത്തിൽ നൽകിയ ഭക്ഷ്യക്കിറ്റുകൾ യൂണിറ്റിലെ നിർദ്ധന കുടുംബങ്ങൾക്ക് വിതരണം ചെയ്തു. മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

**പാൽച്ചുരം യൂണിറ്റ്**

വനിതാദിനം ആചരിച്ചു. മലയോര സംരക്ഷണ യാത്രയ്ക്ക് സ്വീകരണം നൽകി. മേഖലയുടെ നേതൃത്വത്തിൽ നടത്തിയ കേശദാനത്തിൽ കുമാരി ഡോണ സേവ്യർ വെളുത്തേടത്ത് മുടി ദാനം ചെയ്തു.

**ശാന്തിഗിരി യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ കിടപ്പുരോഗികൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. പെസഹാ വ്യാഴാഴ്ച ആരാധനയും ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴിയും നടത്തി.

**കല്ലോടി യൂണിറ്റ്**

യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനവും യുവജന സംഗമവും നടത്തി. ശ്രീ. ജോസ് പള്ളത്ത് യുവജനങ്ങൾക്കായി ക്ലാസ് നയിച്ചു.

**ആലാറ്റിൽ യൂണിറ്റ്**

ഉത്തർപ്രദേശിൽ ട്രെയിൻ യാത്രയിൽ ആക്രമിക്കപ്പെട്ട സിസ്റ്റേഴ്സിനു വേണ്ടി നടത്തിയ പ്രതിഷേധത്തിൽ പങ്കുചേർന്നു. ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങളുടെ നേതൃത്വത്തിൽ കല്ലറ നിർമ്മിച്ചു.

**ടൗൺ ചർച്ച് യൂണിറ്റ്**

മാനന്തവാടി മുനിസിപ്പാലിറ്റിയിലെ അശാസ്ത്രീയമായ നികുതി വർദ്ധനവിനെതിരെ യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രതിഷേധിച്ചു. യൂണിറ്റിന്റെ നേതൃത്വത്തിൽ ഫണ്ട് ശേഖരണാർത്ഥം കരിമാനി തേയില ഫാക്ടറിയിൽ നിന്നും ചായപ്പൊടി വാങ്ങി ഇടവക ജനങ്ങൾക്ക് എത്തിച്ചുകൊടുത്തു.

**വലിയ കൊല്ലി യൂണിറ്റ്**

മേഖലയുടെ നേതൃത്വത്തിൽ നൽകിയ ഭക്ഷ്യ കിറ്റുകൾ യൂണിറ്റിൽ വിതരണം ചെയ്തു. മലയോര സംരക്ഷണ യാത്രയുടെ സമാപന ദിനത്തിൽ യൂണിറ്റിൽ നിന്നും 21 പേർ പങ്കെടുത്തു. യൂണിറ്റിൽ ഏകദിന ബൈബിൾ കൺവെൻഷൻ നടത്തി.

**ജിയോ ജെയിംസ് മച്ചുകുഴിയിൽ**
ജനറൽ സെക്രറി

### വിവാഹ ഒരുക്ക കോഴ്സ്

മാർച്ച് 26, 27, 28 തീയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 179 പേരും ഏപ്രിൽ 9, 10, 11 തീയതികളിൽ 99 പേരും പങ്കെടുത്തു.

### അടുത്ത കോഴ്സുകൾ

ഏപ്രിൽ 23, 24, 25
മെയ് 07, 08, 09 : ബുക്കിംഗ് ഏപ്രിൽ 30 ന്
മെയ് 21, 22, 23 : ബുക്കിംഗ് മെയ് 14 ന്

### മരിയൻ സിംഗിൾസ്

1200 ജപമാലയും 1200 കരുണ കൊന്തയും ചൊല്ലി കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. സഭാ പ്രസംഗകൻ, ഉത്തമഗീതം എന്നീ ബൈബിൾ ഭാഗങ്ങൾ വായിച്ചു.

### പ്രോലൈഫ്

മാറിയ കാലഘട്ടത്തിൽ പ്രോലൈഫ് ആശയങ്ങൾ സമൂഹത്തിന്റെ വിവിധ തുറകളിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് രൂപതയിലെ പ്രോലൈഫ്, ജീസസ് യൂത്ത്, കെ.സി.വൈ.എം. പ്രതിനിധികളുടെ ഒരു മീറ്റിംഗും ആശയ സമാഹരണവും നടത്തി.

### ഗോഡ്ബ്ലസ് മാട്രിമണി

സീറോ മലബാർ സഭയിലെ 18 രൂപതകളുടെ മാട്രിമണി വെബ്സൈറ്റുകൾ ഒരു കുടക്കീഴിൽ എത്തിയതിന്റെ ഭാഗമായി നമ്മുടെ രൂപതയിൽ 1000 ത്തോളം ഫ്രീ രജിസ്ട്രേഷനുകൾ നടന്നു. ഇത് വിജയിപ്പിക്കാൻ സഹകരിച്ച വൈദികർക്കും സംഘടനാ ഭാരവാഹികൾക്കും നന്ദി.

### മാതൃവേദി

ഏപ്രിൽ മാസത്തെ രൂപത എക്സിക്യൂട്ടീവിന്റെ തീരുമാന പ്രകാരം ഉയർന്നുവരുന്ന കോവിഡിന്റെ പശ്ചാത്തലത്തിൽ രൂപത വിസിറ്റും യൗസേപ്പിതാവിന്റെ തിരുസ്വരൂപ പ്രയാണവും മാറ്റിവെച്ചു. മാതൃവേദിയുടെ സ്വർഗ്ഗീയ സഹമധ്യസ്ഥയായ ജാന്ന ബരേറ്റ മോള്ള

യുടെ തിരുനാൾ ഈ മാസം 28-ാം തീയതി ഓരോ ശാഖകളിലും കോവിഡ് പ്രോട്ടോകോൾ പാലിച്ച് ശാഖകൾ നടത്തുമല്ലോ.

**നടവയൽ മേഖല:-** 133-ാം സങ്കീർത്തനം മത്സരം നടത്തി. വലിയനോമ്പിലെ പരിത്യാഗം വഴി മാറ്റിവെക്കപ്പെട്ട തുക അഗതിമന്ദിരത്തിൽ കഴിയുന്നവർക്ക് വസ്ത്രങ്ങളും നിത്യോപയോഗ സാധനങ്ങളും നൽകി. 'ഹല്ലേൽ' മത്സരത്തിൽ പങ്കെടുത്തു. മനോരമയും മലബാർഗോൾഡും ചേർന്നു നടത്തിയ 'പെണ്ണൊരുമ' എന്ന മത്സരത്തിൽ സമ്മാനർഹരായി.

**മുള്ളൻകൊല്ലി:-** രൂപത ടീം മേഖലയിലെ എല്ലാ ശാഖകളും സന്ദർശിച്ചു. പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. 'കുടുംബം തിരുക്കുടുംബം ആയാൽ എനിക്കുള്ള നന്മ' എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്കായി മത്സരം നടത്തി. സമ്മാനർഹരായവരെ ആദരിച്ചു. ബഫർസോൺ പ്രഖ്യാപിച്ചതിനെതിരെ പ്രതിഷേധ റാലി നടത്തി. എല്ലാ ഭവനങ്ങളിലും വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസം പ്രാർത്ഥന കൊടുത്തു. ചൈതന്യ ആശ്രമത്തിലെ ഫാദർ വർക്കി പീഡാനുഭവ ചിന്തകളെക്കുറിച്ച് ക്ലാസ്സ് നൽകി. സെന്റ് ജോസഫ് നാമധാരികളെ ആദരിച്ചു. അഭിവന്ദ്യ മാർ ജോസ് പിതാവിന് ആശംസകൾ അറിയിച്ചു.

**തരിയോട് മേഖല:-** രൂപതാ വിസിറ്റ് നടത്തി. അന്താരാഷ്ട്ര ദിനാചരണത്തിന്റെ ഭാഗമായി രൂപതാ പ്രസിഡന്റിനെ ആദരിച്ചു. പനമരം നവജ്യോതി വൃദ്ധമന്ദിരം സന്ദർശിച്ചു 6500 രൂപയും 500 രൂപയുടെ ഭക്ഷണസാധനങ്ങളും നൽകി. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ പിതൃദിനമായി ആചരിക്കുകയും അഭിവന്ദ്യ പിതാവിനും എല്ലാ വൈദികർക്കും ആശംസകൾ നേർന്നു. ബൈബിൾ പാരായണം നടത്തി. 46000 കരുണക്കൊന്ത ചൊല്ലി. 'കുടുംബം തിരുക്കുടുംബം ആയാൽ എനിക്കുള്ള നന്മ' എന്ന വിഷയത്തിൽ ആശയ സമാഹരണം നടത്തി.

**ശിശുമല:-** വനിതാദിനം ആചരിച്ചു. 7000 കരുണകൊന്ത ചൊല്ലി. എടപ്പെട്ടി ജീവൻജ്യോതി ചിൽഡ്രൻസ് ഹോം സന്ദർശിച്ചു. ബഫർസോൺ പ്രഖ്യാപനത്തിനെതിരെ കുരിശിന്റെ വഴി ചൊല്ലി.

**തലഞ്ഞി:-**വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസ പ്രാർത്ഥന നടത്തി. വനിതാദിനം ആചരിച്ചു. കുരിശിന്റെ വഴി നടത്തി. പാലിയേറ്റീവ് പരിചരണത്തിനായി സ്നേഹതീരം ആതുരാലയത്തിൽ 5000 രൂപ നൽകി. ബഹുമാനപ്പെട്ട വികാരിയച്ചന്റെ നാമഹേതുക തിരുനാളിന്

ആശംസകൾ നേർന്നു. നാൽപതാം വെള്ളിയാഴ്ച കുരിശിന്റെവഴി നടത്തി. കോവിഡ് എന്ന മഹാവിപത്തിനെതിരെ 5000 കരുണ കൊന്ത ചൊല്ലി . ഒരു നിർദ്ധന കുടുംബത്തിന് 5000 രൂപ സഹായം നൽകി.

**പാൽചുരം:-** കെ.സി.വൈ.എം. അംഗങ്ങളോട് ചേർന്ന് ബഫർസോൺ റാലിയിൽ പങ്കെടുത്തു. വനിതാ ദിനത്തിൽ പ്രസംഗ മത്സരം നടത്തി, സമ്മാനാർഹരായവരെ ആദരിച്ചു.

**പൂക്കോട്ടുംപാടം:-** അന്താരാഷ്ട്ര വനിതാ ദിനാചരണത്തിൽ ഹെഡ്മാസ്റ്റേഴ്സ്, സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ്, ഗവൺമെന്റ് മെഡിക്കൽ കോളേജ് ഡയറക്ടർ, ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരെ ആദരിച്ചു. വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസം ആചരിച്ചു. നേർച്ചഭക്ഷണം നൽകി. നാൽപതാം വെള്ളിയാഴ്ച കുരിശിന്റെവഴി നടത്തി. 65 വയസ്സിനു മുകളിൽ പ്രായമായ മാതാപിതാക്കൾക്കായി പ്രത്യേക അനുതാപ ശുശ്രൂഷയും വിശുദ്ധ കുർബാനയും നടത്തി. 40 പേർ പങ്കെടുത്തു, സ്നേഹവിരുന്ന് നൽകി. മാതാപിതാക്കൾക്കും യുവാക്കൾക്കുമായി ലൗജിഹാദിനെ സംബന്ധിച്ച് ഒരു ബോധവൽക്കരണ ക്ലാസ്സ് നൽകി.

**ശാന്തിഗിരി:-** ഇടവകയിലെ ജോസഫ് നാമധാരികളെ ആദരിച്ചു, വിശുദ്ധബലി അർപ്പിച്ചു, കിടപ്പു രോഗികളെ സന്ദർശിച്ചു.

**കൊട്ടിയൂർ:-** വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികളെ ആദരിച്ചു. നാൽപതാം വെള്ളിയാഴ്ച കുരിശിന്റെ വഴി നടത്തി.

**കേളകം:-** രൂപതയിലെ ജോസഫ് നാമധാരികളായ 40 വൈദികർക്ക് ആശംസാകാർഡ് അയച്ചു. ചികിത്സയിലായിരുന്ന രണ്ട് നിർദ്ധന രോഗികൾക്ക് ഉപവാസത്തിലൂടെ സമാഹരിച്ച തുകകൊണ്ട് സാമ്പത്തിക സഹായം നൽകി.

**വാളേരി:-** വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസപ്രാർത്ഥന, കുരിശിന്റെവഴി എന്നീ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ഫണ്ട് സ്വരൂപിക്കാൻ പച്ചക്കറികൃഷി നടത്തി. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ പിതൃദിനം ആചരിച്ചു. മേഖല വാർഷികത്തിൽ പങ്കെടുത്തു. 'കുടുംബം തിരുക്കുടുംബം ആകാൻ പിതാക്കന്മാരുടെ പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ആശയ സമാഹാരത്തിൽ സമ്മാനങ്ങൾ ലഭിച്ചു. ചിട്ടി നറുക്കെടുപ്പ് നടത്തി.

**മരുത:-**വിശുദ്ധ യൗസേപ്പിതാവിന്റെ രൂപം ഔദ്യോഗികമായി പ്രതിഷ്ഠിച്ചു. വണക്കമാസ പ്രാർത്ഥനകൾ നൽകി. വനിതാ

ദിനത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തി. ബഹുമാനപ്പെട്ട ഫാ. സോണി വാഴക്കാട്ട് മാതാപിതാക്കൾക്ക് ക്ലാസുകൾ നൽകി. ഒരു നിർദ്ധന കുടുംബത്തിന് ഭക്ഷ്യധാന്യക്കിറ്റും, പൈസയും നൽകി. 'വിശുദ്ധ യൗസേപ്പിതാവ്' എന്ന വിഷയത്തിൽ പ്രസംഗ മത്സരം നടത്തി.

**വഞ്ഞോട്:-** 'കുടുംബം തിരുക്കുടുംബം ആകാൻ കുടുംബനാഥന്റെ പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ മത്സരത്തിൽ സമ്മാനാർഹരായവരെ ആദരിച്ചു. അന്തർദേശീയ തലത്തിൽ നടത്തിയ 'ഹല്ലേൽ' പരിപാടിയിൽ മൂന്ന് അമ്മമാർ പങ്കെടുത്തു. ഭവനസന്ദർശനം നടത്തി. 'ദാവീദിന്റെ സങ്കീർത്തനം' എന്ന പ്രോഗ്രാമിൽ ഏറ്റവും കൂടുതൽ ആളുകളെ സംഘടിപ്പിച്ചതിന് സമ്മാനം ലഭിച്ചു. 'കുടുംബം തിരുക്കുടുംബം ആകാൻ തങ്ങളുടെ പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രസംഗ മത്സരത്തിൽ പ്രോത്സാഹന സമ്മാനം ലഭിച്ചു.

**കുറുമണി:-** വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസം പ്രാർത്ഥന എല്ലാ ഭവനങ്ങളിലും എത്തിച്ചു. രൂപതാ വിസിറ്റ് നടത്തി. എല്ലാ ഭവനങ്ങളും ചേർന്ന് സമ്പൂർണ്ണ ബൈബിൾ വായന നടത്തി. സമരിറ്റൻഭവനം സന്ദർശിച്ച് 2500 രൂപയുടെ സാധനങ്ങൾ എത്തിച്ചു കൊടുത്തു. പിതൃദിനാചരണത്തിന്റെ ഭാഗമായി കുറുമ്പാലയിൽ ഉള്ള വിശുദ്ധ യൗസേപ്പിതാവിന്റെ ദേവാലയത്തിൽ സന്ദർശനം നടത്തി. 5000 കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**മരകാവ്:-** എല്ലാ ദിവസവും വിശുദ്ധ യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന നടത്തി. പരീക്ഷ ഒരുക്ക പ്രാർത്ഥനയിലും ബഫർസോൺ പ്രഖ്യാപനത്തിനെതിരെ നടത്തിയ പ്രതിഷേധറാലിയിലും പങ്കെടുത്തു. രൂപത മേഖലാ സൗഹൃദ സന്ദർശനം നടത്തി. ഒരു ക്യാൻസർ രോഗിക്ക് ചികിൽസ സഹായമായി 5000 രൂപ നൽകി.

**പുതുശ്ശേരിക്കടവ്:-** വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ പിതൃദിനം ആചരിച്ചു. ഭവന സന്ദർശനം നടത്തി. കിടപ്പുരോഗികൾക്ക് ഈസ്റ്റർ കിറ്റ് വിതരണം ചെയ്തു.

**പാലാങ്കര:-** നാല്പതാം വെള്ളിയാഴ്ച കുരിശിന്റെ വഴി നടത്തി.

**കല്ലോടി:-** വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസം ആചരിച്ചു. അഖണ്ഡ ജപമാലയിൽ പങ്കെടുത്തു. ജോസഫ് നാമധാരികളായ എല്ലാ വൈദികർക്കും അഭിവന്ദ്യ പിതാവിനും ആശംസകൾ നേർന്നു. ഇടവക ധ്യാനത്തിൽ പങ്കെടുത്തു. നാൽപതാം വെള്ളിയാഴ്ച കുരിശിന്റെവഴി നടത്തി. രണ്ടു നിർദ്ധന കുടുംബങ്ങൾക്ക് ഭക്ഷണസാധനങ്ങളും

ചികിത്സാ സഹായവും നൽകി. മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ അമ്മമാർ ഭക്ഷണം പാകംചെയ്യുവാൻ പോയി. 'കുടുംബം തിരുക്കുടുംബം ആകാൻ അമ്മയ്ക്കുള്ള പങ്ക്' എന്ന വിഷയത്തിൽ ആശയ സമാഹരണം നടത്തി. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി.

**കളത്തുവയൽ:-** വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസ ആചരണം നടത്തി. ജോസഫ് നാമധാരികളെ ആദരിച്ചു. കോവിഡ് രോഗികൾക്കുവേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**കുഞ്ഞോം:-** വീട് വെഞ്ചരിപ്പ് ദിനത്തിൽ അമ്മമാർ ദേവാലയത്തിൽ വന്നു മധ്യസ്ഥ പ്രാർത്ഥന നടത്തി . വാർഡ്തലത്തിൽ കുരിശിന്റെവഴി നടത്തി. അന്തർദേശീയ വനിതാ ദിനത്തിൽ ഇടവകയിലെ മികച്ച വനിതയെ ആദരിച്ചു. പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി. കോട്ടയത്തുള്ള സമരിറ്റൻ ടീമുമായി ചേർന്ന് 73 മണിക്കൂർ നടത്തിയ ആരാധനയിൽ പങ്കുചേർന്നു. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിൽ ജോസഫ് നാമധാരികളെ ആദരിച്ചു. വഞ്ഞോട് ദേവാലയത്തിൽ വച്ച് നടത്തിയ പ്രാർത്ഥനയിലും മീറ്റിംഗിലും 9 പേർ പങ്കെടുത്തു. ഭവനങ്ങളിൽ വണക്കമാസ പ്രാർത്ഥന ചൊല്ലി. പ്രോലൈഫ് ദിനാചരണദിനത്തിൽ മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടി പ്രാർത്ഥിച്ചു. രോഗി സന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. കോവിഡ് രോഗികൾക്കുവേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**തോണിച്ചാൽ:-** കെ.സി.വൈ.എം. യൂണിറ്റിനോട് ചേർന്ന് അംഗങ്ങൾ രക്തദാന ക്യാമ്പ് നടത്തി. ജോസഫ് നാമധാരികളായ എല്ലാവർക്കും ആശംസകൾ നേർന്നു. 'കുടുംബം തിരുക്കുടുംബം ആകാൻ കുടുംബനാഥന്റെ പങ്ക്' എന്ന വിഷയത്തിൽ 4 പേർ പങ്കെടുത്തു. വാളാട് വികാരിയായി പോയ ജിന്റോ തട്ടുപ്പറമ്പിൽ അച്ചന് യാത്രയയപ്പ് നൽകി.

**ബത്തേരി:-** അന്താരാഷ്ട്ര വനിതാ ദിനത്തിൽ അന്നേദിവസം ദേവാലയത്തിൽ വന്ന എല്ലാ വനിതകളേയും ചേർത്ത് ജയിംസ് പുത്തൻപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ ആദരിക്കുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. മേഖലാവാർഷികം നടത്തി. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികൾക്ക് പ്രാർത്ഥന കാർഡുകൾ നൽകി. ഇടവകയിലെ എല്ലാ ആശാരിമാരെയും വിളിച്ച് മെമന്റോ നൽകി ആദരിച്ചു. ഇടവകയിലെ ഏറ്റവും പ്രായംകൂടിയ പിതാക്കന്മാരിൽ ഒരാളെ കണ്ടെത്തി പൊന്നാട അണിയിച്ചു.

'പിതൃഹൃദയത്തോടെ' എന്ന അപ്പസ്തോലിക ലേഖനം ആധാരമാക്കി വികാരിയച്ചൻ ഹൃദ്യമായ ക്ലാസ്സ് നൽകി. പ്രോലൈഫ് പ്രവർത്തനത്തിന്റെ ഭാഗമായി ഗർഭിണികൾ, ഗർഭസ്ഥ ശിശുക്കൾ എന്നിവർക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**മരക്കടവ്:-** അന്താരാഷ്ട്ര വനിതാ ദിനത്തിൽ റാങ്ക് കിട്ടിയ വനിതകളെ ആദരിച്ചു. സെന്റ് ജോസഫ് ക്വിസ് ടെക്സ്റ്റ് ബുക്ക് എല്ലാ ശാഖകൾക്കും നൽകി. 2000 കരുണ കൊന്ത ചൊല്ലി. മേഖലയിൽ നടത്തിയ കുരിശിന്റെ വഴിയിൽ അഞ്ച് പേർ പങ്കെടുത്തു. വിശുദ്ധ യൗസേപ്പിതാവിന്റെ നാമഹേതുക തിരുനാൾ ആചരിച്ചു. മുൻ വികാരി ജോസഫ് തുരുത്തേൽ അച്ചന്റെ മൃതസംസ്കാര ചടങ്ങിൽ പങ്കെടുത്ത് ആദരാഞ്ജലികൾ അർപ്പിച്ചു.

**ഫാ. ജോജോ കുടക്കച്ചിറ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരെ,

കൊവിഡിന്റെ രണ്ടാം വ്യാപനത്തിനു മുന്നിൽ രാജ്യം പകച്ചു നില്ക്കുന്ന അവസ്ഥയിലാണ് നാം ഇന്നുള്ളത്. മനുഷ്യർ കഷ്ടപ്പാടിന്റെ മുൾമുനയിലേക്ക് കയറുകയാണ്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടി മുട്ടിക്കുവാൻ കഴിയാതെ നിസ്സംഗരായി നില്ക്കുന്ന വലിയൊരു സമൂഹം നമ്മുടെ മുന്നിലുണ്ട്. തൊഴിൽ രഹിതരാകുന്നവരുടെ എണ്ണം അനുദിനം കൂടിവരികയാണ്. ഉദ്പാദനക്കുറവിന്റെ പേരുപറഞ്ഞ് തൊഴിലാളികളെ ചൂഷണം ചെയ്യുന്ന തൊഴിൽദാതാക്കളും ഇന്ന് നമ്മുടെ മുന്നിലുണ്ട്. ഭാവി എന്തെന്നുപോലും പറയാനാവാതെ സ്തംബ്ധരായി നില്ക്കുന്ന വലിയൊരു യുവ സമൂഹവും ഇന്ന് നമ്മുടെ മുന്നിലുണ്ട്. ഭാവിയിൽ നമ്മുടെ ലോകം കൈപിടിച്ചു നടത്തേണ്ട ഈ യുവതലമുറയുടെ ദുരവസ്ഥ നമുക്കെങ്ങനെ കാണാതെ നില്ക്കുവാൻ കഴിയും. ഈ നില തുടരുകയാണെങ്കിൽ അവരുടെ ആത്മവിശ്വാസത്തിനും ഇളക്കം തട്ടിയേക്കാം. ലോകത്തിന്റെ അവസ്ഥ അതിഭീകരമായ വിധത്തിൽ തകർന്നുകൊണ്ടിരിക്കുകയാണ്.

ഈ അവസരത്തിൽ വിൻസെൻഷ്യൻ പ്രവർത്തകരായ നമുക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാനുണ്ട്. നമ്മുടെ സമൂഹത്തിനുവേണ്ടി ഒന്നും ചെയ്യാതെ–കൈയ്യുംകെട്ടി നിർന്നിമേഷരായി–കാഴ്ചക്കാരായി നില്ക്കേണ്ടവരാണൊ നമ്മൾ. അവനവനായിരിക്കുന്ന അവസ്ഥയിൽ നാം സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലണം. നിശബ്ദമായി കഷ്ടത യനുഭവിച്ച് വീടിനുള്ളിൽ തേങ്ങലടക്കി കഴിയുന്ന സഹോദരങ്ങളെ കണ്ടെത്തണം. നമുക്കുള്ളതിന്റെ പങ്ക് നമ്മുടെ സഹോദരങ്ങൾക്ക് പങ്കുവയ്ക്കുവാൻ നാം തയ്യാറാകണം. നമ്മുടെ പല ആർഭാടങ്ങളും ഒഴിവാക്കണം. നമ്മുടെ ബന്ധുമിത്രാദികളുടെ മുന്നിൽ സമൂഹത്തിൽ ദുരിതമനുഭവിക്കുന്നവരുടെ ചിത്രം ഓരോ വിൻസെൻഷ്യനും വരച്ചുകാട്ടണം. കിട്ടാവുന്ന സഹായങ്ങൾ പരമാവധി സംഘടിപ്പിച്ച് കഷടതയനുഭവിക്കുന്നവർക്ക് എത്തിച്ചു കൊടുക്കണം. അക്ഷരാർത്ഥ ത്തിൽ നാം ഭിക്ഷക്കാരായി മാറണം. നമ്മുടെ ദുരഭിമാനം വെടിഞ്ഞ് –യഥാർത്ഥ വിൻസെൻഷ്യൻ ചൈതന്യത്തിലേക്ക് നാം ഉയരണം.

ചെറുതായി വലിയവരാകുമ്പോഴാണ് നാം യാഥാർത്ഥ ദൈവമക്കളാകുന്നത്. നമ്മുടെ സഹോദരർ കഷ്ടതയനുഭവിക്കുമ്പോൾ നാം സുഖലോലുപതയിൽ കഴിയുന്നത് ശരിയാണോ? അവസരത്തിനൊത്ത് ഉയരുവാൻ ഓരോ വിൻസെൻഷ്യനും കഴിയട്ടെ. സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ പ്രയാണത്തിൽ ഇത്തരം സദ്പ്രവർത്തികൾ നമുക്ക് ഊന്നുവടികളായി ഭവിക്കും.

**സി.സി.യോഗം**

2021 ഏപ്രിൽ 14 -ന് നടവയൽ ഓസാനാംഭവനിൽ സി.സി.യോഗം ചേർന്നു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി. പ്രവർത്തന റിപ്പോർട്ട് സി.സി. ജനറൽസെക്രട്ടറി ബ്ര.ബാബു നമ്പുടാകം അവതരിപ്പിച്ചു. കണക്ക് സി.സി. ട്രഷറർ ബ്ര.ജോൺ നെടുംകൊമ്പിൽ, ഓസാനാംഭവൻ കണക്ക് ഓസാനാംഭവൻ സെക്രട്ടറി ബ്ര.വിൻസെന്റ്, ജോൺ വടക്കുംചേരി എന്നിവർ അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം യോഗം ഇവ അംഗീകരിച്ചു. 2021-22 സാമ്പത്തിക വർഷത്തെ സി.സി. ഓഡിറ്റർമാരായി ബ്ര.ജോസുകുട്ടി ചാത്തമല (കൊട്ടിയൂർ), ബ്ര. പൗലോസ് പാലമറ്റം (കണിയാരം) എന്നിവരെ യോഗം തെരഞ്ഞെടുത്തു.

സി.സി.വാർഷികം 2021 മെയ് 22-ന് ബത്തേരി അസംപ്ഷൻ പള്ളിയിൽ നടത്തുവാൻ തീരുമാനിച്ചു. രാവിലെ 9.30-ന് ദിവ്യബലി, 11-മണിക്ക് വാർഷിക സമ്മേളനം. സമ്മേളനം മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്യുന്നതാണ്. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നാഷണൽ കൗൺസിൽ ഭാരവാഹികളടക്കമുള്ളവർ സമ്മേളനത്തിൽ പങ്കെടുക്കും. കൊവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനാൽ കോൺഫ്രൻസ് പ്രസിഡന്റുമാർ, എ.സി, സി.സി. ഭാരവാഹികൾ മാത്രമായിരിക്കും സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

**ഓസാനാംഭവൻ**

ഓസാനാംഭവൻ വാർഷിക ജനറൽബോഡി യോഗം ഏപ്രിൽ 14-ന് ഓസാനാംഭവനിൽ ചേർന്നു. ചെയർമാൻ എ.വി.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. അഗസ്റ്റിൻ കൊടിയംകുന്നേൽ സന്ദേശം നല്കി. വാർഷിക റിപ്പോർട്ട് സെക്രട്ടറി വിൻസെന്റ് ജോൺ അവതരിപ്പിച്ചു. കണക്കുകൾ ജോ.സെക്രട്ടറി മാത്യു കന്നുകെട്ടിയിൽ അവതരിപ്പിച്ചു. റിപ്പോർട്ട്, കണക്ക് എന്നിവ ചർച്ചകൾക്കുശേഷം യോഗം

അംഗീകരിച്ചു. 2021-22 വർഷത്തേക്കുള്ള ഓസാനാംഭവൻ ബോർഡ് അംഗങ്ങളെ തെരഞ്ഞെടുത്തു. റവ.ഫാ. ജോസഫ് മേച്ചേരി (നടവയൽ), റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര (ചെന്നലോട്), ജോർജ്ജ് ആക്കാന്തിരി (ദീപ്തിഗിരി), അഗസ്റ്റിൻ കൊടിയംകുന്നേൽ (ബത്തേരി), വിൻസെന്റ് ജോൺ (നടവയൽ), എൻ.യു.ജോൺ (കണിയാരം), മാത്യു കന്നുകെട്ടിയിൽ (വാഴവറ്റ), സണ്ണി ആലഞ്ചേരി (നടവയൽ), റോസമ്മ അയ്യങ്കുഴയ്ക്കൽ(തരിയോട്), രാജു വലിയാറ (കുറുമ്പാല), സ്റ്റനിസ്ലാവോസ് തട്ടാംപറമ്പിൽ (കൊട്ടിയൂർ), ഷാജി. പി. മാത്യു (നിലമ്പൂർ), ബാബു നമ്പുടാകം (പുൽപ്പള്ളി).

എല്ലാവർക്കും പ്രാർത്ഥനാശംസകളോടെ,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

# സീയോൻ വാർത്തകൾ

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആദ്യശനി ഏകദിന കൺവെൻഷൻ 3 ന് രാവിലെ 9 മുതൽ 12.30 വരെ നടന്നു. ബ്ര. ജോസ് മാളോല ജപമാലക്ക് നേതൃത്വം നൽകി. ബഹു. ഫാ. സോണി വാഴകാട്ട് വി. കുർബാന അർപ്പിച്ചു. റവ. ഫാ. ലിൻസൺ CST വചനപ്രഘോഷണം നടത്തി. റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ ആരാധനയ്ക്ക് നേതൃത്വം നൽകി. സി. ലിസ SKD, സി. അന്ന FCC, ബ്ര. ബിജു പുളിക്കൽ എന്നിവർ ഗാനശുശ്രൂഷക്ക് നേതൃത്വം കൊടുത്തു. ശുശ്രൂഷകൾ അന്നേ ദിവസം വൈകിട്ട് 6.30 മുതൽ ഓൺലൈനിൽ പ്രക്ഷേപണം നടത്തി.

ഏപ്രിൽ 15–18 ദിവസങ്ങളിൽ വ്യാഴാഴ്ച വൈകിട്ട് മുതൽ ഞായറാഴ്ച ഉച്ചവരെ താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനം സീയോനിൽ നടന്നു. 34 പേർ പങ്കെടുത്തു. ഫാ. സോണി വാഴകാട്ട്, ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. ബാബു മൂത്തേടം, സി. നിർമ്മല SH, സി. ട്രീസ SH, സി. അന്ന FCC, ബ്ര. ബിജു പുളിക്കൽ എന്നിവർ നേതൃത്വം നൽകി.

എല്ലാ ഞായറാഴ്ചകളിലും റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. സോണി വാഴകാട്ട് എന്നിവർ ഓൺലൈൻ വചനപ്രസംഗങ്ങൾ ചെയ്തു.

മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്കായി സ്പിരിചൽ ഷെയറിംഗും ആവശ്യപ്പെടുന്നവർക്ക് കുമ്പസാരവും ക്രമീകരിച്ചു. ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ സീയോൻ ചാപ്പലിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് 11 മണിക്ക് ജപമാലയും കുമ്പസാരവും 12 മണിക്ക് വി. കുർബാനയും നടന്നു.

മെയ് മാസത്തെ താമസിച്ചുള്ള ധ്യാനം 13 വ്യാഴാഴ്ച 5 pm ന് ആരംഭിച്ച് 16 ന് ഉച്ചക്ക് സമാപിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**NB** : അടുത്ത ആദ്യശനി കൺവെൻഷൻ പ്രോട്ടോകോൾ പാലിച്ചുകൊണ്ട് മെയ് 1 ന് രാവിലെ 9.00 മുതൽ 12.30 വരെ സീയോൻ ഹാളിൽ നടത്തുന്നതാണ്. കൺവെൻഷൻ ശുശ്രൂഷകൾ വൈകിട്ട് ഓൺലൈൻ പ്രക്ഷേപണം ചെയ്യും.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

## നബാർഡ് കെ എഫ് ഡബ്ല്യു സോയിൽ പ്രൊജക്ട്

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന കെ എഫ് ഡബ്ല്യു സോയിൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി മട്ടിലയം, പൊർളോം നീർത്തട പ്രദേശങ്ങളിലെ കർഷകർക്ക് വിവിധ വികസന പദ്ധതികൾക്കായി സാമ്പത്തിക സഹായം അനുവദിച്ചു. 02 നീർത്തട പ്രദേശങ്ങളിൽ നിന്നായി 45 കർഷകർക്ക് പച്ചക്കറികൃഷിക്ക് 1000 രൂപ വീതവും 36 കർഷകർക്ക് ജൈവ പുതയിടീൽ നടത്തുന്നതിന് 1000 രൂപ വീതവും 28 കർഷകർക്ക് കിഴങ്ങ് വിളകൾ കൃഷി ചെയ്യുന്നതിന് 2500 രൂപ വീതവും 13 കർഷകർക്ക് പയർ വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 1750 രൂപ വീതവും കഴിഞ്ഞ മാസം വിതരണം ചെയ്തു.

## മൂന്നാം ഗഡു സാമ്പത്തിക സഹായം ലഭിച്ചു.

2021 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ ആറുമാസക്കാലത്തേക്ക് തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം, പൊർളോം നീർത്തട പ്രദേശത്ത് വിവിധ വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് നബാർഡിൽ നിന്നും മൂന്നാം ഗഡു സാമ്പത്തിക സഹായം അനുവദിച്ചു. മട്ടിലയം നീർത്തടത്തിന് 14,65,000 രൂപയും പൊർളോം നീർത്തടത്തിന് 13,80,000 രൂപയും ആണ് സാമ്പത്തിക സഹായം ലഭിച്ചത്. അസോള കൃഷി വ്യാപനം, ഡോളോമൈറ്റ് വിതരണം, ചെറുകിട ജലസേചനം, ഫലവൃക്ഷ തൈകളുടെ വിതരണം എന്നീ പദ്ധതി പ്രവർത്തനങ്ങൾക്കായി പ്രസ്തുത തുക വിനിയോഗിക്കും.

## നവീകരിച്ച ഓഫീസിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി

ആധുനിക രീതിയിൽ നവീകരണം പൂർത്തിയാക്കിയ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ Office കെട്ടിടത്തിന്റെ വെഞ്ചിരിപ്പ് കർമ്മം മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. ഏപ്രിൽ 8-ാം തീയതി നടന്ന വെഞ്ചിരിപ്പ് കർമ്മത്തിൽ രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ, സഹവികാരി ജനറാൾ റവ.ഫാ തോമസ് മണക്കുന്നേൽ, രൂപതാ പ്രൊക്യു

റേറ്റർ റവ. ഫാ. ജോൺ പൊൻപാറക്കൽ, ചാൻസിലർ റവ. ഫാ. സിജീഷ് പുല്ലൻകുന്നേൽ, കത്തീഡ്രൽ വികാരി റവ. ഫാ. സണ്ണി മഠത്തിൽ, ബയോവിൻ ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിനോയി കാശാം കുറ്റിയിൽ, ബോയ്സ്ടൗൺ ഡയറക്ടർ റവ. ഫാ. ബാബു ചക്കിയത്ത് എന്നിവർ സന്നിഹിതരായിരുന്നു.

**ഹ്രസ്വകാല സാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭി ച്ചിരിക്കുന്നു**

കട്ടിംഗ് & ടെയ്‌ലറിംഗ് (6 മാസം) കട്ടിംഗ് & ടെയ്‌ലറിംഗ് (3 മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ് ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**DDU-GKY**

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്ന് ചേർന്നുകൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU-GKY കോഴ്സിന്റെ ഈ അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിച്ചു. വിവിധ സെന്ററുകളിൽ 04 വിഭാഗ ങ്ങളിലായി 145 കുട്ടികളുമായി ഫിറ്റർ, ബ്യൂട്ടീഷ്യൻ, ഡൊമസ്റ്റിക് ഇലക്ട്രീ ഷ്യൻ, ഫുഡ് പ്രൊസസ്സിംഗ് ആൻഡ് പ്രസർവേഷൻ എന്നീ കോഴ്സു കൾ ആരംഭിച്ചു. തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരു ന്നവർക്ക് ഭക്ഷണം, താമസം കൂടാതെ 125 രൂപ ദിവസവും എന്ന നിര ക്കിൽ നൽകി വരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോ ക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകി പോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രികളും തികച്ചും സൗജന്യമായി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തി യാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSC യുടെ സർട്ടിഫിക്കേഷനും അത് വിജയിക്കു ന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ 3000, 2000, 1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. എല്ലാ കോഴ്സു കൾക്കും SSLC ആണ് അടിസ്ഥാന യോഗ്യത. എല്ലാ കോഴ്സുകളി ലേക്കുമുള്ള അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് 7560892324 എന്ന നമ്പറിലോ WSSS ന്റെ ഓഫീസുമായോ ബന്ധപ്പെടുക.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

തവിഞ്ഞാൽ, കല്ലോടി, മാനന്തവാടി, പോരൂർ, മുതിരേരി, പുതിയിടം, തലപ്പുഴ, പാറത്തോട്ടം, പയ്യംപള്ളി, ചെറുകാട്ടൂർ, കണിയാമ്പറ്റ, ദ്വാരക, കണിയാരം, ചെന്നലോട്, പടമല, കബനിഗിരി, മരകാവ്, പട്ടാണികൂപ്പ്, ശിശുമല, മുതലായ സ്ഥലങ്ങളിൽ യൂണിറ്റ് മീറ്റിംഗുകൾ നടത്തപ്പെട്ടു. പ്രതിമാസം ഓരോ ആനിമേറ്റേഴ്സും പുതിയ 5 ഗ്രൂപ്പുകൾ വീതം തുടങ്ങുകയും അവർക്കു വേണ്ട സഹായങ്ങൾ ചെയ്ത് പോരുകയും ചെയ്യുന്നു.

**സോപ്പ് ആൻഡ് ഡിറ്റർജന്റ് പരിശീലനം**

മാനന്തവാടി, പീച്ചംകോട്, തവിഞ്ഞാൽ, കേളകം, കൊളവയൽ മുതലായ സ്ഥലങ്ങളിൽ സോപ്പ് ആൻഡ് ഡിറ്റർജന്റ് നിർമ്മാണ പരിശീലനം നടന്നു.

**ഗ്രൂപ്പ് രൂപീകരണം**

പനമരം, ദ്വാരക, കുറ്റിമൂല, എടയൂർക്കുന്ന്, വാളാട്, കല്ലിയോട്ട് കുന്ന് എന്നിവിടങ്ങളിൽ പുതിയ SHG ഗ്രൂപ്പുകൾ രൂപീകരിച്ചു.

**ഇ ശക്തി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ SHG ഗ്രൂപ്പ് അംഗങ്ങൾ നിലവിൽ നബാർഡിന്റെ കീഴിൽ 'ഇ ശക്തി' എന്ന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 600 സംഘങ്ങളാണ് ഇങ്ങനെ ഡിജിറ്റലൈസേഷൻ ചെയ്ത് പ്രവർത്തിച്ച് വരുന്നത്. മാർച്ച് മാസത്തിൽ 600 സംഘങ്ങളുടെയും വിവരശേഖരണം പൂർത്തിയാക്കാൻ സാധിച്ചു. പുതുതായി 90 ഗ്രൂപ്പുകൾ കൂടി ഡിജിറ്റലൈസേഷൻ നടത്താനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**സമൃദ്ധകുടുംബം**

രൂപതയുടെ സമൃദ്ധകുടുംബം കുടുംബോദ്ധാരണ പദ്ധതിയുടെ ഭാഗമായി ബത്തേരി, ചുങ്കക്കുന്ന്, കൽപ്പറ്റ, തരിയോട് റീജിയണുകളിലുള്ള ഭവനങ്ങളിൽ ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. പോൾ കൂട്ടാലയും കോ-ഓർഡിനേറ്റർ സി. അനിലിറ്റ് എഫ്.സി.സി, ആനിമേറ്റേഴ്സ് ഷൈനി ജോർജ്ജ്, ഷീന ആന്റണി എന്നിവർ സന്ദർശനം നടത്തി. കുടുംബാംഗങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും പദ്ധതിയുടെ ഭാഗമായി അവർ നിർവ്വഹിക്കേണ്ട കാര്യങ്ങൾ വിശദമാക്കുകയും ചെയ്തു. ഓരോ കുടുംബങ്ങളും തീരുമാനിച്ച പ്രകാരമുള്ള വരുമാന പദ്ധതികളുടെ നടത്തിപ്പിനായുള്ള ആദ്യ ഫണ്ട് വിതരണം ചെയ്തു. ഈ പദ്ധതിയിൽ പുതിയതായി 06 കുടുംബങ്ങൾക്ക് അംഗത്വം നൽകി.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട്പോകുന്നു.

**ക്ഷേമ പദ്ധതികൾ**

സ്വതന്ത്ര നിർമ്മാണ യൂണിയനിൽ ചേർന്നവരുടെ വാർഷിക പുതുക്കൽ പൂർത്തിയായി. പുതിയ അപേക്ഷകൾ സ്വീകരിച്ചു വരുന്നു. ഏപ്രിൽ 16 ന് 11 പേരുടെ രജിസ്ട്രേഷൻ നടന്നു. വിവാഹ ആനുകൂല്യത്തിനായി ഈ മാസം 03 അംഗങ്ങൾ അപേക്ഷ നൽകി.

കേരള ചെറുകിട തോട്ടം തൊഴിലാളി, കേരള അഗ്രികൾച്ചറൽ തൊഴിലാളി, തയ്യൽ തൊഴിലാളി എന്നീ ക്ഷേമനിധികളിൽ ചേർന്നവരുടെ വാർഷിക പുതുക്കൽ നടന്നു വരുന്നു.

**ബോധവത്ക്കരണ ക്ലാസ്സ്**

പട്ടാണികൂപ്പ് ഇടവക SWS യൂണിറ്റിൽ 18-04-2021 ന് കേരള ലേബർ മൂവ്മെന്റിനെ കുറിച്ചും കേരള ഗവൺമെന്റിന്റെ വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും കെ. എൽ. എം. കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ ക്ലാസെടുത്തു. ഇടവക വികാരി ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളി, റീജിയണൽ കോഡിനേറ്റർ സുജ മാത്യു എന്നിവരുടെ നേതൃത്വത്തിൽ 50 പേരുടെ രജിസ്ട്രേഷൻ അടുത്തമാസം പട്ടാണികൂപ്പ് ഇടവകയിൽ നടത്താമെന്ന് ധാരണയായി.

**ജീവസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം 827 കുടുംബങ്ങൾക്കും ഈ വർഷം 1000 കുടുംബങ്ങൾക്കും ആരോഗ്യ പരിരക്ഷ നൽകിവരുന്നു. മാർച്ച്, ഏപ്രിൽ മാസങ്ങളിലായി 5,33,812 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി ലഭിച്ചു.

**സ്നേഹനിധി**

എല്ലാ വർഷവും വലിയ നോമ്പിന്റെ അവസരത്തിൽ ഓശാന ഞായറാഴ്ചയാണ് ഇടവകാംഗങ്ങളിൽ നിന്ന് സ്നേഹനിധിയിലേക്കുള്ള സംഭാവന ശേഖരിക്കുന്നത്. കഴിഞ്ഞ വർഷം സ്നേഹനിധിയുടെ കത്തുകൾ അച്ചടിച്ച് ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിച്ചിരുന്നുവെങ്കിലും Covid 19 ന്റെ Lock down നിലവിൽ വന്നത് കൊണ്ട് അഭിവന്ദ്യ പിതാവിന്റെ

കത്തുകൾ ഇടവകകളിൽ ആളുകൾക്ക് എത്തിച്ചു കൊടുക്കുവാൻ സാധി ച്ചില്ല. എന്നാൽ ഈ വർഷം Covid Protocol നിലവിലുണ്ടായിരുന്നിട്ടും ഓശാന ഞായറാഴ്ച്ചക്ക് മുമ്പ് തന്നെ ഫൊറോനാ കേന്ദ്രങ്ങളിൽ അഭിവന്ദ്യ പിതാവിന്റെ കത്തുകൾ എത്തിച്ച് കൊടുക്കുവാൻ സാധിച്ചു. ഇടവകയിലെ വീടുകളിൽ കത്തുകൾ എത്തിച്ചു കൊടുക്കുവാൻ വേണ്ടുന്ന ക്രമീകരണങ്ങൾ ചെയ്ത ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ഒരു ബദൽ കാർഷിക സംസ്കാരം ജൈവ കൃഷിയിലൂടെ രൂപപ്പെടുത്തുവാൻ പരിശ്രമിക്കുന്ന ബയോവിൻ അഗ്രോ റിസർച്ചിന്റെ പ്രവർത്തനങ്ങൾ പതിനെട്ടായിരത്തിലധികം കർഷകരുമായി മികവിട്ട രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.

**കൃഷിയിട സന്ദർശനം**

മികവുറ്റ രീതിയിൽ ജൈവകൃഷി ചെയ്യുന്ന തോട്ടങ്ങൾ കണ്ടെത്തുകയും അവ മോഡൽഫാമുകളാക്കി മാറ്റുന്നതിന്റെയും ഭാഗമായി ഫീൽഡ് കോർഡിനേറ്റർമാർ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അറിയുകയും, ഗ്രൂപ്പ് മീറ്റിംങ്ങുകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത, സംഭരണ രീതി, ഉത്പ്പന്നങ്ങൾ ശേഖരിക്കുന്നത് എവിടെയൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുകയും ചെയ്തു. മുൻകൂട്ടി അറിയച്ചത് പ്രകാരം ജൈവ നിലവാരം പരിശോധിക്കുന്നതിനായി കർഷകരിൽ നിന്നും കാപ്പി, കുരുമുളക് എന്നിവയുടെ സാമ്പിൾ ശേഖരിക്കുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷക ഗ്രൂപ്പുകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകളിൽ റീജണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**RA/UTS ഓഡിറ്റ്**

മാനന്തവാടി, പുൽപ്പള്ളി, തവിഞ്ഞാൽ, മുട്ടിൽ, ബത്തേരി എന്നിവിടങ്ങളിലായി RA/UTS ഓഡിറ്റ് നടന്നു. ഇൻഡോസേർട്ടിൽ നിന്നും ശ്രീ. ജിമ്മി ജേക്കബ് ഓഡിറ്റിന് നേതൃത്വം നല്കി. ശ്രീ. വിനീഷ് മാത്യു, ശ്രീമതി രമ്യ, ശ്രീ. ഷാജി ജോസ്, ശ്രീ ബിബിൻ ജോയ്, അഗ്രികൾച്ചറൽ എക്സ്റ്റഷൻ ഓഫീസർമാർ എന്നിവർ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ഓഡിറ്റർ അസ്സിസ്റ്റ് ചെയ്യുകയും ചെയ്തു.

**വാട്ട്സാപ്പ് കൂട്ടായ്മ രൂപീകരണം**

പദ്ധതിയിൽ ഉൾപ്പെടുന്ന മുഴുവൻ കർഷക ഗ്രൂപ്പുകൾക്കും വാട്ട്സാപ്പ് കൂട്ടായ്മ രൂപീകരിച്ചു. കർഷകരിലേയ്ക്ക് കൃത്യമായി വിവര

ങ്ങൾ എത്തിക്കുന്നതിനും പരാതികൾ നേരിട്ടറിയുന്നതിനുമാണ് ഈയൊരു സംവിധാനം. 1112 ഗ്രൂപ്പുകളാണ് നിലവിലുള്ളത്.

**സാമൂഹിക പ്രവർത്തനങ്ങൾ**

വോഫാ, കഫേ എന്നിവയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന പുനരുദ്ധാരണ ധന സഹായം, മികവുറ്റ രീതിയിൽ പ്രവർത്തിക്കുന്ന ജൈവ കർഷക ഗ്രൂപ്പുകൾക്കുള്ള ഗ്രാൻഡ്, മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ജൈവ കർഷകനുള്ള അവാർഡ് എന്നിവയുടെ വിതരണം പൂർത്തീകരിച്ചു. കഫേയിലൂടെ ഇതുവരെ ഭവന പുനരുദ്ധാരണ സഹായമായി 6,70,000/- രൂപയും, മികച്ച ജൈവകർഷകർക്കായി 10,50,000/- രൂപയും, ജൈവ കർഷക ഗ്രൂപ്പുകൾക്കുള്ള ഗ്രാൻഡിനായി 1,45,000/- രൂപയും ചെലവഴിച്ചു.

വോഫെയിലൂടെ ഭവന പുനരുദ്ധാരണ സഹായമായി 1,68,000/- രൂപയും, മികച്ച ജൈവകർഷകർക്കായി 14,30,000/- രൂപയും, ജൈവ കർഷക ഗ്രൂപ്പുകൾക്കുള്ള ഗ്രാൻഡായി 2,15,000/- രൂപയുമാണ് ചെലവഴിച്ചത്.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും മാർച്ചിൽ ഉണക്ക കാപ്പി കിലോയ്ക്ക് 80 രൂപ നിരക്കിൽ 610583 കിലോയും, കുരുമുളക് കിലോയ്ക്ക് 465 രൂപ നിരക്കിൽ 982 കിലോയും, 10527 കിലോ മഞ്ഞൾ 23 രൂപ നിരക്കിലും, 12115 കിലോ വാഴക്കുല 35 രൂപ നിരക്കിലും, പച്ച ഇഞ്ചി 48.33 രൂപ നിരക്കിൽ 45601 കിലോയും, 240 കിലോ ഏലം 1750 രൂപ നിരക്കിലും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന്, വർഷക്കാരിൽ നിന്നും, കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നുമായി 334425 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 69 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങളിൽ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ മാർച്ച് മാസത്തിലും വാഴപ്പഴം, തേങ്ങ, കൈതച്ചക്ക, പപ്പായ, മഞ്ഞൾ, കുരുമുളക്, കാപ്പി തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 1484 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**

ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

### റേഡിയോ മാറ്റൊലിക്ക് ദേശീയ പുരസ്കാരം

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ 8-ാമത് പുരസ്കാരം റേഡിയോ മാറ്റൊലിക്ക് ലഭിച്ചു. ഇന്ത്യയിലെ 317 റേഡിയോ സ്റ്റേഷനുകളിൽ നിന്നുമാണ് തീമാറ്റിക് വിഭാഗത്തിൽ കമ്മ്യൂണിറ്റി റേഡിയോയെ തേടി ഈ പുരസ്കാരം എത്തിയത്. കാലാവസ്ഥാ വ്യതിയാനം എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി പ്രക്ഷേപണം ചെയ്ത 'ഋതുഭേദം' എന്ന പരമ്പരയാണ് അവാർഡിന് അർഹമായത്. 50000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. പ്രോഗ്രാം പ്രൊഡ്യൂസർ ജോസഫ് പള്ളത്താണ് പരിപാടി തയ്യാറാക്കിയിരിക്കുന്നത്. നബാർഡിന്റെ സാമ്പത്തിക സഹകരണത്തോടെയാണ് പരിപാടി പ്രക്ഷേപണം ചെയ്യുന്നത്. ഇത് മൂന്നാം തവണയാണ് റേഡിയോ മാറ്റൊലിക്ക് ദേശീയ പുരസ്കാരം ലഭിക്കുന്നത്. സുസ്ഥിരത എന്ന വിഭാഗത്തിൽ 2013 ലും 2018 ലും റേഡിയോ മാറ്റൊലിക്ക് ദേശീയ അംഗീകാരം ലഭിച്ചിരുന്നു.

### ഇൻസ്പെക്ഷൻ

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സാങ്കേതിക പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുമായി ഏപ്രിൽ 1 ന് കോഴിക്കോട് ആകാശവാണി ഡെപ്യൂട്ടി ഡയറക്ടർ വി.ആർ രമേശൻ, അസിസ്റ്റന്റ് എൻജിനീയർ ബാബു മാത്യു എന്നിവർ മാറ്റൊലി സന്ദർശിച്ചു.

### സന്ദർശനം

കോഴിക്കോട് ആകാശവാണിയിൽ ഏപ്രിൽ 8 ന് റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി സന്ദർശനം നടത്തുകയും പ്രോഗ്രാം ഷെയറിംഗിനേക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

### തുടരാം ജാഗ്രത - കോവിഡ് പ്രതിരോധ പരിപാടികൾ

കോവിഡിന്റെ രണ്ടാം തരംഗം വ്യാപിക്കുന്ന സാഹചര്യത്തിൽ റേഡിയോയിലൂടെ ബോധവത്കരണ പരിപാടികളും തത്സമയ ഫോൺ ഇൻ പരിപാടികളും സംഘടിപ്പിച്ചു.

ഏപ്രിൽ 17 ന് ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ നടത്തിയ തത്സമയ ഫോൺ ഇൻ പരിപാടിയിൽ ജില്ലാ കോവിഡ് നോഡൽ ഓഫീസർ ഡോ.പി ചന്ദ്രശേഖരൻ, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. സൗമ്യ എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ഋതുഭേദം – കാലവസ്ഥ വ്യതിയാനം**

NABARD ന്റെ സാമ്പത്തിക സഹായത്തോടെ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് നടത്തുന്ന ബോധവത്കരണ പരിപാടിയായ ഋതുഭേദം പ്രക്ഷേപണം ആരംഭിച്ചു.

**കോവിഡ് ബോധവത്കരണവും വാക്സിനേഷനും – വെബിനാർ**

കേരളത്തിലെ കമ്മ്യൂണിറ്റി റേഡിയോകൾക്ക് വേണ്ടി CRA യുടെ ആഭിമുഖ്യത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം മാർച്ച് 24 ന് സംഘടിപ്പിച്ച 'കോവിഡ് ബോധവത്കരണവും വാക്സിനേഷനും' എന്ന വെബിനാറിൽ ജൂനിയർ സൂപ്രണ്ട് സിന്ധു ജസ്റ്റിൻ പങ്കെടുത്തു.

**കോവിഡ് വാക്സിനേഷൻ**

മാറ്റൊലി ടീം അംഗങ്ങൾ കോവിഡ് വാക്സിനായ കോവിഷീൽഡിന്റെ ആദ്യ ഡോസ് മാർച്ച് 30 ന് സ്വീകരിച്ചു.

**ഇന്റേൺഷിപ്പ്**

അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജിലെ ബാച്ച്ലർ ഓഫ് ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ജേർണലിസം വിദ്യാർത്ഥികളായ റജ്ന പി.പി, ജലിയ പി, കോട്ടയം ബി.സി.എം. കോളേജ് വിദ്യാർത്ഥികളായ അപർണ ബിജു, ശ്രീദേവി മനോജ് എന്നിവർ ഇന്റേൺഷിപ്പ്നായി ചേർന്നു.

**പ്രകാശം പരത്തുന്നവർ**

അധ്യാപന ജീവിതത്തിൽ നിന്നും വിരമിച്ചവരുടെ വിശേഷങ്ങളും പ്രവർത്തനങ്ങളും പങ്കുവെക്കുന്ന പരിപാടിയായ 'പ്രകാശം പരത്തുന്നവർ' എന്ന പ്രോഗ്രാം പ്രക്ഷേപണം ആരംഭിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ

# നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി

**നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 2021 മാർച്ച് – ഏപ്രിൽ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട്**

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**NDS മേഖലാ വാർഷികവും, വനിതാദിനാഘോഷവും**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 14.03.2021 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ മേഖലാ വാർഷികവും വനിതാ ദിനാഘോഷവും നടത്തി. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് മേഖലാ ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ സ്വാഗതം ആശംസിച്ചു. കയ്യൂന്നി യൂണിറ്റ് ഡയറക്ടർ ഫാ. വിൻസെന്റ് കളപ്പുരയ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു. വിമലഗിരി ഡയറക്ടർ ഫാ. സ്റ്റീഫൻ കോട്ടക്കൽ അദ്ധ്യക്ഷപ്രസംഗം നടത്തി. വനിതാദിനാചരണത്തിന്റെ പ്രസക്തിയെക്കുറിച്ചും ഇന്നത്തെ കാലഘട്ടത്തിൽ സ്ത്രീ ശാക്തീകണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമെല്ലാം അച്ചൻ അംഗങ്ങളെ ഓർമ്മിപ്പിച്ചു. തുടർന്ന് ആയുർവേദ മരുന്നുകളുടെ ഉപാസകയും, MSMI സന്യാസിനിയുമായ സി. ഇന്നസെന്റിനെ വേദിയിൽ വെച്ച് ആദരിക്കുകയും നീലഗിരി പ്രദേശത്ത് വർഷങ്ങളായി സിസ്റ്റർ ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾക്ക് നന്ദി പറയുകയും ചെയ്തു. ഗൂഡല്ലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപികയായ ശ്രീമതി ഡെയ്സി അടോണി ടീച്ചർ മുഖ്യ പ്രഭാഷണം നടത്തി. കോവിഡ് പ്രതിസന്ധിയുടെ ഈ കാലഘട്ടത്തിലും കുടുംബത്തിലും സമൂഹത്തിലും സ്ത്രീകളുടെ പങ്കിനെക്കുറിച്ചും, പ്രാധാന്യത്തെക്കുറിച്ചുമെല്ലാം ടീച്ചർ സംസാരിച്ചു. ബൈബിളിലെ പ്രധാനപ്പെട്ട സ്ത്രീ കഥാപാത്രങ്ങളുടെ ജീവിതങ്ങളി

ലേക്കും അവർ അനുഭവിച്ച പ്രശ്നങ്ങളിലേക്കും അവർക്കു ലഭിച്ച ദൈവീക അനുഗ്രഹങ്ങളിലേക്കും ടീച്ചർ സദസിനെ കൂട്ടികൊണ്ടു പോയി. സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കടന്നു വരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് NDSന്റെ മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ സംസാരിച്ചു. നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ അടുക്കള പച്ചക്കറി ത്തോട്ടം മത്സര വിജയികൾക്ക് ക്യാഷ് പ്രൈസ് സമ്മാനമായി നല്കി. ഒന്നാം സമ്മാനം (3001 രൂപ) ബോസ്പാറ യൂണിറ്റിലെ സോളി ജോസ്, രണ്ടാം സമ്മാനം (1501 രൂപ) കുന്നലാടി യൂണിറ്റിലെ ഷൈബി, മൂന്നാം സമ്മാനം (1001 രൂപ) കയ്യൂന്നി യൂണിറ്റിലെ കുര്യൻ എന്നിവർക്ക് നല്കി. കൂടാതെ പ്രോത്സാഹന സമ്മാനത്തിന് (1000 രൂപ വീതം) നിഷ ആത്രശേരി (ബോസ്പാറ), ലൂസി (കൽപ്ര), സാലി അലക്സ് (കയ്യൂന്നി), മിനി തെക്കേൽ (കുന്നലാടി) എന്നിവരും അർഹരായി. 2020-21 പ്രവർത്തനവർഷത്തെ മികച്ച യൂണിറ്റുകളായി തിരഞ്ഞെടുക്ക പ്പെട്ട ധർമ്മഗിരി, കൽപ്ര യൂണിറ്റുകൾക്ക് മെമെന്റോ നല്കി ആദരിച്ചു. മേഖലാ കോഡിനേറ്റർ സൊസൈറ്റിയുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. NDS ആറാട്ടുപറാ, ബെക്കി, ബോസ്പാറ, ധർമ്മഗിരി, കൽപ്ര, കയ്യൂന്നി, കുന്നലാടി, മൺവയൽ, വിമലഗിരി യൂണിറ്റുകളിൽ നിന്നും NDS അംഗങ്ങളുടെ നേതൃത്വത്തിൽ വ്യത്യസ്തമായ കലാപരിപാടികൾ വേദിയിൽ അരങ്ങേറുകയും ചെയ്തു. വൈകിട്ട് 5.30 ന് അവസാനിച്ച വാർഷിക ആഘോഷങ്ങൾക്ക് NDS എക്സിക്യൂട്ടീവ് അംഗം ശ്രീമതി വത്സമ്മ ഇളയച്ചാനിക്കൽ നന്ദി പറഞ്ഞു. തുടർന്ന് ദേശീയഗാനം പാടി മീറ്റിംഗ് അവസാനിപ്പിച്ചു. NDS ന്റെ 10 യൂണിറ്റുകളിൽ നിന്നുമായി പങ്കെടുത്ത 140 ഓളം അംഗങ്ങൾക്കും വിശിഷ്ടാതിഥി കൾക്കും മേഖലയുടെ നേതൃത്വത്തിൽ ഭക്ഷണം നല്കി.

**2020-2021 പ്രവർത്തനവർഷത്തെ മികച്ച യൂണിറ്റുകൾ**

അംഗങ്ങളിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്ന ക്രെഡിറ്റ് യൂണിയനിലൂടെയും, സ്വാശ്രയസംഘങ്ങളുടെ തനിമയും വ്യത്യസ്ത തയുമാർന്ന പ്രവർത്തനങ്ങളിലൂടെയും, മികച്ച നേതൃത്വത്തിലൂടെയും, കുട്ടികളുടെ സംഘടനയായ ബാലവേദിയുടെ പ്രവർത്തനങ്ങളിലൂ ടെയും, ട്രൈബൽ സംഘങ്ങളുടെ രൂപീകരണത്തിലൂടെയും, മികച്ച കർമ്മസമിതി, വിലയിരുത്തൽ മീറ്റിംഗുകളിലൂടെയും 2020-21 വർഷത്തെ ഏറ്റവും മികച്ച യൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെട്ട ധർമ്മഗിരി, കൽപ്ര യൂണിറ്റുകൾക്ക് 14.03.2021 ഞായറാഴ്ച NDS ഓഫീസിൽ വെച്ച് നടത്തപ്പെട്ട വാർഷിക സമ്മേളനത്തിന്റെ വേദിയിൽ വെച്ച് മൊമെന്റോ നല്കി ആദരിച്ചു.

**CEI പ്രോജക്ട് : പശുലോൺ തിരിച്ചടവ്**

CEI പ്രോജക്ടിലൂടെ വിതരണം ചെയ്ത 100 പശു ലോണുകളുടെ ഏഴാം ഘട്ട തിരിച്ചടവ് മുതലായി 132000.00 (ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ) സമാഹരിച്ചു.

**അലങ്കാര പൂക്കളുടെ നിർമ്മാണ പരിശീലനം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ CEI പ്രോജക്ടിന്റെ ഭാഗമായി 22.03.2021 തിങ്കൾ മുതൽ 24.03.2021 ബുധനാഴ്ച്ച വരെ വിമലഗിരി യൂണിറ്റിൽ വെച്ച് അലങ്കാര പൂക്കളുടെ നിർമ്മാണ പരിശീലനം നടത്തി. മേഖലാ ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, വിലഗിരി യൂണിറ്റ് ഡയറക്ടർ ഫാ. സ്റ്റീഫൻ കോട്ടക്കൽ, ശ്രീ. ജൂഡ് മാർട്ടിൻ, മേഖലാ കോഡിനേറ്റർ ജോഷി ടി.പി എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം കൊടുത്തു. 3 ദിവസങ്ങളിലായി നടത്തിയ അലങ്കാര പൂക്കളുടെ നിർമ്മാണ പരിശീലനങ്ങൾക്ക് NDS വിമലഗിരി യൂണിറ്റ് അംഗം സാലി തൊണ്ണംമാക്കൽ നേതൃത്വം നല്കി. 30 ഓളം സ്ത്രീകളും കുട്ടികളും പരിശീലന പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു.

**ആറാട്ടുപാറ യൂണിറ്റിൽ വനിതാ ദിനാഘോഷവും, സ്വയം തൊഴിൽ യൂണിറ്റിന്റെ ആരംഭവും**

NDS ആറാട്ടുപാറ യൂണിറ്റിന്റെ നേതൃത്വത്തിൽ വനിതാ ദിനാഘോഷവും പേപ്പർ തുണി ബാഗുകളുടെ നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനവും 26.04.2021 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ആറാട്ടുപാറ യൂണിറ്റിൽ വെച്ച് നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. ഷാജി കടൂത്താഴെ മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. ശ്രീമതി ഷൈനി ജെയിംസ് വനിതാ ദിനത്തെക്കുറിച്ചുള്ള ചിന്തകൾ പങ്കുവെച്ചുകൊണ്ട് ക്ലാസ് നയിച്ചു. മേഖലാ കോഡിനേറ്റർ ജോഷി ടി.പി ആശംസകൾ അർപ്പിച്ചു. NDS ആറാട്ടുപാറ അംഗങ്ങളുടെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു. തുടർന്ന് പേപ്പർ തുണി സഞ്ചികളുടെ നിർമ്മാണ പരിശീലനം നല്കിയ ശ്രീ. ആന്റണിയുടെ സാന്നിധ്യത്തിൽ നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനം, പേപ്പർ തുണി സഞ്ചികളുടെ നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ വിതരണം ചെയ്തുകൊണ്ട് ബഹു. ബിനോയി അച്ചൻ നിർവഹിച്ചു. യൂണിറ്റ് അംഗം ശ്രീമതി ഹേമലത തുണി സഞ്ചി തയിച്ച് ശ്രീ. ആന്റണി സാറിന് കൈമറുകയും ചെയ്തു. ശ്രീമതി ഡെയ്സി ഷാജി മീറ്റിംഗിന് നന്ദി പറഞ്ഞു.

**NDS മേഖലാ ഇവാലുവേഷൻ മീറ്റിംഗ്**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഏപ്രിൽ മാസത്തെ മേഖലാ ഇവാലുവേഷൻ മീറ്റിംഗ് 10.04.2021 ശനിയാഴ്ച്ച NDS ഓഫീസിൽവെച്ച് നടത്തപ്പെട്ടു. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി ടി.പി മേഖലയുടെ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ആറാട്ടുപാറ, ബോസ്പാറ, ധർമ്മഗിരി, കയ്യൂന്നി, കൽപ്ര, മൺവയൽ യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അതാത് യൂണിറ്റ് ഭാരവാഹികൾ അവതരിപ്പിക്കുകയും അംഗങ്ങൾ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിക്കുകയും, യൂണിറ്റുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് CEI പ്രോജക്ടിന്റെ ഭാഗമായി ശാരീരിക അവശത അനുഭവിക്കുന്ന ആളുകൾക്ക് മേഖലയുടെ നേതൃത്വത്തിൽ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന ഉപകരണങ്ങളുടെ ലിസ്റ്റ് ഏപ്രിൽ മാസം 20 നു മുമ്പായി മേഖലയ്ക്ക് നല്കണമെന്നും, കോവിഡ് വ്യാപനം അതിതീവ്രമായി അതിന്റെ രണ്ടാം ഘട്ടത്തിലേക്ക് കടക്കുമ്പോൾ സ്വാശ്രയസംഘങ്ങളിൽ കോവിഡിനെ പ്രതിരോധിക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച നടത്തണമെന്നും മേഖലാ കോഡിനേറ്റർ അംഗങ്ങൾക്ക് നിർദ്ദേശം നല്കി. കൽപ്ര യൂണിറ്റ് കോഡിനേറ്റർ ശ്രീമതി ലൂസി ആന്റണി മീറ്റിംഗിന് നന്ദി പറഞ്ഞു.

ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

# ജയിൽ മിനിസ്ട്രി

കോവിഡ് 19 മഹാമാരിയുടെ പ്രതിസന്ധികൾക്കിടയിലും യേശുസാഹോദര്യ കൂട്ടായ്മയിലെ അംഗങ്ങൾ തടവറയിൽ കഴിയുന്ന സഹോദരങ്ങളുടെ അടുത്തേക്ക് ദൈവസ്നേഹത്തിന്റെ സന്ദേശവുമായി കടന്നു ചെല്ലുന്നു. തടവറ സന്ദർശനം, കൗൺസിലിംഗ്, ക്ലാസ്സുകൾ, തടവറക്കാരുടെ വീടു സന്ദർശനം എന്നിവയിലൂടെ ജീസ്സസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനം മുന്നോട്ടു പോകുന്നു. ഈസ്റ്ററിനോടനുബന്ധിച്ച് മാർച്ച് 27 ന് വൈത്തിരി സബ്ബ് ജയിലിൽ നെടുമ്പാല ഇടവകയിലെ മിഷൻലീഗ് അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. സി. ലില്ലി എസ്. എച്ച് നേതൃത്വം നല്കി. അന്നേ ദിവസം സി. ആൻസി എസ്. എച്ച് ക്ലാസ്സെടുത്തു. മാനന്തവാടി ജില്ലാ ജയിലിൽ മാർച്ച് 31 ന് തടവറയിലുള്ളവരെ കുമ്പസാരിപ്പിക്കുകയും വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. തുടർന്ന് സീതാമൗണ്ട് ഇടവകയിലെ മിഷൻ ലീഗ് അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഫാ.ജോൺ പുളിന്താനത്ത്, സി. ജെസ്ന എഫ്.സി.സി, സി. പ്രീതി റോസ് എഫ്. സി. സി എന്നിവർ നേതൃത്വം നല്കി. കോവിഡ് 19 മഹാമാരി വീണ്ടും വർദ്ധിക്കുന്ന സാഹചര്യത്തിൽ ബത്തേരി നിർമ്മൽ ജ്യോതിയുടെയും നെടുമ്പാല മാതൃവേദിയുടെയും സഹകരണത്തോടെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ വൈത്തിരി സബ്ബ് ജയിലിൽ മാസ്ക്ക് കൊടുത്തു. സി. ലില്ലി എസ്. എച്ച്, സി. ആൻസി എസ്. എച്ച് എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

കാലഘട്ടം ആവശ്യപ്പെടുന്ന മാറ്റങ്ങളിലേയ്ക്ക് സമുദായവും അതിന്റെ ചിന്താധാരകളും പ്രവർത്തന ശൈലിയും മാറണം. പൂർവ്വീകർ ക്രമപ്പെടുത്തി കടന്നുപോയ ചിട്ടയായൊരു ശൈലിയുടെ ചുവടു പിടിച്ച് ആ അടിസ്ഥാനത്തിലും വിശ്വാസത്തിലും ധൈര്യത്തിനും മുകളിൽ മാറുന്ന സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന കാലാനുസൃത മാറ്റങ്ങൾക്കൊപ്പം സാമുദായിക പുരോഗതിയും ശാക്തീകരണവും മുഖമുദ്രയാക്കി മുന്നേറുക എന്നതിലാണ് കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസ്സക്തി.

**യൂണിറ്റ്, മേഖലാ സമിതികളുടെ തിരഞ്ഞെടുപ്പ് പൂർത്തീകരണവും രൂപതാ സമിതി തിരഞ്ഞെടുപ്പും**

പുതിയതായി രൂപീകരിച്ച യൂണിറ്റുകൾ, നിലവിലെ യൂണിറ്റുകൾ എന്നിവയിലെ തിരഞ്ഞെടുപ്പുകൾ പൂർത്തിയാക്കി മേഖലാ സമിതികൾ ചേരുകയും പുതിയ മേഖലാ സമിതികൾ നിലവിൽ വരികയും ചെയ്തു.

സാമുദായിക ബോധ്യം ശാക്തീകരിക്കണമെന്നുള്ള ഉറച്ച തീരുമാനങ്ങളും ശക്തമായ നേതൃത്വങ്ങളും ഓരോ യൂണിറ്റ്, മേഖലാ സമിതികളേ ഉണർവ്വുള്ളതാക്കുന്നു.

അടിസ്ഥാന സമിതികളുടെ തിരഞ്ഞെടുപ്പു പൂർത്തീകരണത്തിനു ശേഷം 2021 മാർച്ച് 31 നു ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്ന രൂപതാ പ്രതിനിധി സമ്മേളനത്തിൽ യൂണിറ്റ്, മേഖലാ, രൂപതാതല ഭാരവാഹികൾ ഒത്തു ചേരുകയും പ്രസ്തുത യോഗത്തിൽ വച്ച് 2021–2024 വർഷത്തേയ്ക്കുള്ള രൂപതാ പ്രവർത്തകസമിതി തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അച്ചന്റെ അനുഗ്രഹ പ്രഭാഷണത്തിനുശേഷം രൂപതാ ഡയറക്ടർ ബഹു. ആന്റോ മമ്പള്ളി അച്ചൻ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ നിയന്ത്രിക്കുകയും തികച്ചും സൗഹൃദപൂർണ്ണവും ജനാധിപത്യപരവുമായി തിരഞ്ഞെടുപ്പ് പൂർത്തിയാക്കുകയും ചെയ്തു.

**2021–2024 വർഷം രൂപതയുടെ സാമുദായിക മുഖമായി കർമ്മനിരതരാകാൻ ഭാരമേൽപ്പിക്കപ്പെട്ട 30 അംഗ പ്രവർത്തക സമിതിയും അതിലെ 21 അംഗ എക്സിക്യൂട്ടീവും.**

**കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | – | ഡോ.കെ.പി. സാജു കൊല്ലപ്പിള്ളിൽ |
| ജനറൽ സെക്രട്ടറി | – | അഡ്വ. ജിജിൻ ജോസഫ് |
| ട്രഷറർ | – | ജോർജുകുട്ടി വിലങ്ങപ്പാറ |

**ഗ്ലോബൽ പ്രവർത്തക സമിതി അംഗങ്ങൾ**

1. വർക്കി നിരപ്പേൽ
2. അഡ്വ. ഗ്ലാഡീസ് ചെറിയാൻ

**വൈസ് പ്രസിഡന്റുമാർ**

1. സജിൻ ചാലിൽ
2. സാജു പുലിക്കോട്ടിൽ
3. അഡ്വ. ഷെറോണ സാറ റോയി
4. ബീന കരിമാൻകുന്നേൽ

**സെക്രട്ടറിമാർ**

1. ജിൻസ് മേക്കൽ
2. ബേബി ഇളയിടം
3. ലൗലി ഇല്ലിക്കൽ
4. ജെയ്നി കൊച്ചുവെമ്പള്ളിൽ
5. അനീഷ് ഓമക്കര
6. ബിബിൻ ചെമ്പക്കര
7. റെനിൽ കഴുതാടിയിൽ
8. ബിനു മാങ്കൂട്ടത്തിൽ

**എക്സിക്യൂട്ടീവ് അംഗങ്ങൾ**

1. ജോസ് കുറുമ്പാലക്കാട്ട്
2. ജെയിംസ് മറ്റത്തിൽ
3. ബിനു ഏറനാട്ട്
4. അഡ്വ. സിന്ധു സെബാസ്റ്റ്യൻ

**പ്രവർത്തക സമിതി അംഗങ്ങൾ**

1. സൈമൺ ആനപ്പാറ
2. തോമസ് ആര്യമണ്ണിൽ
3. തോമസ് പട്ടമന
4. സണ്ണി ചെറുകാട്ട്
5. ജോയി പുളിക്കൻ
6. ഷാജു വെള്ളാനയിൽ
7. ഫ്രാൻക്ലിൻ തോട്ടുങ്കര

8. ജോയി ചെട്ടിമാട്ടേൽ
9. അഡ്വ. ഷാജി തോപ്പിൽ

രൂപതാ പ്രതിനിധി സമ്മേളനത്തിലും തിരഞ്ഞെടുപ്പിലും സംബന്ധിച്ച എല്ലാ യൂണിറ്റ് മേഖലാ ഭാരവാഹികളെയും അഭിനന്ദിക്കുകയും പ്രത്യേക സാന്നിദ്ധ്യമായി പ്രോത്സാഹനങ്ങൾ നൽകിയ ബഹു. ബാബു മാപ്ലശ്ശേരിയച്ചൻ, ജോബി മുക്കാട്ടുകാവുങ്കലച്ചൻ, ജിമ്മി മൂലയിലച്ചൻ എന്നിവരെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

**പ്രഥമപ്രവർത്തക സമിതി യോഗവും സത്യപ്രതിജ്ഞയും**

2021 ഏപ്രിൽ 15 – ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതയുടെ 2021–24 പ്രവർത്തന കാലഘട്ടത്തിലേയ്ക്കുള്ള പ്രവർത്തക സമിതിയുടെ പ്രഥമ യോഗം ചേർന്നു.

മാനന്തവാടി രൂപതയുടെ ഇടയൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ ബഹു. രൂപതാ ഡയറക്ടർ ആന്റോ മമ്പള്ളി അച്ചൻ അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുക്കുകയും അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന് ബഹു. ഡയറക്ടറച്ചൻ ആമുഖ പ്രഭാഷണത്തിലൂടെ കത്തോലിക്കാ കോൺഗ്രസ്സിന്റെ സംക്ഷിപ്ത ചരിത്രവും ഘടനയും അംഗങ്ങൾക്ക് വിശദീകരിച്ചു.

കത്തോലിക്കാ സഭ വി. യൗസേപ്പിന്റെ പ്രത്യേക വർഷമായി ആചരിക്കുന്ന സാഹചര്യത്തിൽ രൂപതാ സമിതിയിലെ ജോസഫ് നാമധാരികളെ ആദരിക്കുകയും പ്രത്യേകമായി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനെ പ്രവർത്തക സമിതി ആദരിക്കുകയും പ്രാർത്ഥാനാശംസകൾ അറിയിക്കുകയും ചെയ്തു.

തുടർന്ന് അഭിവന്ദ്യ പിതാവ് പ്രവർത്തക സമിതിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും സാമുദായിക ശാക്തീകരണത്തിലും നേതൃത്വത്തിലും കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസക്തിയെയും ഉത്തരവാദിത്വത്തെയും കുറിച്ച് അംഗങ്ങളുമായി സംവദിക്കുകയും ചെയ്തു.

സമകാലിക വിഷയങ്ങളിലൂന്നി സംഘടന ഏറ്റെടുക്കേണ്ട വിഷയങ്ങളെക്കുറിച്ച് രൂപതാ പ്രസിഡന്റ് ഡോ. സാജു കൊല്ലപ്പിള്ളിൽ, ആഗോള പ്രവർത്തക സമിതി അംഗം ശ്രീ. വർക്കി നിരപ്പേൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. സാന്നിധ്യം കൊണ്ട് അനുഗ്രഹിച്ച ബഹു. ജസ്റ്റിൻ മുത്താനിക്കാട്ട് അച്ചന് പ്രത്യേകം നന്ദി അറിയിക്കുന്നു.

**പ്രതികരണം പ്രതിഷേധം**

സാമുദായികമായി ക്രൈസ്തവസമൂഹം അനുഭവിക്കുന്ന വിവിധ തലങ്ങളിലും തരങ്ങളിലുമായുള്ള വിവേചനം, അവഗണന, തുടങ്ങിയ വിഷയങ്ങളിൽ ആഴമായ ആശയ സംവാദവും പ്രസ്തുത വിഷയങ്ങളിൽ അംഗങ്ങളുടെ ആശങ്കയും പ്രതിഷേധവും രേഖപ്പെടുത്താനും ഏറെ സമകാലികമായി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വർദ്ധിച്ച് വരുന്ന സന്യാസിനികൾക്കെതിരായ ആക്രമണത്തിലുള്ള ആശങ്കയും ഞായറാഴ്ചകളിൽ പരീക്ഷകളും പൊതുപരിപാടികളും സംഘടിപ്പിച്ച് ക്രൈസ്തവരുടെ പുണ്യദിനങ്ങളിലേയ്ക്കുള്ള കടന്നു കയറ്റം പ്രതിരോധിക്കാനുള്ള തീരുമാനവും പ്രസ്തുത യോഗത്തിൽ ഉയർന്നു വന്നു.

**അനുസ്മരണം**

കത്തോലിക്കാ കോൺഗ്രസ്സ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിലിന്റെ വേർപാട് സംഘടനയ്ക്കും സമുദായത്തിനും തീരാ നഷ്ടമാണ്. ധിഷണാശാലിയായ ഒരു സമുദായാംഗം എന്ന നിലയിലും പ്രതിഭാശാലിയായ നേതാവെന്ന നിലയിലും അദ്ദേഹത്തിന്റെ സേവനങ്ങളെ കൃതജ്ഞതയോടെ ഓർക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്യുന്നു.

**നന്ദിയോടെ**

പുതിയ പ്രവർത്തന പന്ഥാവിലേയ്ക്ക് കയറുമ്പോൾ കഴിഞ്ഞ പ്രവർത്തനവർഷങ്ങളിൽ സംഘടനയെ സുധീരം നയിച്ച രൂപതാ നേതൃത്വത്തെയും പ്രവർത്തക സമിതിയേയും അഭിനന്ദിക്കാനും ഏറ്റവും ഹൃദ്യമായ നന്ദി അർപ്പിക്കാനും ഈ അവസരം ഉപയോഗിക്കുന്നു. ജനറൽ സെക്രട്ടറിയായി സ്തുത്യർഹമായ സേവനത്തിനുശേഷം ആഗോള പ്രവർത്തക സമിതിയിലേയ്ക്ക് ഉയർത്തപ്പെട്ട ശ്രീ. വർക്കി നിരപ്പേൽ സാറിനു പ്രത്യേകമായി നന്ദിയും പുതിയ പ്രവർത്തന മേഖലയിൽ എല്ലാവിധ ആശംസകളും നേരുന്നു.

**ഫാ. ആന്റോ മമ്പള്ളി**
ഡയറക്ടർ

**March - April 2021**

1. Mr. Regi Francis:Presented a paper on the topic SOCIO CULTURAL IMPACTS AND SUSTAINABLE DEVELOPMENT OF KERALA THROUGH RESPONSIBLE TOURISM in an International Conference on Coexisting with Covid -19, Organised by St Thomas College Thrissur, Kerala, on 26/03/2021.
2. Ms. Rajitha Xavior: ( i) Presented a paper on the topic Influence of Retailing Strategy 'Window Display' in Impulse Buying Behavior of Tourists -An Analysis on the Basis of Age, in the Virtual International Conference on Contemporary Trends and Challenges in Global Business held on $24^{th}$ and $25^{th}$ March 2021, conducted by University of Calicut.

(ii) Presented a paper on the topic "INFLUENCE OF WINDOW DISPLAY IN IMPULSE BUYING BEHAVIOR OF TOURIST -AN ANALYSIS ON THE BASIS OF GENDER AND INCOME" in the two day International Conference on coexisting with COVID-19: Impact and Challenge on March 26, 2021 at St Thomas (Autonomous), Thrissur, Kerala, India.

3. Dr.Ramya Krishnan M: (i) Presented a paper on the topic "Usage of Digital Wallets among Households in Wayanad" in the Virtual International Conference on Contemporary Trends and Challenges in Global Business organized by DCMS, University of Calicut on $24^{th}$ and $25^{th}$ March 2021.

(ii) Attended one week workshop on Recent Trends in Research Article Writing (Online Mode) from 22 - 27 March 2021 organised by REST Society for Research International (RSRI).

(iii) Attended one week workshop on Recent Trends in Statistical Analysis for Research (Online Mode) from 29 March- 03 April 2021 organised by REST Society for Research International (RSRI).

4. Send-off Programme on 25th March 2021

   On 25th March, 2021, a send-off programme was held in the college auditorium for our retiring staff: Dr Mercy Ignatius, Head, Dept of Zooloy, Ms Philomena P J, Senior clerk, and Mr James K C, Lab Assistant.

   Dr. Maria Martin Joseph, the principal of our college welcomed the gathering. The programme was presided over by Rev Fr George Myladoor, Manager of our college. Rt Rev Bishop Mar Jose Porunnedom, patron of the college was the chief guest. The departing staff were presented with a Ponnada and a citation by the Bishop. Dr K T Varkey, Founder Principal, Mrs. Smitha K P, Councillor, Mananthavady Municipality, Mr Sudhaakaran P K, Vice President PTA, Fr Jose Kalappura, Vicar of St Martin's Church, Ondayangadi, Mr Asharaf Valiyapeedikayil, Alumni Association delegate, Dr Joseph K J, President, Teaching Association, Mr Bennison Challenger, Secretary Administrative Staff Association, and Ms. Anusree, Student Union representative, all spoke at the event. After the prize distribution ceremony, Dr Mercy Igantius, Mr James KC gave their farewell speech followed by Mr Jeswin Joseph who gave a reply speech. Ms Krishnapriya proposed the vote of thanks.

5. Merit awards distribution ceremony on 25th March 2021 Toppers of the outgoing batch were also felicitated, awarded cash prizes and certificates.

1. Mr Jeswin Joseph, (Department of Computer Science) selected as the Best Out going student (2020-21), and awarded Dr K T Varkey Endowmwent Award for his overall performance in curricular and co-curricular activities during his course of study in the college.
2. Ms Ann Mariya awarded Rev. Msgr Joseph Kaniyamattom Memorial award for the top scorer in BA English (instituted by the College Management).
3. Ms K A Anusree awarded Rev. Msgr Thomas Moolakkunnel Scholarship for the top scorer in BSc Mathematics (instituted by the College Management).

4. Ms. Rifna M P awarded Rev. Fr George Kazhikkachalil Scholarship for the top scorer in BSc Zoology (instituted by the College Management).
5. Mr. Jagdish Kumar P N awarded Mar George Njaralakkattu Scholarship for the top scorer in BSc Computer Science (instituted by the College Management).
6. Ms Vyshnavi Suresh awarded Mar Jacob Thoomkuzhy Scholarship for the top scorer in B.Com (instituted by the College Management).
7. Ms Athulya P Reji awarded a Cash Prize for the top scorer in BSc Physics (instituted by the College Management).
8. Ms Nayana Babu awarded a Cash Prize for the top scorer in BSc Chemistry (instituted by the College Management).
9. Ms Jinisha T awarded a Cash Award for the top scorer in MSc Mathematics (2018-20) (Instituted by the College Management)
10. Ms Gayathri C M awarded a Cash Award for the top scorer in MSc Computer Science (2018-20) (instituted by the College Management).

**Dr Maria Martin Joseph**
Principal

അടുത്ത മൂന്ന് വർഷത്തേക്കുള്ള അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് മാർച്ച് 27-ന് നടന്ന പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ചു. വിജയിച്ചവരെ ഉൾപ്പെടുത്തി കമ്പ്യൂട്ടർ അഭിരുചി പരീക്ഷയും ഇന്റർവ്യൂവും നടത്തി പുതിയ റാങ്ക്ലിസ്റ്റ് രൂപീകരിക്കുന്നതാണ്.

**ഹെഡ്മാസ്റ്റർമാരുടെ സമ്മേളനം**

കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ പ്രധാനാധ്യാപകരുടെ കോൺഫറൻസ് 16.04.2021 വെള്ളിയാഴ്ച, 10.30 ന് കോർപ്പറേറ്റ് ഓഫീസിൽ വെച്ച് നടന്നു. യോഗത്തിൽ എല്ലാ പ്രധാനാധ്യാപകരും പങ്കെടുത്തു. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള 2016 മുതൽ 2019 വരെയുള്ള അദ്ധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ സമർപ്പിച്ചപ്പോൾ ഉണ്ടായ പ്രതിസന്ധികളും അതിനെ മറികടക്കാൻ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായ നീക്കങ്ങളും കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇളംകുന്നപ്പുഴ വിശദീകരിച്ചു. പ്രധാനാധ്യാപകരുടെ ഭാഗത്തുനിന്നുള്ള ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകി. വിദ്യാലയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. വരവ് ചിലവ് കണക്കുകളുടെ പുതിയ ഓഡിറ്റ് രീതി പ്രധാനാധ്യാപകർക്ക് പരിചയപ്പെടുത്തി.

**പ്രധാനാധ്യാപക നിയമന കൂടിക്കാഴ്ച**

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷ പദവി ലഭിച്ച വിദ്യാലയങ്ങളിലെ 2021-2022 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാധ്യാപക പ്രമോഷന് നിശ്ചിത ഫോറത്തിലും, കോർപ്പറേറ്റ് വെബ് പോർട്ടലിലും അപേക്ഷ നൽകിയവർക്ക് പ്രധാനാധ്യാപക നിയമന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അഭിമുഖം 2021 ഏപ്രിൽ 26 ന് തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ദ്വാരക കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടന്നു. തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മെയ് ആദ്യം പ്രസിദ്ധീകരിക്കും.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ